**ധനകാര്യം**

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണമെന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം)......

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക<br>റവന്യൂ<br>(രൂപ) | മൂലധനം<br>(രൂപ) | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക<br>റവന്യൂ<br>(രൂപ) | മൂലധനം<br>(രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XIV | സ്റ്റേഷന | 120,42,2 | 1,90,00, | 240,84,45 | 3,80,00,0 | 244,64,4 |

| | | | | | | |
|---|---|---|---|---|---|---|
| | റിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 3,000 | 000 | ,000 | 00 | 5,000 |
| XXIX | കൃഷി | 836,54,23,000 | 75,96,51,000 | 1673,08,46,000 | 151,93,03,000 | 1825,01,49,000 |
| XXXI | മൃഗസംരക്ഷണം | 181,41,73,000 | 12,40,00,000 | 362,83,45,000 | 24,80,00,000 | 387,63,45,000 |
| XV | പൊതുമരാമത്ത് | 768,27,01,000 | 823,04,81,000 | 1536,54,03,000 | 1646,09,61,000 | 3182,63,64,000 |

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. ......(ബഹളം).......

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അവകാശലംഘന നോട്ടീസ് സഭയിൽ അവതരിപ്പിക്കുന്നതുസംബന്ധിച്ച് ചെയർ ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം ചോദിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ലഭിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. മന്ത്രിയുടെ മറുപടി ലഭിച്ചതിനുശേഷം ചെയർ ഇതുസംബന്ധിച്ച്

തീരുമാനമെടുക്കും. ചെയർ അത് തള്ളിയില്ലല്ലോ. ചെയർ പറഞ്ഞത് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുമുമ്പ് മന്ത്രിയോട് ചോദിക്കേണ്ടതുണ്ട് എന്നാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ എഴുതിത്തന്ന പേപ്പർ മന്ത്രി കണ്ടിട്ടില്ല. മന്ത്രിയുടെ മറുപടി ലഭിച്ചതിനുശേഷം ചെയർ ഇതുസംബന്ധിച്ച് തീരുമാനമെടുക്കും. ......... ഞാൻ വ്യക്തമായി പറഞ്ഞതല്ലേ, നിങ്ങൾ കേൾക്കാത്തതിന് എന്താണ് ചെയ്യുക..........(ബഹളം) തള്ളുന്നു എന്ന് പറഞ്ഞിട്ടില്ല. ............ മന്ത്രിയുടെ മറുപടി ലഭിച്ചതിനുശേഷം തീരുമാനമെടുക്കും എന്നാണ് പറഞ്ഞത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണമെന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

**അറിയിപ്പ്**

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതിനുമുമ്പ് ഇന്നലെ കൂടിയ കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്ത ഒരു കാര്യം ചെയർ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നിയമസഭ ചേരുന്നതിനുള്ള സമയം രാവിലെ 8.30 മുതൽ 1.30 വരെയാണ്. 1.30 എന്നത് മൂന്ന് മണിവരെ ആകാവുന്നതാണ്. ഒന്നോ രണ്ടോ മണിക്കൂറിൽ കൂടുതൽ വൈകുന്നത് ശരിയല്ല. അതുകൊണ്ട് സമയം സ്വയം നിയന്ത്രിക്കണമെന്ന് ഒരിക്കൽകൂടി ചെയർ പറയുന്നു. എല്ലാവരുടെയും

സഹകരണമുണ്ടായാൽ ചെയർ സ്ട്രിക്ടായ നടപടി സ്വീകരിക്കാം. 1.30-ന് പിരിയേണ്ട സഭ പരമാവധി 3.30 വരെയാകാം. എല്ലാവരും രാവിലെ വരുന്നതാണ്. അംഗങ്ങൾക്ക് ബുദ്ധിമുട്ട് തോന്നരുത്, സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയുന്ന മന്ത്രിയും രണ്ട് മിനിട്ടിനുള്ളിൽ അവസാനിപ്പിക്കണം. പ്രസംഗിക്കുന്നവർ അവർക്ക് അനുവദിച്ചിട്ടുള്ള സമയത്തുതന്നെ അവസാനിപ്പിക്കണം. അനുവദിച്ച സമയത്തെക്കാൾ രണ്ട് മിനിട്ടിൽ കൂടുതൽ എടുക്കരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, മുൻകാലങ്ങളിൽനിന്ന് ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം സബ്മിഷനുകൾ ശ്രദ്ധക്ഷണിക്കൽ പ്രമേയം പോലെയാണ് അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ചെയർ സബ്മിഷന്റെ എണ്ണം കുറച്ചത് അതുകൊണ്ടുതന്നെയാണ്. ചോദ്യോത്തര സമയത്ത് കൂടുതൽ ചോദ്യങ്ങൾ എടുക്കുവാനും കഴിയുന്നില്ല. മന്ത്രിമാർ പറയുന്ന മറുപടിയും വലുതാണ്, അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യവും സബ്മിഷൻ പോലെ നീണ്ടുപോകുന്നു. അതുകൊണ്ട് സമയം ചുരുക്കണമെന്നുണ്ടെങ്കിൽ ചോദ്യങ്ങൾ ചോദിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ ഒന്നോ രണ്ടോ വാചകത്തിൽ ചോദ്യം ചോദിക്കുകയും മന്ത്രിമാരും അതുപോലെ മറുപടി പറയുകയും ചെയ്യണം.

അപ്പോൾ കൂടുതൽ ചോദ്യങ്ങൾ സഭയിൽ എടുക്കാൻ സാധിക്കുകയും കൂടുതൽ അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ അവസരം ലഭിക്കുകയും ചെയ്യും. **ചർച്ച**

ശ്രീ. സി. കെ. സദാശിവൻ: സർ, ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച എന്നുപറയുന്ന സാങ്കൽപ്പിക ബഡ്ജറ്റിന്റെ ധനാഭ്യർത്ഥനകളെക്കുറിച്ച് ചില നിരീക്ഷണങ്ങൾ പങ്കുവയ്ക്കാനാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ രാജ്യത്ത് 80 കോടിയോളം വരുന്ന ജനങ്ങൾ ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. ഇന്ത്യൻ കാർഷിക മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണ സാമ്പത്തിക നയം കൃഷിയിടങ്ങളെ കണ്ണീർപ്പാടങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ രാക്ഷസത്തിരമാലകളിൽപ്പെട്ട് മുങ്ങിത്താഴുന്ന നമ്മുടെ കൃഷിക്കാരുടെ ദീനരോദനം കേൾക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിയുന്നില്ല. കൃഷിക്കാരോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത സമീപനമാണ് ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. സബ്സിഡികൾ വെട്ടിക്കുറച്ചും രാസവളങ്ങൾക്ക് വിലകൂട്ടാൻ കുത്തകക്കമ്പനികൾക്ക് അവസരം ഒരുക്കിക്കൊടുത്തും കൃഷിക്കാരനെ കൊള്ളയടിക്കാനുള്ള അവസരം നൽകുമ്പോൾത്തന്നെ പ്രകൃതിക്ഷോഭം, വരൾച്ച, വിലയിടിവ് തുടങ്ങിയ കാര്യങ്ങൾകൊണ്ട് നമ്മുടെ കൃഷിക്കാർ നട്ടം തിരിയുകയാണ്.

അതുകൊണ്ടുതന്നെ കൃഷിഭൂമി വിട്ടുപോകാൻ കൃഷിക്കാർ തയ്യാറാകുന്നു. നമ്മുടെ രാജ്യത്ത് 40 ശതമാനം കൃഷിക്കാരാണ് കൃഷി ഭൂമി ഉപേക്ഷിച്ച് മറ്റ് തൊഴിൽതേടി പോയത്. കടംകൊണ്ട് പൊറുതിമുട്ടിയ മൂന്ന് ലക്ഷത്തി പതിനായിരത്തോളം വരുന്ന കൃഷിക്കാരാണ് ആത്മഹത്യ ചെയ്തതെന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് ക്രൈം റിക്കോർഡ്സ് ബ്യൂറോ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയോട് പടവെട്ടി ജനങ്ങളെ തീറ്റിപ്പോറ്റുകയും വിദേശ സമ്പത്ത് നേടിത്തരുകയും ചെയ്യുന്ന കൃഷിക്കാരോട് നീതി പുലർത്താൻ കണ്ണിൽ ചോരയില്ലാത്ത ഭരണാധികാരികൾക്ക് കഴിയുന്നില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആ നിലയിലുള്ള സമീപനമാണ് കൃഷിക്കാരോട് സ്വീകരിക്കുന്നത്. കേരളത്തിൽ 44 കർഷകരാണ് യു.ഡി.എഫ്. ഭരണത്തിൽ ആത്മഹത്യ ചെയ്തത്. 12 ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാർ ആത്മഹത്യയുടെ വക്കിലാണ്. കണ്ണൂരിൽ നിന്ന് കോട്ടയത്തെത്തി ഒരു കൃഷിക്കാരൻ ആത്മഹത്യ ചെയ്തത് അടുത്തകാലത്താണ്. 250 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് 100 രൂപയിൽ താഴെയെത്തി. റബ്ബറിന് ഗവൺമെന്റ് 150 രൂപ സംഭരണ വില പ്രഖ്യാപിച്ചെങ്കിലും അത് നടപ്പാക്കാനുള്ള യാതൊരു താൽപ്പര്യവും കാണിച്ചില്ല. സംസ്ഥാന ഗവൺമെന്റ് കാട്ടിയ ഈ അനാസ്ഥയാണ് വാസ്തവത്തിൽ ആ കൃഷിക്കാരനെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ചത്. കേരളത്തിലെ നെൽപ്പാടങ്ങൾ

ഇന്ന് അന്യം നിന്നുപോവുകയാണ്. നാടിനെ ദുരന്തഭൂമിയാക്കി മാറ്റുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നെല്ലുൽപ്പാദനം നടക്കുന്നില്ലെന്ന് മാത്രമല്ല, വലിയ പാരിസ്ഥിതിക പ്രത്യാഘാതമായിരിക്കും ഇതിലൂടെ സംഭവിക്കാൻ പോകുന്നത്. 1975-ൽ 9 ലക്ഷം ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് 1,97,000 ഹെക്ടറായി ചുരുങ്ങിയെന്നാണ് എക്കണോമിക് റിവ്യൂവിൽ പറയുന്നത്. 12 ശതമാനം ഭക്ഷ്യധാന്യം മാത്രമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. 2008-ൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നഗ്നമായി അട്ടിമറിക്കുകയാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന് 7 വർഷം കഴിഞ്ഞിരിക്കുന്നു. 978 ഗ്രാമപഞ്ചായത്തുകളിൽ 238 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചത്. പ്രാദേശിക സമിതികൾക്ക് നേതൃത്വം കൊടുക്കേണ്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥനും വില്ലേജ് ആഫീസറും പഞ്ചായത്ത് സെക്രട്ടറിയുമെല്ലാം നെൽപ്പാടങ്ങൾ നികത്തുന്ന മാഫിയ സംഘങ്ങൾക്ക് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ഇത് നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. അനധികൃതമായി നിലം നികത്തുന്നത് ചൂണ്ടിക്കാട്ടി പരാതിപ്പെട്ടാൽ റവന്യൂ ഉദ്യോഗസ്ഥൻ സ്റ്റോപ്പ് മെമ്മോ

കൊട്ടക്കമെങ്കിലും ഒരു തുടർ നടപടിയും സ്വീകരിക്കാറില്ല. കുറച്ചുകാലം കഴിയുമ്പോൾ ആ നെൽപ്പാടം കരഭൂമിയായി മാറുന്നു, പിന്നെ അവിടെ കെട്ടിടം ഉയരുന്നു. പാലക്കാട് നിന്ന് ചില വിവരങ്ങൾ സർവ്വെ റിപ്പോർട്ടെന്ന രൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. 15 വർഷം കഴിഞ്ഞാൽ ഒരു സെന്റ് നെൽപ്പാടം പോലുംപാലക്കാട് ബാക്കിയുണ്ടാവില്ലെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭയാനകമായ അവസ്ഥയാണ് വരാൻ പോകുന്നത്. അതുകൊണ്ട് നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി പാസ്സാക്കിയ നിയമം നടപ്പാക്കുന്നതിനുള്ള ആത്മാർത്ഥത ഗവൺമെന്റ് കാണിക്കേണ്ടതുണ്ട്. നാളികേര കൃഷിയുടെ അവസ്ഥയും വ്യത്യസ്തമല്ല. കേരം തിങ്ങും കേരള നാട്ടിന്റെ പെരുമ തമിഴ്നാട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 17.84 ശതമാനം നാളികേര ഉൽപ്പാദനമാണ് കേരളത്തിൽ കുറഞ്ഞത്. ഉൽപ്പാദന ക്ഷമതയിലും കേരളം വളരെ പിന്നോട്ട് പോയിരിക്കുന്നു. ഒരു ഹെക്ടർ സ്ഥലത്ത് 6000 നാളികേരമാണ് കേരളം ഉൽപ്പാദിപ്പിക്കുന്നതെങ്കിൽ 11000 നാളികേരമാണ് തമിഴ്നാട് ഉൽപ്പാദിപ്പിക്കുന്നത്. നെൽപ്പാടങ്ങളുടെ അവസ്ഥ പോലെ തന്നെയാണ് നാളികേര കൃഷിയിടങ്ങളുടെയും അവസ്ഥ. 9 ലക്ഷം ഹെക്ടർ സ്ഥലത്ത് നാളികേരം

കൃഷി ചെയ്തിരുന്നെങ്കിൽ ഇന്ന് 7,70,000 ഹെക്ടർ സ്ഥലമായി ചുരുങ്ങിയിരിക്കുന്നു. കാറ്റുവീഴ്ചയും മണ്ടരി ബാധയും നാളികേര കൃഷിയെ പ്രതികൂലമായി ബാധിക്കുകയാണ്. കൃഷിക്കാരുടെ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വില ലഭിക്കുന്നില്ല; ഈ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. കൃഷിക്കാരെ രക്ഷിക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കണം. അതുകേൾക്കാൻ ഞങ്ങൾ ഉണ്ടാകില്ലെങ്കിലും സഭാന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കണം എന്നുള്ളതുകൊണ്ടാണ് പറയുന്നത്. കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ട് എട്ട് വർഷമായി. ചില പദ്ധതികളെ സംബന്ധിച്ച് സാധാരണയായി ഊർദ്ധ്വശ്വാസം വലിക്കുകയെന്ന് പറയാറുണ്ട്. പാക്കേജ് പ്രഖ്യാപിച്ച് കൃഷിക്കാരനെ വ്യാമോഹിപ്പിക്കുകയും പിന്നീട് നിരാശപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയാണ് കുട്ടനാട്, ഇടുക്കി പാക്കേജുകളിൽ കാണാൻ കഴിയുന്നത്. ഡോ. സ്വാമിനാഥന് തന്നെ നാണക്കേടാണ് ഈ പാക്കേജ് വരുത്തിവച്ചിട്ടുള്ളത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 104 വില്ലേജുകളിൽ 1439 പാടശേഖരങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പാടശേഖരങ്ങളാണ്. പാക്കേജിന് 1841 കോടി രൂപ പ്രഖ്യാപിച്ചപ്പോൾ മഹാഭൂരിപക്ഷം തുകയും പാടശേഖങ്ങളുടെ ബണ്ട് നിർമ്മാണത്തിനാണ് മാറ്റിവച്ചത്.

മൂന്ന് മേഖലകളായി തിരിച്ച്, 248 പാടശേഖരങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി തുക അനുവദിച്ചിട്ടും 48 പാടശേഖരങ്ങളുടെ നിർമ്മാണമാണ് ഭാഗികമായെങ്കിലും പൂർത്തീകരിച്ചതായി പറയാൻ കഴിയുന്നത്. തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും എ.സി. കനാലിന്റെയും നിർമ്മാണം ഒച്ചിന്റെ വേഗതയിൽ നടക്കുകയാണ്. ഓണാട്ടുകര പ്രദേശത്ത് ജലനിർഗ്ഗമന പദ്ധതികളാണ് തയ്യാറാക്കിയത്. 250 കോടി രൂപ അനുവദിച്ചെങ്കിലും 12 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രദേശമാണ് ഓണാട്ടുകര. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതാണ് ഈ പാക്കേജ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയുംകൊണ്ടാണ് ഈ പദ്ധതി പൊളിച്ച് അടുക്കിയിരിക്കുന്നതെന്നുള്ളതാണ് വസ്തുത. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കുട്ടനാടുമായി ബന്ധപ്പെട്ട് പുതിയ പാക്കേജ് പ്രഖ്യാപിക്കണം. അല്ലെങ്കിൽ കുട്ടനാടെന്ന ഭൂപ്രദേശം കാണാൻപോലും കഴിയാത്ത അവസ്ഥയുണ്ടാകും. ഓരോദിവസം കഴിയുന്തോറും വേമ്പനാട്ട് കായലിനോട് ലയിച്ചുകൊണ്ടിരിക്കുന്ന ഈ പാടശേഖരങ്ങളെ രക്ഷിക്കണമെങ്കിൽ 1841 കോടി രൂപ പോര, 10,000 കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിക്കാതെ പാടശേഖരങ്ങളെ പിടിച്ചുനിർത്താൻ കഴിയില്ല. അതിനാവശ്യമായ പ്രോജക്ടുകൾ കുട്ടനാടുമായി ബന്ധപ്പെട്ട്

തയ്യാറാക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുന്നില്ല. 2284.88 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതാണ്. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ച കരാറുകാരോട് ഗവൺമെന്റ് കടം പറയുകയാണ്. എം.എൽ.എ. മാരുടെ മണ്ഡലവികസന ഫണ്ട് പോലും വിനിയോഗിക്കാൻ കഴിയുന്നില്ല. പ്രവൃത്തികൾ ടെണ്ടർ ചെയ്താൽ കരാറുകാർ പേടിച്ച് ഏറ്റെടുക്കുന്നില്ല. പി.ഡബ്ല്യു.ഡി. തുക കിട്ടാതെ പോകുന്നതുപോലെ ഇതിലും തുക കിട്ടുമോയെന്ന ആശങ്കയാണ്. എന്റെ മണ്ഡലത്തിലെ സ്വപ്ന പദ്ധതിയായ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം, പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്ത് 3 കോടി രൂപയുടെ പ്രവൃത്തിയാണ് കരാറുകാരൻ ഏറ്റെടുത്തത്. രണ്ട് വർഷം കഴിഞ്ഞപ്പോൾ തുക കിട്ടുമോയെന്ന ആശങ്കയിൽ അദ്ദേഹം ഉപേക്ഷിച്ചുപോയി. വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെ എന്റെ മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ കരാറുകാരൻ ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ടാർ കമ്പനിക്കാർക്കെല്ലാം തുക കൊടുക്കാതെ കടം പറയുകയാണ്. അതുകാരണം

പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. മണ്ഡലത്തിലെ പൊട്ടിപ്പൊളിഞ്ഞ ഗ്രാമീണ റോഡുകൾ വൺടൈം മെയിന്റനൻസ് എന്ന രൂപത്തിൽ ഏറ്റെടുക്കുന്നതിന് പി.ഡബ്ല്യു.ഡി. തയ്യാറാകണം. അല്ലെങ്കിൽ നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. നിലവിലുള്ള പൊതുമരാമത്തിന്റെ റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തി നല്ല രൂപത്തിൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അല്ലാതെ നിർമ്മിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. പി.ഡബ്ല്യു.ഡി. കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിച്ച് ജനങ്ങൾക്ക് യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അരുവിക്കര ഉപതെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ യു.ഡി.എഫ്. നേതാക്കൾ സ്ഥലജലഭ്രമം പിടിപെട്ടവരെപ്പോലെയാണ്. സന്തോഷംകൊണ്ട് അവർക്ക് ഇരിക്കപ്പൊറുതി ഇല്ലാത്ത അവസ്ഥയാണ്. സാംസ്കാരിക കേരളം മൂക്കത്ത് വിരൽവച്ച് നാണിച്ച് നിൽക്കുമ്പോഴാണ് അരുവിക്കരയിലെ ആറ്റുതീരത്ത് വച്ച് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ വാഴ്ത്തപ്പെട്ടവൻ ആക്കിയെന്നും മാണിസാറിനെ വിശുദ്ധനായി പ്രഖ്യാപിച്ചെന്നും നിങ്ങൾ പറയുന്നത്. വിശുദ്ധൻ എന്നാൽ സ്വർഗ്ഗത്ത് ചെയ്യേണ്ടത് ഭൂമിയിൽ ചെയ്തവൻ എന്നാണ്. എന്താണ് ഈ സ്വർഗ്ഗത്ത്

ഇനി നടക്കാൻ പോകുന്നതെന്നുള്ളത് പരിശോധിക്കണം. സ്വർഗ്ഗത്ത് ചെയ്തത് ഭൂമിയിൽ ചെയ്തവൻ എന്ന രൂപത്തിൽ മാണിസാറിനെ വിശുദ്ധനായി പ്രഖ്യാപിച്ചെങ്കിൽ സ്വർഗ്ഗത്ത് എന്താണ് നടക്കുന്നതെന്ന് സി.ബി.ഐ. അന്വേഷണം നടത്തണമെന്നാണ് എന്റെ ശിപാർശ. അങ്ങ് അതിനൊരു നിർദ്ദേശം കൊടുത്താൽ നന്നായിരിക്കും. ജയിൽശിക്ഷ ഏറ്റുവാങ്ങിയതിനുശേഷം 1.5 ലക്ഷം വോട്ടിനാണ് ജയലളിത ജയിച്ചത്. ഇവിടെ വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമായി പ്രഖ്യാപിക്കുന്നുവെങ്കിൽ പരിശുദ്ധ പരിപാവന വീരാംഗനയായി ജയലളിതയെ പ്രഖ്യാപിക്കണ്ടേ? പക്ഷേ നമ്മൾ ഓർക്കേണ്ടത്, ഇത് സാംസ്കാരിക കേരളമാണ്, തമിഴ്നാടല്ലെന്നുള്ളതാണ്. അരുവിക്കര ഫലം ഉയർത്തുന്ന നിരവധി ചോദ്യങ്ങളുണ്ട്. ഈ ഫലത്തെ അവധാനതയോടെ നോക്കിക്കാണാൻ നമ്മൾ തയ്യാറാകണം. അരുവിക്കര തെരഞ്ഞെടുപ്പ് ഫലം ഗുരുദേവ ദർശനത്തിനും ഗാന്ധിയൻ ദർശനത്തിനുമെതിരാണ്. നമ്മുടെ നവോത്ഥാന നായകൻമാർ ഉയർത്തിയെടുത്ത കേരളത്തിന്റെ ഒരു സാംസ്കാരിക പൈതൃകമുണ്ട്. ആ പൈതൃകത്തിനെതിരാണ്.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം, താങ്കൾക്ക് അനുവദിക്കപ്പെട്ട സമയം കഴിഞ്ഞു.

<u>ശ്രീ. സി. കെ. സദാശിവൻ:</u> സർ, എനിക്ക് കുറച്ച് സമയംകൂടി തരണം.

കേരളത്തിൽ ധാരാളം തെരഞ്ഞെടുപ്പ് ഫലം നമ്മൾ കണ്ടിട്ടുണ്ട്. 1975-ൽ അലഹബാദ് ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് ഇവിടെ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അത് പാർലമെന്ററി ജനാധിപത്യത്തിൽ ജനങ്ങൾക്കുണ്ടായിരുന്ന പരിമിതമായ പൗരസ്വാതന്ത്ര്യങ്ങളും ജനാധിപത്യ അവകാശങ്ങളും ധ്വംസിച്ചത് നമ്മുടെ രാജ്യത്ത് കണ്ടതാണ്. പക്ഷെ, 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ 20 പാർലമെന്റ് സീറ്റുകളിലും യു.ഡി.എഫ്. അല്ലെങ്കിൽ കോൺഗ്രസ് ജയിച്ചുവെന്ന് പറയാം. പക്ഷെ, നിയമസഭയിൽ 110 സീറ്റ് നേടി യു.ഡി.എഫ്. ആധിപത്യം സ്ഥാപിച്ചു. 3 വർഷം കഴിഞ്ഞ് 1980-ലെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 95 സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയം വരിക്കുകയുണ്ടായി. 2001-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി ഗവൺമെന്റ് 100 സീറ്റ് നേടി അധികാരത്തിലെത്തിയത് നമ്മൾ കണ്ടു. 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ 98 സീറ്റ് നേടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതും നമ്മൾ കണ്ടു. കൂടുതലൊന്നും വിശദീകരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഒരു കാര്യംകൂടി പറയേണ്ടതുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് ബഹുമാന്യനായ വി. എം. സുധീരൻ കെ. കരുണാകരന്റെ 97-ാം ജന്മദിനത്തിൽ വിചിത്രമായ ഒരു വാദം ഉന്നയിക്കുകയുണ്ടായി. ബി.ജെ.പി.യെ

വളർത്തിയതിന്റെ ഉത്തരവാദിത്വം സി.പി.എം.നാണ് എന്നാണ് അത്. ബി.ജെ.പി. കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിന്റെ ഉത്തരവാദിത്വം സി.പി.ഐ.(എം.) നാണോ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. കെ. സദാശിവൻ: സർ, അഴിമതിയും വിലക്കയറ്റവും പിടിപ്പുകേടുംകൊണ്ട് നാടിനെ സർവ്വനാശത്തിലേയ്ക്ക് നയിച്ച കോൺഗ്രസിന്റെ അധികാരത്തിൽ വീർപ്പുമുട്ടിയ ജനങ്ങൾ അവർ തൽക്കാലാശ്വാസത്തിന് കണ്ടെത്തിയത് ബി.ജെ.പി.യെന്ന രാഷ്ട്രീയ പ്രസ്ഥാനത്തെ ആയിരുന്നു... (മൈക്ക് ഓഫ്)...........

മി. ചെയർമാൻ: ശ്രീ. പാലോട് രവി...... രണ്ട് മിനിട്ട് അധികം കൊടുത്തു. ശ്രീ. സി. കെ. സദാശിവൻ, ഒരു വാക്ക് പറഞ്ഞ് അവസാനിപ്പിക്കൂ. അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. സി. കെ. സദാശിവൻ: സർ, ഇന്ദിരാ ഗാന്ധിയുടെ മരണത്തെത്തുടർന്ന് 415 സീറ്റുമായി കോൺഗ്രസ് അധികാരത്തിൽ വന്നത് നമ്മൾ കണ്ടു. ഇപ്പോൾ 44 സീറ്റുമായി മൂലയ്ക്കിരിക്കുന്ന കോൺഗ്രസിനെയാണ് നമ്മൾ കാണുന്നത്. ഈ ഫലമെല്ലാം വച്ചുകൊണ്ട് ഈ ബി.ജെ.പി.യെ വളർത്തിയത് സി.പി.എം. ആണെന്ന്

പറഞ്ഞാൽ തലശ്ശേരിയിലെ യു.കെ. കുഞ്ഞിരാമനെ നിങ്ങൾ ഓർക്കണം.

മി. ചെയർമാൻ: യെസ്.. യെസ്

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാട്ടിൽ തങ്കപ്പൻ എന്നയാളുടെ കഴുത്തറുത്ത് പാലത്തിൽ വച്ചത് ആർ.എസ്.എസ്.കാരണ്. അവർക്കെതിരായി പൊരുതിയവരാണ് ഞങ്ങൾ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. കെ. സദാശിവൻ: സർ, ഞങ്ങളുടെ 100 കണക്കിന് രക്തസാക്ഷികളുടെ രക്തസാക്ഷി മണ്ഡപത്തിന് മതസൗഹാർദ്ദത്തിന്റെ മഹനീയമായ....... (മൈക്ക് ഓഫ്)

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഞാൻ യഥാർത്ഥത്തിൽ എന്റെ ചർച്ചയിൽ രാഷ്ട്രീയം പറയണ്ട, കൃഷിയെക്കുറിച്ച് സംസാരിക്കണമെന്നാണ് വിചാരിച്ചത്. ഇന്നത്തെ പത്രങ്ങൾ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ വായിക്കണം. പോളിറ്റ് ബ്യൂറോ വളരെ വ്യക്തമായി എല്ലാ പത്രങ്ങളിലും ഒരേ ഭാഷയിൽ പറഞ്ഞിട്ടുണ്ട്, "അനുകൂല സാഹചര്യം ഉപയോഗിച്ചില്ല, വി. എസും പിണറായിയും വേദി പങ്കിടണമായിരുന്നു, ബി.ജെ.പി.യുടെ വളർച്ച കാണാനായില്ല". ഇതെങ്കിലുമൊന്ന് ഉൾക്കൊള്ളാൻ

അപ്പുറത്തിരിക്കുന്നവർ തയ്യാറാകണം. ഞങ്ങളുടെ പ്രദേശത്താണ് ഈ തെരഞ്ഞെടുപ്പ് നടന്നത്. തോട്ടം തൊഴിലാളികളും ആദിവാസികളും കർഷകരുമുള്ള ഒരു പ്രദേശമാണത്. അവിടെ 'മൈനോറിറ്റി' എന്നുള്ള ഒരു വികാരം അടിച്ചേൽപ്പിച്ച് ആ പ്രദേശത്തുള്ള ആളുകളെ ആക്ഷേപിക്കുകയാണ്. അങ്ങനെ പറഞ്ഞത് സഹിക്കാൻ ഈ സഭയിലുള്ള ഞങ്ങളൊക്കെ തയ്യാറാണ്. എന്താണ് ഈ സഭയിൽ പറഞ്ഞത്; പണ്ട് പരാജയപ്പെട്ടാൽ മഹാനായ ഇ.എം.എസ്. ശതമാനം പറഞ്ഞ് മാധ്യമ സുഹൃത്തുക്കളെയും നാട്ടുകാരെയും തെറ്റിദ്ധരിപ്പിക്കുമായിരുന്നു. ഇപ്പോൾ എന്താണ് പറയുന്നത്, 'അവിടെയുള്ളവരെല്ലാം കള്ളുകുടിയന്മാരാണ്, അവിടെയുള്ളവരെല്ലാം രാഷ്ട്രീയക്കാരിൽനിന്നും കൈക്കൂലി വാങ്ങുന്നവരാണ് എന്നാണ്. എന്താണ് തെരഞ്ഞെടുപ്പിന്റെ തലേദിവസവും നിങ്ങളൊരുമിച്ചുകൂടിയിരുന്ന് ആറായിരെ വോട്ടിന്റെ ഭൂരിപക്ഷത്തോടെ നിങ്ങൾ ജയിക്കുമെന്ന് പറഞ്ഞിട്ട് തെരഞ്ഞെടുപ്പിൽ തോറ്റാൽ ആ പ്രദേശത്തുള്ളവരെല്ലാം കള്ളുകുടിയന്മാരും കാശ് വാങ്ങുന്നവരുമാകും. നിങ്ങൾ വേറൊരു വലിയ കണക്കിവിടെ പറഞ്ഞു. ഭരണവിരുദ്ധ വികാരം 80,465 എന്ന്, അപ്പോൾ എൽ.ഡി.എഫ്. വിരുദ്ധ വികാരമോ, 90,590 ആണ്. ഒന്നു കൂട്ടി നോക്കിക്കോളൂ. നിങ്ങൾ ഭരണവിരുദ്ധ വികാരം നിങ്ങളും ബി.ജെ.പി.യും കൂട്ടി 80,465 പറഞ്ഞു.

അപ്പോൾ എൽ.ഡി.എഫ്. വിരുദ്ധ വികാരമോ? ആ നിയോജക മണ്ഡലത്തെ അറിയാമോ, 1952-ലും 1957-ലും കാട്ടാക്കട ബാലകൃഷ്ണപിള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചിഹ്നത്തിൽ മത്സരിച്ച് ജയിച്ച നിങ്ങൾക്ക് ബെയ്സുള്ള സ്ഥലമാണ്. തോട്ടം തോഴിലാളികളും ആദിവാസികളും കർഷകരുമാണ് അവിടെയുള്ളത്. അവിടെ എൽ.ഡി.എഫ്.നെതിരായി 90,590 വോട്ട് അതായത് ഏതാണ്ട് ഒരു ലക്ഷം വോട്ട് ആ നിയോജകമണ്ഡലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പോളിറ്റ് ബ്യൂറോ ഇതാണ് പറഞ്ഞിരിക്കുന്നത്. ഇത് മനസ്സിലാക്കി പ്രവർത്തിച്ചാൽ...

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഈ പറഞ്ഞ കണക്ക് കോൺഗ്രസിന് അപകടകരമാണ്.

ശ്രീ. പാലോട് രവി: സർ, അത് മനസ്സിലായി. അങ്ങെന്നെ പൂർത്തീകരിക്കാൻ സമ്മതിച്ചില്ലല്ലോ, പക്ഷെ തെരഞ്ഞെടുപ്പിന്റെ പിറ്റേദിവസം ഇവിടെ വന്നിരുന്നപ്പോൾ ഞങ്ങൾ തോറ്റുപോയിയെന്ന് തോന്നിപ്പോയി. 10,000 വോട്ടിന് ജയിച്ച ഞങ്ങൾ തോറ്റുപോയി, നിങ്ങളാണ് ജയിച്ചത് എന്ന് തോന്നി. അവിടെ മുഴുവൻ സാധാരണക്കാരും പാവങ്ങളുമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കാലാകാലങ്ങളായി പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും വോട്ട് ചെയ്യുന്ന മുഴുവൻ ആളുകളെയും ആക്ഷേപിക്കത്തക്ക തരത്തിൽ ഇവിടെ

വന്നുനിന്നുള്ള ഈ പുറപ്പാട് വൈദ്യർ സ്വയം ചികിത്സിക്കുന്നതുപോലെയാണ്. നിങ്ങൾ എന്തൊക്കെയാണ് ഇവിടെ കാണിച്ചത്? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ജയിലിലടച്ചപ്പോൾ 'ഒരു പെരുങ്കള്ളനെ ജയിലിലടച്ചു' എന്നല്ലേ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്? ആ പെരുങ്കള്ളനെയും കൂട്ടി അവിടെ തെരഞ്ഞെടുപ്പിന് വോട്ടുപിടിക്കാൻ ചെന്നാൽ നിങ്ങൾക്ക് അവിടത്തെ ആളുകൾ വോട്ട് തരുമോ; നിങ്ങളത് ആലോചിച്ചോ? എൽ.ഡി.എഫ്.ന വേണ്ടി ശ്രീ. വി. എസ്. അച്ചുതാനന്ദനും വോട്ട് പിടിക്കുന്നു, പെരുങ്കള്ളനും വോട്ട് പിടിക്കുന്നു. യാഥാർത്ഥ്യ ബോധമില്ലാതെ അവിടത്തെ സമ്മതിദായകർ മുഴുവൻ വിഡ്ഢികളാണെന്നുള്ള ധാരണയിൽ പോയാൽ ബംഗാളിനെക്കാളും വളരെ മോശപ്പെട്ട അവസ്ഥയുണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിന്റെ കാർഷിക മൃഗസംരക്ഷണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന അതീവഗുരുതരമായ വെല്ലുവിളികൾ വിലയിരുത്തുകയും ദീർഘവീക്ഷണത്തോടെയും ജാഗ്രതയോടെയുമുള്ള സമീപനത്തിലൂടെ ഭക്ഷ്യസുരക്ഷയും കർഷക സുരക്ഷയും ഉറപ്പാക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റും............

<u>ശ്രീ. ആർ. രാജേഷ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ

പെരുങ്കള്ളൻ എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. അങ്ങനെയുള്ള ഒരാളെ മുന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാനാക്കിയത് യു.ഡി.എഫ്. അല്ലേ?

Mr. Chairman: That is not a point of order. Shri. Palode Ravi.............

ശ്രീ. പാലോട് രവി: സർ, ഭക്ഷ്യസുരക്ഷയും അതുപോലെതന്നെ കർഷകരക്ഷയും ഉറപ്പാക്കുന്നതിന് യു.ഡി.എഫ്. മാതൃകാപരമായ പ്രവർത്തനമാണ് ഈ കഴിഞ്ഞ നാലുവർഷക്കാലം ഇവിടെ കാഴ്ചവച്ചത്. വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്രയെങ്കിൽ ലാഭം കൃഷിക്കാരന്റെ അവകാശമാണ് എന്ന സമീപനത്തോടെ മുന്നോട്ട് നീങ്ങിയ ഈ ഗവൺമെന്റ് തകർന്നുകിടന്ന കാർഷിക മേഖലയിലെ കർഷകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള ശക്തമായ നേതൃത്വം നൽകിയെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. കാർഷിക മേഖലയിലെ ഉൽപാദനവും സംസ്കരണവും വിപണനവും കൃഷിഭൂമിയുടെ വിസ്തീർണ്ണവും അടിക്കടി കുറഞ്ഞുവരുന്ന കേരളത്തിൽ പ്രഗത്ഭരായ കാർഷിക ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ ഉൽപാദനക്ഷമതയിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുവാൻ കൃഷിവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്കുകൾ ഞാൻ ഉദ്ധരിക്കാം. തരിശ്ശുരഹിത ഗ്രാമങ്ങൾ, ഹൈടെക് ഫാമുകൾ, മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനും ഈ

സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ കൃഷി വകുപ്പുമന്ത്രി നടപ്പിലാക്കിയ അഞ്ചിന കർമ്മ പരിപാടികളാണ് ലാൻഡ് മാനേജ്മെന്റ്, സോയിൽ ഹെൽത്ത് മാനേജ്മെന്റ്, വാട്ടർ മാനേജ്മെന്റ്, പെസ്റ്റ് മാനേജ്മെന്റ്, ഡിസീസ് മാനേജ്മെന്റ് എന്നിവ. കാർഷിക മേഖലയിൽ വളരെ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞുവെന്നുമാത്രമല്ല, കൃഷിക്കാർക്ക് വലിയ ആത്മവിശ്വാസമുണ്ടാക്കാൻ കൃഷിവകുപ്പിനും കൃഷി വകുപ്പുമന്ത്രിക്കും ഈ ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട്. ഉൽപാദന മേഖലയിൽ കാർഷിക മൊത്തവ്യാപാര വിപണിയെന്ന ആശയം കർഷകന്റെ സ്വപ്നമാണ്. എന്റെ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാർഷിക മൊത്ത വ്യാപര വിപണിയിൽനിന്നും 2014-2015 സാമ്പത്തിക വർഷം 1591 ടൺ പച്ചക്കറിയും പഴവർഗ്ഗങ്ങളും കർഷകരിൽനിന്ന് ശേഖരിക്കാനും ഏതാണ്ട് 2.89 കോടി രൂപ അവിടത്തെ കർഷകർക്ക് ആ വിപണിയിൽനിന്ന് വിതരണം ചെയ്യാനും കഴിഞ്ഞു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടി മിഷന്റെയും പ്രവർത്തനങ്ങൾ ഈ വിപണിയിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ ഈ സാമ്പത്തിക വർഷം അഞ്ച് കോടി രൂപ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വിലയായി നെടുമങ്ങാട് മാർക്കറ്റിൽനിന്ന് നൽകാൻ കഴിയും എന്നാണ് എന്റെ ഉറച്ച വിശ്വാസം.

സർക്കാർ ഉടമയിലുള്ള ഈ വിപണികളിൽനിന്നും പച്ചക്കറികളും പഴവർഗ്ഗങ്ങളും വാങ്ങുന്നതിൽ പലപ്പോഴും വിമുഖത കാണിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ അങ്ങ് ഇടപെട്ട് വിപണികളിൽ കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഹോർട്ടികോർപ്പുവഴി വിപുലമായ സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ മാത്രമേ കർഷകരെ സഹായിക്കാൻ കഴിയുകയുള്ളൂ. ഹോർട്ടികോർപ്പ് കുറേ ഏജൻസി തുടങ്ങുന്നതിനെക്കാൾ വളരെ വിപുലമായ സംഭരണ വിപണന കേന്ദ്രങ്ങൾ തുടങ്ങണം. ഹോർട്ടികോർപ്പും സർക്കാർ ഉടമയിലുള്ള കാർഷിക മൊത്തവ്യാപാര വിപണികളും ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ നമുക്കിതിന് കഴിയുകയുള്ളൂ. എല്ലാ നിയോജകമണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും കൃഷിക്കാർ അവരുടെ ഉൽപ്പന്നങ്ങൾ അവിടെ കൊണ്ടുകൊടുക്കുകയും അവർക്ക് അത്യാവശ്യമായ വില ലഭ്യമാക്കുകയും ചെയ്യണം. എന്റെ നിയോജകമണ്ഡലത്തിൽ അഗ്രിമാൾ തുടങ്ങുമെന്ന് അങ്ങ് അവിടെ നടന്ന കർഷക സെമിനാറിൽ വച്ച് പ്രഖ്യാപിച്ചതാണ്. ഈ

സാമ്പത്തിക വർഷംതന്നെ അവിടെ അഗ്രിമാൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാർഷിക സർവ്വകലാശാലയുടെ പച്ചക്കറി ഗുണമേന്മാ പരശോധനാ യൂണിറ്റുണ്ട്. ആ യൂണിറ്റ് പച്ചക്കറികളിൽ കീടനാശിനിയുടെ അംശം പരിധിയിൽക്കൂടുതലുണ്ടോയെന്ന് പരിശോധിക്കുവാൻ നടപടി ഉണ്ടാക്കുകയും 'safe to eat'...... പച്ചക്കറികളിൽ വ്യാപകമായ കീടനാശിനി പ്രയോഗമുണ്ട്. അത് പരിഹരിക്കുന്നതിന് ഈ യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് പ്രസിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. ഗവൺമെന്റ് പ്രസിൽ യൂണിയനുകളുണ്ട്. ഈ സഭയിലെതന്നെ രണ്ടുമൂന്ന് എം.എൽ.എ.-മാർ ആ യൂണിയനിൽ അംഗമാണ്. സഖാവ് വി. ശിവൻകുട്ടിയും, ഞാനും, ശ്രീ. ലൂഡി ലൂയിസും, ശ്രീ. സി.പി. മുഹമ്മദുമൊക്കെ ആ യൂണിയനിലെ ഭാരവാഹികളാണ്. ഒരുപാട് സാങ്കേതിക മികവുള്ള ഒട്ടനവധി പുതിയ ഉപകരണങ്ങൾ പ്രസ്സുകളിൽ വരുന്നതുകൊണ്ട് മോഡണൈസേഷന്റെ ഭാഗമായി 40 വർഷമായിട്ടുള്ള അവിടത്തെ സ്പെഷ്യൽ റൂൾ അമെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കമ്മിറ്റിയെവച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഭരണപരിഷ്കാര കമ്മിറ്റിയും ലേബർ കമ്മീഷണറും പി.എസ്.സി.യും അംഗീകരിച്ചു. സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ഏതോ ഒരു

ചോദ്യത്തിന് ഉത്തരമായി സബ്ജക്ട് കമ്മിറ്റി തീരുമാനമെടുക്കാതെ കഴിഞ്ഞ 40 വർഷക്കാലമായി നാം ചർച്ച ചെയ്തെടുത്ത തീരുമാനം നടപ്പിലാക്കത്തതിന്റെ പേരിൽ തൊഴിലാളികളെ നിയമിക്കാൻ കഴിയുന്നില്ല, അവിടെ പ്രൊമോഷൻ നടക്കുന്നില്ല. അവിടെ ഒരു കാര്യവും നടക്കാത്ത stagnation അവിടത്തെ ജീവനക്കാരുടെ ഇടയിൽ വന്നിട്ടുണ്ട്. ആയിരത്തിയഞ്ഞൂറോളം സ്ഥിരം ജീവനക്കാർ പണിയെടുക്കുന്ന ഒരു സ്ഥാപനമാണിത്. ഈ സഭയിൽ ഉയർന്നുവന്ന ഒരു കാര്യം അവിടത്തെ യൂണിയന്റെ ഭാരവാഹി എന്ന നിലയിൽ പറയുകയാണ്. കേരളത്തിലെ ഗവൺമെന്റ് പ്രസ്സുകളിൽ പഞ്ചവർണ്ണ അച്ചടിയുള്ളതും ഏറ്റവും വലിയ മെഷീനുള്ളതും മണ്ണന്തലയിലും, ഷൊർണ്ണൂരും, വാഴൂരുമുള്ള മൂന്ന് പ്രസ്സുകളിലാണ്. ഇത് സ്ഥാപിച്ചത് ലോട്ടറിയും പാഠപുസ്തകങ്ങളും അച്ചടിക്കുന്നതിനാണ്. 50 ലക്ഷം പാഠപുസ്തകം സമയത്തുതന്നെ തയ്യാറാക്കാൻ കഴിയത്തക്കതരത്തിലുള്ള സംവിധാനം നമ്മുടെ ഗവൺമെന്റ് പ്രസ്സിലുണ്ട് എന്നത് അവിടത്തെ ജീവനക്കാർ ഏകകണ്ഠമായി പറയുന്ന ഒരു കാര്യമാണ്. ഈ വർഷമുണ്ടായ പിഴവെങ്കിലും മനസ്സിലാക്കി........ ഇപ്പോൾ കെ.ബി.പി.എസ്.-നെ ഏൽപ്പിക്കുന്നുവെന്ന് പറഞ്ഞാൽ അവർക്ക് രണ്ട് പഞ്ചവർണ്ണ പ്രസ്സുകളേയുള്ളൂ. അവർ ഒന്ന് പുറത്ത് ഔട്ട്സോഴ്സ് ചെയ്യുകയാണ്. അത് ഞങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. മൂന്ന് പഞ്ചവർണ്ണ പ്രസ്സുകളുള്ള ഗവൺമെന്റ് പ്രസ്സിനെ

സംബന്ധിച്ചിടത്തോളം ലോട്ടറിയുടെ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച പ്രസ്സാണ് മണ്ണന്തല പ്രസ്സ്. പക്ഷെ പല ഗൂഢാലോചനകളും നടക്കുന്നു. ഇത് നടക്കരുതെന്നും ഇത് മറ്റുപല ഏജൻസികൾക്കും കൈമാറണമെന്ന് ആഗ്രഹിക്കുന്ന ചില ആളുകളുണ്ട്. ഇത് ഗവൺമെന്റ് പ്രസ്സിന് ചെയ്യാൻ കഴിയും. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും വളരെ ഗൗരവമായി ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് പ്രസ്സുകളെ വിശ്വസിക്കണം. ഗവൺമെന്റ് പ്രസ്സിന് അതിനടിസ്ഥാനമായ സൗകര്യങ്ങളുണ്ട്, അതിനാവശ്യമായ പ്രസ്സുകളുണ്ട് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ നാലുവർഷക്കാലം കേരളത്തിൽ റോഡുകളുടെ നവീകരണത്തിന്റെ കാര്യത്തിൽ എത്ര മാതൃകാപരമായ സമീപനമായിരുന്നു കൈക്കൊണ്ടിട്ടുള്ളത്. എത്ര കിലോമീറ്റർ റോഡുകളാണ് ബി.എം. ആന്റ് ബി.സി. ലെവലിൽ നവീകരിച്ചത്. അതുപോലെതന്നെ നമ്മുടെ ബൈപ്പാസ്സുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും മെയിന്റനൻസിന്റെയുമൊക്കെ കാര്യത്തിൽ നല്ല പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ഏതാണ്ട് 13000 കി. മീ. റോഡാണ് നവീകരിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു

ഗവൺമെന്റിനും സാധിക്കാത്ത രീതിയിലാണ് ഇന്ന് റോഡുകളുടെ നവീകരണവും റോഡുകളുടെ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. അതിന് മന്ത്രിയെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഐ.എസ്.ആർ.ഒ. കേന്ദ്രമാണ് തുമ്പയും  വലിയമലയും. നെടുമങ്ങാട്ടുനിന്ന് വലിയമലയിലേയ്ക്ക് പോകുന്ന റോഡ് എപ്പോഴും ഒരു നാഷണൽ ലെവൽ റോഡായിരുന്നു. ഇപ്പോൾ ആ റോഡ് തകർന്നുകിടക്കുകയാണ്.  വലിയമലയിലാണ് മംഗൾയാൻ ദൗത്യത്തിനുള്ള എല്ലാ സോഫിസ്റ്റിക്കേറ്റ് എക്യുപ്മെന്റ്സും ഉണ്ടാക്കുന്നതും ആ റോഡുവഴിയാണ് തുമ്പയിലേയ്ക്ക് കൊണ്ടുവന്നുകൊണ്ടിരുന്നതും. ആ റോഡ് പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കണം. എം.സി. റോഡിന് സമാന്തരമായി പള്ളിമുക്കിൽനിന്ന് കല്ലയംവഴി കന്യാകുളങ്ങരയിൽ ചെന്ന് കയറുന്ന റോഡിനെക്കുറിച്ച് ഞാൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്നതാണ്. എപ്പോൾ എം.സി. റോഡിൽ തിരക്ക് വർദ്ധിച്ചാലും  അപ്പോഴൊക്കെ സെക്രട്ടേറിയറ്റിൽനിന്ന് കുടപ്പനക്കുന്നുവഴി കടന്നുപോകാൻ കഴിയുന്ന ആ സമാന്തര റോഡ് നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ വാളിക്കോട് പാലത്തിന്റെ അവസ്ഥ അങ്ങേയ്ക്ക് അറിയാവുന്ന

കാര്യമാണ്. നബാർഡിന്റെ ഫണ്ട് കുറഞ്ഞതുകാരണമാണ് ആ പാലത്തിന്റെ പണി മാറ്റിവയ്ക്കാൻ സാഹചര്യമായത്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു പാലമാണ് വാളിക്കോട് പാലം. സമയബന്ധിതമായി ആ പാലത്തിന്റെ പണി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഫയർഫോഴ്സിനെക്കുറിച്ച് ഒരു കാര്യം പറയാതെ നിവർത്തിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഈ അടുത്ത ദിവസം സഭ നടന്നുകൊണ്ടിരിക്കുമ്പോൾ വെള്ളപ്പൊക്കമുണ്ടായി രണ്ടുപേർ വെള്ളത്തിൽപോയി. വെള്ളത്തിൽപോയവരെ മുങ്ങിയെടുക്കണമെങ്കിൽ നേവിയെ കൊണ്ടുവരണം. അതിന് നിവർത്തിയില്ല. ഒരുപാട് എക്യുപ്മെന്റ്സ് വേണം. ആദ്യം വിളിക്കുന്നത് ഫയർ ഫോഴ്സിനെയാണ്. വിളിച്ചാൽ അവർ ഓടിയെത്തും. അവരെ എല്ലാതരത്തിലും സഹായിക്കാനും കോൺക്രീറ്റ് കട്ട് ചെയ്യാനും മരം കട്ടുചെയ്യാനും തുടങ്ങി അവരുടെ അടിസ്ഥാന സൗകര്യങ്ങളും എക്യുപ്മെന്റ്സും വർദ്ധിപ്പിക്കുന്നതിനുവേണ്ടി 175 കോടിയുടെ ഒരു പ്രൊപ്പോസൽ ഡിപ്പാർട്ടുമെന്റ് ഗവൺമെന്റിന് കൈമാറിയിട്ടുണ്ട്. നിശ്ചയമായും അത് അനുവദിച്ചുകൊടുക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകമായി ശ്രദ്ധിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:- സർ, പിറക്കാത്ത കുഞ്ഞിന് വേണ്ടി ഇല്ലാത്ത അടുക്കളയിലുണ്ടാക്കുന്ന ഈ വിഭവത്തെ തീർച്ചയായും കേരളം നിരാകരിക്കും. കൃഷി എന്നുപറയുന്നത് കേരളത്തിൽ ഏറ്റവും കൂടുതൽ വെല്ലുവിളി നേരിടുന്ന ഒരു മേഖലയായി മാറിയിട്ടുണ്ട്. അതിനു പല കാരണങ്ങളുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കണം. കേന്ദ്രസർക്കാരിന്റെ 'ആത്മ' പദ്ധതി കേരളത്തിൽ ഇനി നടക്കുക വളരെ പ്രയാസമാണ്. കാരണം അതിന്റെ കേന്ദ്ര വിഹിതം 90%- ൽ നിന്നും 50% ആക്കി. ഞാൻ കൃഷിയുമായി ബന്ധപ്പെട്ടത് മാത്രമാണ് പറഞ്ഞത്. പല മേഖലയിലും ഈ പ്രശ്നങ്ങൾ വരുന്നു. ഗ്രീസിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഇന്ന് പത്രങ്ങളിലെ ഒരു വാർത്ത, ഗ്രീസിലെ ധനകാര്യ വകുപ്പുമന്ത്രി രാജിവച്ച് ബൈക്കിൽ പോകുന്ന ഒരു ചിത്രമാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി രാജിവച്ചാൽ ബൈക്കിൽ പോകാനുള്ള സൗകര്യം കേരളത്തിലെ ജനങ്ങൾ നൽകുമോ എന്നറിയില്ല. ഗ്രീസിന്റെ എല്ലാ പോർട്ടുകളും പ്രൈവറ്റ് പോർട്ടുകളായി എന്നതാണ് അവിടത്തെ പ്രധാന പ്രശ്നം. പോർട്ടിന്റെ കാര്യത്തിൽ, പണ്ട് ലോകത്ത് ഒന്നാം സ്ഥാനം ഗ്രീസിനായിരുന്നു. വിഴിഞ്ഞം നമ്മുടെ മുമ്പിലുണ്ട്, കൃഷിയുടെ ധനാഭ്യർത്ഥന ചർച്ചയായതിനാൽ അതിനെക്കുറിച്ച് അധികം പറയുന്നില്ല. വിഴിഞ്ഞം അദാനിയുടെ കൈയിൽ ഏല്പിക്കുന്നതോടുകൂടി കേരളം ഗ്രീസിലേയ്ക്കുള്ള യാത്ര തുടങ്ങുകയാണ്.

കേരളത്തിന്റെ ഒരു പ്രധാന പ്രശ്നമാണ് കുട്ടനാട് പാക്കേജ്. പണ്ട് ഞാൻ കൃഷി വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കേന്ദ്ര ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ കുട്ടനാട് ഉൾപ്പെടാതിരുന്നതിന്റെ പ്രധാന കാര്യം കുട്ടനാടിന്റെ ഏക്കറേജ് കുറവാണ്. സത്യത്തിൽ അന്നേ ഒരു പ്രൊപ്പോസൽ വന്നതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കണം, കുട്ടനാടിനെ ഒരു കാർഷിക ജില്ലയാക്കാൻ സാധിക്കുമോ എന്നാലോചിക്കണം. കൊല്ലം ജില്ലയുടെ ഓണാട്ടുകര പ്രദേശവും വൈക്കം, കോട്ടയം ഉൾപ്പെടെയുള്ള കോട്ടയം ജില്ലയുടെ പ്രദേശങ്ങളും കുട്ടനാടിന്റെ സമാനസ്വഭാവമുള്ള എല്ലാ പ്രദേശങ്ങളും ചേർന്ന് ഒരു വിദ്യാഭ്യാസ ജില്ല പോലെ ഒരു കാർഷിക ജില്ലയുണ്ടാക്കാൻ ശ്രമിക്കണം. കുട്ടനാടിന്റെ സ്വഭാവമുള്ള പ്രവർത്തനങ്ങളുടെ പ്രത്യേകിച്ച് നെൽകൃഷിയുടെ; മത്സ്യകൃഷിയുടെ സമഗ്രവികസനത്തിനുവേണ്ടി കുട്ടനാട് കാർഷിക ജില്ല രൂപീകരിക്കുന്നത് നന്നായിരിക്കും. കുട്ടനാട് പദ്ധതി മാത്രമല്ല, ആ പാക്കേജ് തന്നെ ഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിനും പുതിയ ആനുകൂല്യങ്ങൾ നേടുന്നതിനും അത് സഹായകരമാകും. രണ്ടാമത്, കൃഷി വകുപ്പ് ശ്രദ്ധിക്കേണ്ട പ്രധാന കാര്യം കാലാവസ്ഥ വ്യതിയാനമാണെന്നാണ് എനിക്ക് തോന്നുന്നത്. കാലവർഷം ഇനി കേരളത്തിൽ കൃത്യമാകില്ല, തുലാവർഷം എപ്പോൾ വരുമെന്ന് അറിയില്ല, ചൂട് എങ്ങനെ നിൽക്കുമെന്നറിയില്ലെന്ന് എല്ലാവരും

ഇപ്പോൾ പറഞ്ഞ് തുടങ്ങി. ഇതെല്ലാം കേരളത്തിലെ ജൈവസമ്പത്തിനെയും നമ്മുടെ സാധാരണ ജീവിതത്തെയും ആരോഗ്യത്തെയും എങ്ങനെ ബാധിക്കുമെന്ന് കൃത്യമായി പഠിക്കുകയും അതനുസരിച്ച് ഒരു കാർഷിക കലണ്ടറും വിളകളുടെ കലണ്ടറും ഭൂമി എങ്ങനെ വിനിയോഗിക്കാമെന്നുള്ളതും ഏത് സമയത്ത് കൃഷി എങ്ങനെ ചെയ്യാമെന്നുള്ളതിനെക്കുറിച്ചൊക്കെ ഒരു കാർഷിക കലണ്ടർ ക്രമപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ......., ഇപ്പോൾ തീക്കാറ്റ്, വടക്കൻ കേരളത്തിലാണ് കൂടുതൽ ഉണ്ടായത്, ആലപ്പുഴയിലുമുണ്ടായി. തീക്കാറ്റ് എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് ഒരു കൃത്യതയുമില്ല. ഇതു സംബന്ധിച്ച് വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഒരു കഥ പറയുന്നു, മത്സ്യമേഖലയുമായി ബന്ധപ്പെട്ടവർ വേറൊരു കഥ പറയുന്നു. ഈ തീക്കാറ്റ് ഇനി വരാൻ സാധ്യതയുണ്ടോ; ഈ ചൂട് ഇതുപോലെ നിൽക്കാൻ സാധ്യതയുണ്ടോ; കാലവർഷം ഇതുപോലെ നിൽക്കാൻ സാധ്യതയുണ്ടോ; ഇതെല്ലാമറിയാനുള്ള ഒരു ആധുനിക ഗവേഷണകേന്ദ്രം കേന്ദ്രസഹായത്തോടെ കേരളത്തിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ ഭരണറിപ്പോർട്ട് പത്രത്തിൽ വന്നിട്ടുണ്ട്. 2014-15-ൽ 1000 കോടി രൂപ വിലസ്ഥിരതാ ഫണ്ട് കേന്ദ്രം മാറ്റിവച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിൽ നിന്നും 5 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്, 995 കോടി

രൂപയും ചെലവഴിച്ചിട്ടില്ല. അങ്ങനെ ചെലവഴിക്കാതിരിക്കുമ്പോഴാണ് നമ്മുടെ നിവേദനങ്ങളെല്ലാം കരച്ചിലായി മാറിയത്. 995 കോടി രൂപയിൽ നിന്ന് 500 കോടി രൂപ പോലും വില സ്ഥിരതാ ഫണ്ടിൽ നിന്നും മേടിക്കുവാനും റബ്ബർ സംഭരിക്കുവാനും റബ്ബർ കർഷകന് കൊടുക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല. കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഇപ്പോഴത്തെ ലാഭത്തിന്റെ കുറവും അത് ചെന്നുപ്പെട്ടിരിക്കുന്ന വിഷമസന്ധിയും അങ്ങ് പരിശോധിക്കണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലും കൃഷ്ണൻകുട്ടി കമ്മീഷൻ റിപ്പോർട്ടിലും പറയുന്ന പ്രധാന നിർദ്ദേശം കർഷകർക്ക് ശമ്പളം കൊടുക്കണമെന്നതാണ്. ഞാനും ശ്രീ. കെ. സി. ജോസഫുമൊക്കെ ചൈനയിൽ പോയപ്പോൾ അവിടെ കർഷകർക്ക് ഓരോ വർഷവും 12% വരുമാനവർദ്ധനവുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അവിടത്തെ ജീവനക്കാരുടെ വരുമാനവർദ്ധനവ് 10% ആണ്. എന്നാൽ കർഷകന്റെ വരുമാനവർദ്ധനവ് 12% ആണ്, ഇത് ഭരണഘടന ഉറപ്പ് നൽകുന്നുമുണ്ട്. സ്വാമിനാഥൻ കമ്മീഷന്റെ പ്രധാന നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതാണ്. കൃഷി കൊണ്ട് മാത്രം ജീവിക്കുന്ന കർഷകന് ഒരു ക്ലാസ്-IV ജീവനക്കാരന്റെ വരുമാനമുണ്ടെന്ന് ഉറപ്പിക്കാനുള്ള ബാധ്യത

ഗവൺമെന്റിനുണ്ടെന്നാണ് അതിൽ പറയുന്നത്. ഏതാണ്ട് അതേ നിർദ്ദേശമാണ് കൃഷ്ണൻകുട്ടി കമ്മീഷൻ കേരളത്തിൽ സമർപ്പിച്ചിട്ടുള്ളത്. അതിലെ ഒരു പ്രധാന നിർദ്ദേശം കർഷകന് ലാഭവിഹിതം കിട്ടണമെന്നതാണ്. ലാഭവിഹിതമെന്നു പറയുന്നത് ഒരു ഉല്പന്നത്തിന്റെ ഹൈ എൻഡിലെ വിലയുമായി ബന്ധപ്പെട്ടാണ്. ഈ ഹൈ എൻഡിലെ വിലയുമായി ബന്ധപ്പെട്ട് ലാഭവിഹിതം കൊടുക്കാൻ തീരുമാനിച്ചാൽ കേരളത്തിൽ കൃഷിയുണ്ടാകും, ഇല്ലെങ്കിൽ കൃഷിയുണ്ടാകില്ല. നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നുണ്ട്. നമ്മുടെ വയലുകൾ ഇനിയും കുറഞ്ഞുപോയാൽ നമ്മുടെ കുടിവെള്ളം നിന്നുപോകും; നമ്മുടെ മണ്ണിന്റെ ഉപയോഗം നിന്നുപോകും; മനുഷ്യന്റെ ആരോഗ്യം തകർന്നുപോകും; സമൂഹത്തിലെ ഒരുപാട് ജീവസമൂഹം ഈ മണ്ണിൽ നിന്ന് അപ്രത്യക്ഷമാകും. അതിൽ വെള്ളം ചേർക്കരുത്. അതിന് കൃഷി വകുപ്പ് മുൻകൈ എടുക്കണം. പുറത്തുനിന്ന് ധാരാളം സമ്മർദ്ദം വരാൻ സാധ്യതയുണ്ട്. പക്ഷേ അത് ഇംപ്ലിമെന്റ് ചെയ്യുന്ന വകുപ്പെന്ന നിലയിൽ കൃഷി വകുപ്പ് അക്കാര്യത്തിൽ കർശനമായ ഒരു നിലപാട് സ്വീകരിക്കണം. വിലയുമായി ബന്ധപ്പെട്ട് ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരണം. വിളയ്ക്ക് ഇൻഷ്വറൻസുണ്ട്, പക്ഷേ വിലയ്ക്ക് ഇൻഷ്വറൻസ് വേണം. റബ്ബർ നടുമ്പോൾ ഒരു കർഷകൻ പ്രതീക്ഷിക്കുന്ന വില

എത്രയാണോ ആ വിലയ്ക്ക് ഉല്പന്നമെടുക്കാൻ തയ്യാറാകണം. ഏതാണോ നടുമ്പോൾ കർഷകൻ പ്രതീക്ഷിക്കുന്ന വില, ഗവൺമെന്റ് അംഗീകരിക്കുന്ന വില അല്ലെങ്കിൽ അപ്പോഴത്തെ ആവറേജ് വില, ആ വില കർഷകന് കിട്ടാനുള്ള ഒരു ഇൻഷുറൻസ് പദ്ധതി കൊണ്ടുവരണം.

അരുവിക്കരയുടെ കാര്യത്തിൽ അപ്പുറത്തുമിപ്പുറത്തും തർക്കിക്കുമ്പോൾ മഹാത്മാഗാന്ധി പറഞ്ഞ ഒരു വാചകം ഓർമ്മിക്കണം - എവിടെ സത്യമുണ്ടോ അവിടെ പരാജയമില്ല എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അരുവിക്കരയിൽ പരാജയപ്പെട്ടുകാണും, പക്ഷേ അവിടെ സത്യമില്ല. ഇവിടെ സത്യമുണ്ട്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ പരാജയപ്പെടുകയല്ല. പരാജയപ്പെടാതിരിക്കാൻ കാര്യം ഒരുപാട് പരാജയപ്പെട്ട സമയത്താണ് മഹാത്മാഗാന്ധി ബ്രിട്ടീഷുകാരോട് പറഞ്ഞത് ഞങ്ങൾ ഭാവിയിൽ പരാജയപ്പെടുകയില്ല കാരണം ഞങ്ങളുടെ ഭാഗത്ത് സത്യമുണ്ടെന്നുള്ളതാണ്. ജനാധിപത്യത്തിന്റെ തെളിനീരൊഴുകുന്ന കാലത്താണ് അരുവിക്കരയിൽ ജി. കാർത്തികേയൻ ജയിച്ചത്. കാർത്തികേയൻ ജയിച്ചതിന്റെ ഭംഗി ഇപ്പോഴില്ല. ഇപ്പോൾ ജയിച്ചത് ജനാധിപത്യ മതേതരത്വ അരുവിക്കരയിലല്ല, തെളിനീരിലല്ല, ഒരുപാട് ചുഴിയും ഒരുപാട് കയവുമൊക്കെയുള്ള വർഗ്ഗീയതയുടെ അരുവിക്കരയിലാണ്

ജയിച്ചത്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം, യരുസലേം ദേവാലയത്തെ കള്ളന്മാരുടെ ഗുഹയാണെന്നാണ് യേശുദേവൻ ഒരിക്കൽ വിശേഷിപ്പിച്ചത്. കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഇത് ഇടിഞ്ഞു നശിക്കുമെന്ന് അദ്ദേഹം അഭിലഷിക്കുകയും ചെയ്തു. അവിടത്തെ ദൈവശാസ്ത്രജ്ഞന്മാരെ കുരുടന്മാരായ വഴികാട്ടികൾ എന്നാക്ഷേപിച്ചു. അതുപോലെ യു.ഡി.എഫ്. ഭരണകൂടത്തെ കള്ളന്മാരുടെ ഗുഹയെന്നാണ് രാഷ്ട്രീയ കേരളം വിശേഷിപ്പിക്കുന്നത്. ഈ ദുർഭരണം കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഭാവിയിൽ ഇടിഞ്ഞ് നശിക്കും. ഇവിടെ മന്ത്രിമാർ എന്നുപറയുന്നത് കുരുടന്മാരായ വഴികാട്ടികളാണ്. അതിന് തെളിവാണ് ഇവിടെ വന്നത്. മറ്റു വകുപ്പുകളെ ക്കുറിച്ചൊന്നും പറയുന്നില്ല.

<u>ശ്രീ. കെ. അച്യുതൻ</u>:- ശ്രീ. മുല്ലക്കര രത്നാകരൻ പ്രസംഗിച്ചപ്പോൾ മൂന്നു നാലു പ്രാവശ്യം കൃഷ്ണൻകുട്ടി കമ്മീഷനെക്കുറിച്ച് പറഞ്ഞു. 32 ഏക്കർ നിലമുള്ള മുൻ എം.എൽ.എ. കൂടിയായ ശ്രീ. കെ. കൃഷ്ണൻ കുട്ടി, 32 ഏക്കറിൽ ഒരിഞ്ച് ഭൂമിയിൽപ്പോലും നെൽകൃഷി ചെയ്യാതെ മുഴുവനും തെങ്ങും കമുകും ജാതിയുമാണ് വച്ചിരിക്കുന്നതെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:- സർ, കൃഷ്ണൻകുട്ടിയുടെ വ്യക്തിജീവിതത്തെക്കുറിച്ചല്ല, അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞ

കർഷകാനുകൂല്യ കാര്യങ്ങൾ നടപ്പാക്കാൻ കേരള ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:- സർ, പോയിന്റ് ഓഫ് ഓർഡർ,.... ഇവിടെ എല്ലാവരും ബൈബിൾ ഉദ്ധരിക്കുകയാണ്. യറുസലേം കള്ളന്മാരുടെ ഗുഹയാണെന്ന് അതിൽ എവിടെയാണ് പറയുന്നത്. ഇത് ശരിയല്ല, ഇങ്ങനെയൊന്നും പറയരുത്.

ശ്രീ. മുല്ലക്കര രത്നാകരൻ:- സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടിയാണ് പിന്താങ്ങുന്നത്. വിപ്ലവകരമായ പ്രവർത്തനങ്ങളും വികസനമുന്നേറ്റവുമായി മുന്നോട്ടുപോകുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം പോലും നേടിയത് നമ്മുടെ പ്രവർത്തനത്തിന്റെ മികവുകൊണ്ടുതന്നെയാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഈ ഗവൺമെന്റിന്റെ ഏറ്റവും മിന്നുന്ന പ്രകടനം കാഴ്ചവെച്ച പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം വാചാലനല്ല പക്ഷേ കർമ്മനിരതനാണ്. അതുകൊണ്ടുതന്നെയാണ് കൃത്യമായ ആസൂത്രണത്തിലൂടെ ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ മുമ്പൊരിക്കലും ഇല്ലാത്ത വികസന നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തിന്

സാധിച്ചത്. 3000 കോടി രൂപയുടെ 7600 കി.മീറ്റർ റോഡുകളും 157 പാലങ്ങളുമാണ് ഇവിടെ യാഥാർത്ഥ്യമായിട്ടുള്ളത്. ദിവസങ്ങൾക്കുള്ളിൽ എന്റെ മണ്ഡലത്തിൽ 18 കോടി രൂപയുടെ പാലം ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. ഒരുപക്ഷേ ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത നേട്ടമാണ് കേരളത്തിൽ കൈവന്നിട്ടുള്ളത്. 1500 ഓളം പി.ഡബ്ല്യൂ.ഡി. കെട്ടിടങ്ങൾ ഇവിടെ യാഥാർത്ഥ്യമാവുകയാണ്. നാലുവർഷം കൊണ്ട് 40 വർഷത്തെ നേട്ടമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. 10700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗുണമേന്മയുടെ കാര്യത്തിൽ എല്ലാം സുതാര്യമാക്കിയിരിക്കുകയാണ് ഈ ഗവൺമെന്റ്. ഇ - ടെണ്ടറിന്റെ കാര്യത്തിലായാലും ഇ -പേയ്മെന്റിന്റെ കാര്യത്തിലായാലും വളരെ സുതാര്യമായി ഏതൊരു ആരോപണത്തിനും വിധേയമല്ലാത്ത രൂപത്തിൽ പരക്കെ അംഗീകാരം നേടികൊണ്ട് ഈ രംഗത്ത് മുന്നോട്ട് പോവുകയാണ്. ഗ്രീൻ ബിൽഡിംഗ് പോളിസി ഈ ഗവൺമെന്റിന്റെ നേട്ടമായി കാണുകയാണ്. കാലഹരണപ്പെട്ട, 1972 കാലഘട്ടത്തിലെ മാന്വലാണ് ഇപ്പോൾ പരിഷ്ക്കരിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ക്വാളിറ്റി പരിശോധിക്കുന്നതിനുവേണ്ടിയുള്ള, ക്വാളിറ്റി ലാബിന്റെ പ്രവർത്തനം വളരെ സുതാര്യമായി നടക്കുകയാണ്. ടെണ്ടർ നടപടിയിൽ സംശയങ്ങളില്ല,

ആശങ്കകളില്ല, പേയ്മെന്റ് കുറ്റമറ്റ രൂപത്തിൽ കൃത്യമായി നൽകുന്നതിനുവേണ്ടി സാധിക്കുന്നു. അങ്ങനെ വളരെ ഭംഗിയായി വ്യവസ്ഥാപിതമായ നടത്തുന്ന ഗവൺമെന്റെന്ന നിലയിലാണ് ഈ അഭിനന്ദനം. നിരവധി കോടികളുടെ ബൈപാസാണ് യാഥാർത്ഥ്യമായിട്ടുള്ളത്. കോഴിക്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്കിനെ സംബന്ധിച്ച് പത്രങ്ങളിൽ നിരവധി തവണ വാർത്ത വന്നിട്ടുള്ളതാണ്. 153 കോടി രൂപയുടെ ബൈപാസാണ് അവിടെ യാഥാർത്ഥ്യമാകാൻ പോകുന്നത്. 400 ദിവസം കൊണ്ട് 100 പാലങ്ങൾ. കോടിക്കണക്കിന് വരുന്ന തീർത്ഥാടകരുടെ അഭയകേന്ദ്രമായ ശബരിമലയിൽ മൂന്നുവർഷം കൊണ്ട് മുഴുവൻ റോഡുകളും ഗതാഗതയോഗ്യമാക്കി പൂർണ്ണമായും അറ്റകുറ്റപണികൾ നടത്തിയതിന് തീർത്ഥാടകരുടെ നിരന്തരമായ അഭിനന്ദനം നമുക്ക് ലഭിച്ചിരിക്കുകയാണ്. ശബരിമലയിൽ ഹെവി മെയിന്റിനൻസ് വർക്കിനുവേണ്ടി 59 കോടി രൂപയാണ് അഞ്ച് റോഡുകൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. 11 കോടി രൂപയുടെ മുതൽമുടക്കിൽ കോന്നിയിൽ പിൽഗ്രിം സെന്റർ വന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഗ്രാമീണ റോഡുകൾക്ക് നൽകുന്ന പ്രാധാന്യമാണ് മലയോര കുടിയേറ്റ മേഖലയായ എന്റെ മണ്ഡലം പോലുള്ള പ്രദേശങ്ങൾക്ക് തീർച്ചയായും അങ്ങേയറ്റം സന്തോഷകരമായിട്ടുള്ളത്. ഈ

സന്ദർഭത്തിൽ ഒരുകാര്യം ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലവട്ടം ആവർത്തിച്ചിട്ടുള്ള അഞ്ച് ബൈപാസുകളുടെ കാര്യം പറഞ്ഞു. ആ അഞ്ച് ബൈപാസിൽ, അദ്ദേഹം മുന്തിയ പരിഗണന നൽകിയിട്ടുള്ളത് വയനാട് ബൈപാസ് റോഡിനാണ്. എൻ.എച്ച്. 212-ലെ ബൈപാസ് നിരവധി ദൂരം ലാഭിക്കാവുന്ന തരത്തിലുള്ള ആ ബൈപാസ്, പതിനായിരക്കണക്കിന് വാഹനങ്ങൾ ഓരോ ദിവസവും വന്നുപോകുന്ന മെയിൻറോഡിന്റെ ഗതാഗതകുരുക്ക് വളരെയേറെ പ്രയാസമുണ്ടാക്കുന്നു. അടിയന്തരമായി ഇതിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള ശ്രമം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ റോഡുകൾ യാതൊരു തത്ത്വദീക്ഷയില്ലാതെ വെട്ടിപ്പൊളിക്കുകയാണ്. വാട്ടർ അതോറിറ്റി ആയാലും കെ.എസ്.ഇ.ബി. ആയാലും ഒരു ഏകോപനത്തിന്റെ കുറവ് ആ രംഗത്തുണ്ട്. തീർച്ചയായും അത് ഗൗരവമായി കാണണം. പലപ്പോഴും ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഒരു ഏകോപനത്തിന്റെ കുറവാണ് അത്തരം സാഹചര്യങ്ങൾ ഉണ്ടാക്കുന്നതെന്ന് ഗൗരവമായി ചിന്തിക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു കർഷകനെന്ന നിലയിൽ അദ്ദേഹത്തിന്റെ നേട്ടങ്ങൾ ആർക്കും കുറച്ചുകാണാൻ വേണ്ടി സാധ്യമല്ല. അത്ഭുതകരമായ മാറ്റമാണ് ഈ രംഗത്ത് ഉണ്ടാക്കിയിട്ടുള്ളത്.

നമുക്ക് അന്യം നിന്നുപോയ്കൊണ്ടിരിക്കുന്ന നെൽകൃഷി ഇപ്പോൾ നമ്മൾ വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ നാളികേരവും പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുവരികയാണ്. 18 ലക്ഷം കർഷകർക്കാണ് കർഷക രജിസ്ട്രേഷൻ പദ്ധതിയുടെ ഭാഗമായി ഇന്ന് നിരവധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. കർഷക പെൻഷൻ, പണ്ട് നെൽകൃഷിക്കാർക്ക് മാത്രം നൽകിയിരുന്ന 300 രൂപ പെൻഷൻ, 60 വയസ് തികഞ്ഞ എല്ലാ കർഷകർക്കും 600 രൂപയായി വർദ്ധിപ്പിച്ചത് ചെറുതായി കാണാൻ സാധിക്കില്ല. പച്ചക്കറി രംഗത്തും വലിയ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികളെ, ഭാവി തലമുറയെ ഇക്കാര്യത്തിൽ സജ്ജരാക്കികൊണ്ട് 55 ലക്ഷത്തോളം കിറ്റുകൾ വിതരണം ചെയ്യുകയും അതിന്റെ റിവ്യൂ നടത്തി ആ രംഗത്ത് 2500 ഓളം സ്കൂളുകൾ കർമ്മനിരതമായി കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങി തിരിച്ചിരിക്കുന്നുവെന്നത് അങ്ങേയറ്റം സന്തോഷകരമായ കാര്യമാണ്. ഗ്രീൻ ഹൗസുകൾ, പോളി ഹൗസുകൾ, വിള ഇൻഷ്വറൻസ് പദ്ധതികൾ അങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒരു കാര്യത്തിൽ മാത്രമാണ് പരാതിയായി പറയാനുള്ളത്. കാലവർഷക്കെടുതിമൂലം നമ്മുടെ കാർഷിക മേഖലയിലുണ്ടാകുന്ന നഷ്ടം കുറച്ചുകാണാൻ സാധ്യമല്ല. വളരെ നാമമാത്രമായ നഷ്ടപരിഹാരമാണ് അവർക്ക് ഇപ്പോൾ ലഭ്യമാകുന്നത്. അതുതന്നെ

കൃത്യമായ സമയത്ത് ലഭിക്കുന്നില്ല. അത് കൃത്യമായ സമയത്ത് ലഭിക്കാനും ആ സംഖ്യ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമകരമായ പ്രവർത്തനം അങ്ങ് നടത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. വിത്തുവണ്ടി - വാസ്തവത്തിൽ അത് നൽകിയ മെസ്സേജ് തീർച്ചയായും അഭിമാനകരമാണ്. നിറവ് പദ്ധതി - ഭാവനാപൂർണ്ണമായ പദ്ധതിയാണ്. 2012-13-ൽ 11 മണ്ഡലങ്ങളിൽ ആരംഭിച്ചത് ബാക്കിയുള്ള മണ്ഡലങ്ങളിൽക്കൂടി ആരംഭിക്കുകയാണ്. നാളികേരം - 2011- ൽ ഈ ഗവൺമെന്റ് വരുന്ന കാലത്ത് മൂന്ന് മുതൽ നാല് രൂപയായിരുന്നു നാളികേരത്തിന്റെ വില. കട്ടുകൊണ്ടുപോകാൻ പോലും ആരെയും കിട്ടിയിരുന്നില്ല. ആ സാഹചര്യത്തിൽ നാളികേരത്തിന് നല്ല മുന്നേറ്റം ആ രംഗത്ത് ഉണ്ടായിരിക്കുകയാണ്. 2013-ൽ നാളികേര സംഭരണം തുടങ്ങി. 2013-ൽ 12 രൂപയായിരുന്ന നാളികേരത്തിന്റെ വിലയിൽ നിന്ന് 32 രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചത് ചെറിയ കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. തെങ്ങുകയറ്റ തൊഴിലാളികൾ - ഞങ്ങളുടെയൊക്കെ പ്രദേശത്ത് തൊഴിലാളികളെ കിട്ടാൻ പോലുമില്ല. ആ രംഗത്ത് ബ്ലോക്കിന്റെ സാമ്പത്തിക സഹായത്തോടെ ഗവൺമെന്റ് മുൻകൈയ്യെടുത്തുകൊണ്ട് അവർക്കാവശ്യമായ പരിശീലനം നൽകാനും യന്ത്രം സബ്സിഡി നിരക്കിൽ നൽകാനും അതോടൊപ്പം തന്നെ പത്തുലക്ഷത്തിൽപ്പരം

കുറിയ തെങ്ങുകൾ സാർവ്വത്രികമായി സംസ്ഥാനത്തുടനീളം നൽകുന്നതിനും സാധിച്ചുവെന്നത് സന്തോഷകരമായ കാര്യമാണ്. നീര, നമ്മുടെ ഏറെക്കാലത്തെ പ്രതീക്ഷയായിരുന്നു. ആ രംഗത്ത് ശക്തമായ കുതിച്ചുചാട്ടം നടത്താൻ നമുക്ക് സാധിച്ചു. ഇപ്പോഴും അത് സാർവ്വത്രികമായിയെന്ന് പറയുന്നില്ല. ആ രംഗത്തുള്ള സാങ്കേതിക തടസ്സങ്ങളൊക്കെ നീക്കി അതിന്റെ മാർക്കറ്റിംഗ് വിപുലപ്പെടുത്തികൊണ്ട് ഓരോ കർഷകനും അതിന്റെ ഗുണഫലം ലഭ്യമാകുന്ന തരത്തിൽ വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. നമുക്കറിയാവുന്നതുപോലെ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ചർച്ച വിഷലിപ്തമായ പച്ചക്കറികൾ തന്നെയാണ്. അതുകൊണ്ട് തന്നെ ജൈവകൃഷി വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം സർക്കാർ ഗൗരവതരമായി കണ്ടുകൊണ്ടിരിക്കുകയാണ്. കൃത്യസമയത്ത് ജൈവ വളവും വിത്തും കർഷകർക്ക് സമയത്തിന് കിട്ടുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരുകാര്യം. അത് സമയത്ത് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. എൻഡോസൾഫാന്റെ പഠനം നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ടുതന്നെ മാരക വിഷമുള്ള കീടനാശിനികളെ ഉറവിടത്തിൽ തന്നെ നശിപ്പിക്കാനും കർശനമായ ശിക്ഷയ്ക്ക് വിധേയമാക്കാനും നമുക്ക് സാധിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഞാൻ കൂടുതലായി ഒന്നും

പറയുന്നില്ല. ഒരല്പം രാഷ്ട്രീയം എല്ലാവരും പറഞ്ഞിട്ടുണ്ട്. ഞാനും പറയുകയാണ്. ഇന്നലെ സി.പി.ഐ.(എം)ന്റെ പോളിറ്റ് ബ്യൂറോ നൽകിയിട്ടുള്ള നിർദ്ദേശവും ഉപദേശവും ഗൗരവമായി കാണാനെങ്കിലും ഇവർക്ക് സാധിച്ചിരുന്നുവെങ്കിൽ എന്ന് പ്രാർത്ഥിക്കാൻ മാത്രമെ നിവൃത്തിയുള്ളൂ. നമുക്കറിയാം എന്തായിരുന്നു അരുവിക്കരയിൽ. പാറപോലെ ഒരു ശിലപോലെയുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ ആരാണ് തെരഞ്ഞെടുപ്പ് നിയന്ത്രിച്ചിരുന്നത്? സഖാവ് പിണറായി വിജയന്റെ കാർമികത്വത്തിൽ അദ്ദേഹം അനിഷേധ്യനേതാവായി രംഗത്തുവന്നു പിന്നെ ഏത് മാളത്തിൽപോയി ഒളിച്ചുവെന്നത് അവർക്കറിയില്ല. അദ്ദേഹം മാളത്തിൽ നിന്നുകൊണ്ടുതന്നെ അരുവിക്കരയെക്കുറിച്ച് ലേഖനം എഴുതി കൊണ്ടിരിക്കുകയായിരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. പരാജയപ്പെടുമെന്ന് കൃത്യമായി ബോധ്യപ്പെട്ടപ്പോഴാണ് സഖാവ് എം.വിജയകുമാർ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലു പിടിച്ച് രംഗത്തിറക്കിയിട്ടുള്ളത്. ശ്രീ. വി.എസ്. അച്യുതാനന്ദനായിരുന്നു താരം. പക്ഷേ, ഇപ്പോഴും അവർക്ക് സത്യം പിടികിട്ടിയിട്ടില്ല, തിരിച്ചറിവ് ഉണ്ടായിട്ടില്ല, പരസ്പരം അങ്കം കുറിക്കുകയാണ് അതിനാണ് പോളിറ്റ്ബ്യൂറോ അവർക്ക് ശക്തമായ നീക്കങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ശക്തമായ താക്കീത് നൽകിയിട്ടുള്ളത് സഖാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ

സാന്നിദ്ധ്യത്തിൽ തന്നെയാണ്. നമുക്കറിയാം ആരാണ് തെരഞ്ഞെടുപ്പ് നിയന്ത്രിച്ചത്? ആ തെരഞ്ഞെടുപ്പിൽ ഇരു മെയ്യാണെങ്കിൽ നമ്മളൊറ്റ കരളല്ലേയെന്ന് പറഞ്ഞുകൊണ്ട് സഖാവ് ആർ. ബാലകൃഷ്ണപിള്ള ഇവരെ നയിച്ചു. പെരുങ്കള്ളനെന്ന് മുദ്രകുത്തി ഈ രാജ്യത്തുടനീളം അപമാനിച്ച ഒരു മനുഷ്യനെ, ഞാൻ അദ്ദേഹത്തെ ജയിലിലടച്ചുവെന്ന് ഊറ്റംകൊണ്ട സഖാവ് വി.എസ്. അച്യുതാനന്ദൻ അദ്ദേഹത്തെ കൂട്ടുപിടിച്ച് തെരഞ്ഞെടുപ്പ് നയിച്ചപ്പോൾ ഈ രാജ്യത്തെ സാധാരണക്കാരായ അരുവിക്കരയിലെ പാവപ്പെട്ട ജനങ്ങൾ, ബഹുമാന്യനായ പാലോട് രവി ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ അവരെ കള്ളന്മാരും കള്ളുകുടിയന്മാരുമൊക്കെയാക്കി മാറ്റി വളരെ വൃത്തികെട്ട രൂപത്തിൽ അവരെക്കുറിച്ച് പറയുമ്പോൾ അവർ ഓർക്കണം വീണ്ടും തെരഞ്ഞെടുപ്പ് വരുമെന്ന്. അതുകൊണ്ട് തന്നെ ആ പ്രദേശത്തെ തെരഞ്ഞെടുപ്പ് ജനങ്ങൾ ഗൗരവതരമായി കാണുകയും ശക്തമായി പ്രതികരിക്കുകയും ചെയ്തു. അത് ഒരു ചെറിയ കാര്യമല്ല. പിന്നെ ഉണ്ടായിരുന്നത് സഖാവ് ശ്രീ. കെ.ബി. ഗണേഷ്കുമാറാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവർക്കൊക്കെ അറിയാവുന്നതുപോലെ അദ്ദേഹത്തിന്റെ മന്ത്രിസഭയും വകുപ്പും കള്ളന്മാരുടെ കൂടാരമാണെന്നും അഴിമതിയുടെ കൂത്തരങ്ങാണെന്നും പറഞ്ഞത് ഞങ്ങളായിരുന്നില്ല. അതുകൊണ്ടാണ് കാലിനടിയിലെ മണ്ണ് ഒഴുകിപോകുന്നത് എന്റെ സഖാക്കൾ

അറിയുന്നില്ലെന്നത് വസ്തുത മാത്രമാണ്. ചെങ്കോട്ടകളൊക്കെ തന്നെ ചീട്ടുകൊട്ടാരങ്ങളായി മാറുന്നത് ഇവരുടെ മസിൽ പവർ, ഇവരുടെ അഹങ്കാരം ഇതുതന്നെയാണെന്ന കാര്യത്തിൽ തർക്കമില്ല. ഈ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പാണ് കണ്ണൂരിൽ ബോംബ് പൊട്ടി പ്രിയപ്പെട്ട സഖാക്കൾ ചിതറി തെറിച്ച് ജീവച്ഛവമായ ആളുകൾ ഇന്നും ജീവിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇവർ ഭൂമിയിലേയ്ക്കിറങ്ങി വന്ന് യാഥാർത്ഥ്യങ്ങൾ തിരിച്ചറിയണമെന്നാണ് എനിക്ക് ഈ കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. ഇവർ എല്ലാ രാഷ്ട്രീയ പാർട്ടികളെയും പോലെയാണെന്ന് മനസ്സിലാക്കിയാൽ തന്നെ പ്രശ്നങ്ങൾ അവസാനിക്കും. ഇവർക്കൊരു എല്ല് കൂടുതലാണ്, അഹങ്കാരത്തിന് കയ്യും കാലും വച്ച രാഷ്ട്രീയ പ്രവർത്തനമാണ് ഇവർ നടത്തുന്നതെന്നതുകൊണ്ട് തന്നെയാണ് ബഹുമാന്യനായ മുഖ്യമന്ത്രി അഞ്ചക്കത്തിൽ ഞങ്ങൾ ജയിക്കുമെന്ന് അസന്നിഗദ്ധമായി പ്രഖ്യാപിച്ചത്, ഈ രാജ്യത്തിലെ ജനങ്ങളോടുള്ള വിശ്വാസമാണ് പ്രതിബന്ധതയാണ് ഈ ഗവൺമെന്റിന്റെ നാലു വർഷത്തെ നേട്ടമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എണ്ണിയാലെടുങ്ങാത്ത നേട്ടങ്ങളുമായിട്ടാണ് ഇവിടെ ശ്രീ. കെ. എം. മാണിസാർ ഇരിക്കുന്നത്. വാസ്തവത്തിൽ വിസ്മയകരമായ നേട്ടമല്ലേ അദ്ദേഹത്തിന്റെ വകുപ്പിൽ ഉണ്ടായിട്ടുള്ളത്. കാരുണ്യ ലോട്ടറിയിലൂടെ 96000

കുടുംബങ്ങളുടെ കണ്ണീരൊപ്പി 760 ഓളം കോടി രൂപ, ഒരു നാണയത്തുട്ടുപോലും ഈ പ്രതിസന്ധിക്കിടയിലും സർക്കാർ ഖജനാവിലേയ്ക്ക് സ്വീകരിക്കാതെ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി നൽകുകയാണ്. ജനസമ്പർക്ക പരിപാടിയിലൂടെ കോടിക്കണക്കിന് രൂപയാണ് പാവങ്ങൾക്കുവേണ്ടി നൽകുന്നത്. ലക്ഷക്കണക്കിന് ആളുകളുടെ അഭയകേന്ദ്രമായ മെഡിക്കൽ കോളേജുകൾ ജില്ലാ ആസ്ഥാനങ്ങളിൽ പോലും ഇന്ന് നിറ സാന്നിദ്ധ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. 10-25 വർഷമായി മെഗാ പദ്ധതികളൊന്നും വരാത്ത സംസ്ഥാനത്തേയ്ക്ക് എത്രയെത്ര പദ്ധതികളാണ് കടന്നുവന്നിട്ടുള്ളത്. അതൊക്കെ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. നമുക്കറിയാം സ്മാർട്ട് സിറ്റി ആയാലും ടെക്നോപാർക്ക് ആയാലും സ്റ്റാർട്ട് അപ് വില്ലേജായാലും ഈ രാജ്യത്തെ പതിനായിരക്കണക്കിന് ചെറുപ്പക്കാർ ഭാവിയിലേയ്ക്ക് കണ്ണുനട്ടിരിക്കുന്ന പ്രതീക്ഷയർപ്പിക്കുന്ന ചെറുപ്പക്കാർക്ക് ലക്ഷക്കണക്കിന് രൂപ പലിശ രഹിത വായ്പകൊടുത്ത് പതിനായിരം മുതൽ ഒന്നരലക്ഷം ആളുകൾക്കുവരെ പ്രത്യക്ഷമായും പരോക്ഷമായും ജോലി സാധ്യത ഉറപ്പു വരുത്തുകയാണ്. അങ്ങനെ നിരവധി മേഖലകളിൽ ഈ സംസ്ഥാനം മുന്നോട്ട് പോകുമ്പോൾ ഇതെല്ലാം കണ്ടില്ലെന്ന് നടിക്കാൻ സാധ്യമല്ല. ഇവർക്ക് ഭൂരഹിതരെ സംബന്ധിച്ചിടത്തോളം പാട്ട് പാടാനും കഥാപ്രസംഗം നടത്താനുമാണ് സി.പി.ഐ. (എം)

തയ്യാറാകുന്നതെങ്കിൽ ഈ ഗവൺമെന്റ് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ 1,20,000-ൽ പരം വരുന്ന ആളുകൾക്ക് പട്ടയം വച്ചുകൊടുക്കുകയും കിടക്കാൻ കൂരയില്ലാത്ത പതിനായിരക്കണക്കിന് പാവങ്ങൾക്ക് വീടുകൾ വച്ചുകൊടുക്കുന്ന നടപടിയുമായി മുന്നോട്ട് പോകുമ്പോൾ ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഇവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന കാര്യമാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഓപ്പറേഷൻ കുബേര ജനങ്ങളുടെ ഒരുപാട് കാലത്തെ സ്വപ്നമാണ്. ഒരു കഷ്ണം കയറിൽ, ഒരുതുള്ളി വിഷത്തിൽ ജീവിതം അവസാനിപ്പിക്കുന്ന കൊള്ള പലിശക്കാരുടെ നീരാളിപ്പിടത്തത്തിൽ അമർന്ന പാവങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള എണ്ണിയാലൊടുങ്ങാത്ത നേട്ടമാണ് ചെയ്തിട്ടുള്ളത്. നാലുവർഷം കൊണ്ട് നാൽപ്പത് വർഷത്തെ നേട്ടം കൈവരിക്കാൻ സാധിച്ച ഒരു ജനകീയ ഗവൺമെന്റാണ് ഇവിടെയുള്ളത്. ജനങ്ങളോട് അങ്ങേയറ്റത്തെ അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഒരിക്കൽകൂടി പിന്താങ്ങുന്നു. ബി.ജെ.പി.യുടെ നീരാളിപിടിത്തത്തിൽ കേരളം അമരുന്നത് കയ്യുംകെട്ടി നിസ്സംഗരായി, നിശ്ചേഷ്ടരായി നോക്കി നിൽക്കാതെ അന്ധമായ കോൺഗ്രസ് വിരോധം

അന്ധമായ യു.ഡി.എഫ്. വിരോധം മാറ്റിവച്ചുകൊണ്ട് ഒന്നിച്ച് ഒരുമിച്ച് മുന്നോട്ടുപോകാൻ സാധിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, കേരളത്തിലെ 162149 കിലോമീറ്റർ റോഡുകളിൽ പതിനാറ് ശതമാനമാണ് പി.ഡബ്ല്യൂ.ഡി.യുടെ കീഴിലുള്ളത്. എന്നാൽ ട്രാഫിക്കിൽ എൺപത് ശതമാനവും ഈ റോഡുകളിലൂടെയാണ്. വർഷംതോറും പത്ത് ശതമാനംവീതം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ബേസിക് ഇൻഫ്രാസ്ട്രക്ച്ചറായിട്ടുള്ള റോഡുകളുടെ പ്രശ്നം വരുന്നത്. ഈ ഗവൺമെന്റ് വർക്കുകൾ നടത്തിയിട്ടില്ലെന്നുപറയാൻ ഞാൻ മുതിരുന്നില്ല. കുറച്ച് വർക്കുകൾ ചെയ്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. സ്വാഭാവികമായുമുണ്ടാകുന്ന ഒരു വളർച്ചയുടെ ഭാഗമായിട്ടല്ലാതെ പ്രത്യേക താൽപ്പര്യമെടുത്ത് ചെയ്യുന്ന എടുത്തുപറയത്തക്ക തരത്തിലുള്ള വർക്കുകളാണ് ഒരു ഗവൺമെന്റിന്റെ മുഖശ്രീ വർദ്ധിപ്പിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കാലത്ത് ചെയ്തുതീർക്കാവുന്നതും ചെയ്തുതീർക്കാൻ കഴിയാത്തതും, എന്നാൽ തുടർന്നുള്ള വർഷങ്ങളിലേയ്ക്കുള്ള ഒരു റോഡ് ഡെലവപ്മെന്റ് പോളിസിയാണ് ആദ്യം ഉണ്ടാകേണ്ടത്. 2009-ലെ ഗവൺമെന്റിൽ ശ്രീ. മോൻസ് ജോസഫ് പൊതുമരാമത്ത്

വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആ പോളിസി പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. നിലവിലുള്ള റോഡുകളുടെ ഇംപ്രൂവ്മെന്റും ഡെവലപ്മെന്റുമൊക്കെ കണക്കിലെടുത്ത് വളരെ വിശദമായാണ് ആ ഫോഴ്സിന്റെ റിപ്പോർട്ടുകൾ വന്നിട്ടുള്ളത്. കേരളത്തിലെ സിങ്കിൾ വേ, ടൂ വേ തുടങ്ങിയ രീതിയിലുള്ള റോഡുകളുടെ ക്ഷമത എപ്രകാരം വർദ്ധിപ്പിക്കാമെന്നുള്ളതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി കൂടിയിട്ട് എത്രകാലമായി; അതിൽ എന്തെങ്കിലും നടക്കുന്നുണ്ടോ? ഒന്നും നടക്കുന്നില്ല. നമ്മുടെ നാട്ടിലെ റോഡ് വികസിപ്പിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. **ബി.എം.ബി.സി.** ഡെവലപ്മെന്റ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ തുടങ്ങിയതാണ്. അന്ന് തുടങ്ങിയത് ഇപ്പോഴും തുടർച്ചയായി വരുന്നുണ്ട്, ഇല്ലെന്നല്ല ഞാൻ പറയുന്നത്. പുതിയതായി ഒരിഞ്ച് ഭൂമി പോലും ഏറ്റെടുക്കാൻ കഴിയാത്ത വിധത്തിലാണ് ലാന്റ് അക്വിസിഷൻ നടപടികളും സർവ്വേ നടപടികളുമൊക്കെ വരുന്നത്. ഒരു ഗവൺമെന്റിന്റെ കാലാവധിയിൽ വർക്ക് ആരംഭിച്ച് ആ ഗവൺമെന്റിന്റെ കാലാവധിയിൽതന്നെ അവസാനിക്കത്തക്ക വിധത്തിലുള്ള റോഡ് വർക്ക് നമ്മുടെ നാട്ടിൽ നടത്താൻ നിവർത്തിയില്ല. ഇതിനൊരു മാറ്റം വരണം. ഒരു നിയോജക മണ്ഡലത്തിന്റെ അതിർത്തിക്കുള്ളിൽത്തന്നെഒരു സെക്ഷൻ ഓഫീസും

അവരുടെ ജ്യൂറിസ്ഡിക്ഷനും വരുന്ന രീതിയിൽ റീ സ്ട്രക്ച്ചർ ചെയ്യണമെന്ന് പറഞ്ഞ് കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി തുടങ്ങിയിരുന്നു. പക്ഷേ അത് ഇടയ്ക്ക് നിന്നുപോയി. ഇപ്പോൾ ഫലത്തിൽ ഒന്നുമില്ല.

കോൺട്രാക്ട് എടുക്കാൻ ആളില്ലെന്നുള്ളതാണ് ഇപ്പോഴത്തെ മറ്റൊരു പ്രശ്നം. കോടിക്കണക്കിന് രൂപയുടെ ടെണ്ടറാണുള്ളത്. പക്ഷേ ടെണ്ടർ എടുക്കാൻ ആളില്ല. എന്താണ് അതിന് കാരണം? ടെണ്ടർ എടുത്തയിനത്തിൽ കൊടുക്കാൻ പൈസയില്ല. അതാണ് പൊതുവായിട്ടുള്ള സ്ഥിതി. പുതിയതായി കോൺട്രാക്ട് എടുക്കാൻ ആളില്ല. എന്റെ നാട്ടിൽ കഴിഞ്ഞ മൂന്നുനാല് വർഷക്കാലമായി കോൺട്രാക്ട് എടുക്കാൻ ആളില്ലാത്ത കോടിക്കണക്കിന് വർക്കുകൾ കിടക്കുകയാണ്. അത് പൂർത്തീകരിക്കുവാൻ താല്പര്യമില്ല. ഇപ്പോഴും പകുതി വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് ചെറിയൊരു ഉദാഹരണം പറയാം. രണ്ടുമൂന്ന് വർഷം മുമ്പ് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ വന്ന് ഏർപ്പാടാക്കിയതിന്റെ അടിസ്ഥാനത്തിൽ കാലടി ശ്രീ ശങ്കര പാലത്തിന്, മദ്ധ്യകേരളത്തിൽ അങ്കമാലി മുതൽ തിരുവനന്തപുരം വരെയുള്ള എം.സി. റോഡിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണിത്. അതിന് കേടുപാടുകൾ സംഭവിച്ചു; ആളുകൾ പ്രശ്നമുണ്ടാക്കി; ഗതാഗതം തടസ്സമായി. അതിനുമുമ്പുതന്നെ 42 കോടി

രൂപ അതിന് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കൊടുത്തിട്ടുമുണ്ട്. മൂന്ന് വർഷം കഴിഞ്ഞിട്ടും അതിന്റെ അലൈൻമെന്റുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അലൈൻമെന്റ് ഉണ്ടാക്കാതിരുന്നത് മറ്റൊന്നുംകൊണ്ടല്ല. ആ പാലത്തിന് സമാന്തരമായി വേറെ പാലം പണിയുമ്പോൾ കൊച്ചിൻ എയർപോർട്ടിലേയ്ക്ക് പോകുന്ന കാലടിയിൽ നിന്നുള്ള റോഡിലേയ്ക്ക് ചേരത്തക്കവിധത്തിൽ ബൈപ്പാസായി പണിതെങ്കിൽ മാത്രമെ 42 കോടി രൂപ മുടക്കുന്നതുകൊണ്ട് ഫലമുണ്ടാവുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായും സാങ്കേതികമായും അതാണ് ഗുണമെന്നും ഭാവിയിൽ അതാണ് ഗുണകരമായി ഭവിക്കുകയുള്ളൂ എന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അലൈൻമെന്റ് അങ്ങനെ ചെയ്യാൻ നിർദ്ദേശിച്ചത്. ഈ ഗവൺമെന്റിന് ക്രിയാത്മകമായ നിഷ്ക്രിയത്വമാണ് പി.ഡബ്ല്യൂ.ഡി. രംഗത്തുള്ളത്.

കെ. കൃഷ്ണൻകുട്ടി കമ്മിറ്റിയുടെ നിർദ്ദേശം ഈ ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി അത് പറയുമല്ലോ. കെ. കൃഷ്ണൻകുട്ടി കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള കാര്യം നടപ്പിലാക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങളുടെ ഭരണകാലം വരുന്നതിനുമുമ്പുള്ള കാര്യമാണ്. ഞങ്ങൾ പാർട്ടി നോക്കിയല്ല ആ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കണമെന്ന് പറഞ്ഞത്. അദ്ദേഹം അറിയപ്പെടുന്ന ഒരു കൃഷിക്കാരനാണ്. കേരളത്തിലെ ഏറ്റവും നല്ല

കൃഷിക്കാരനുള്ള അവാർഡും ലഭിച്ചിട്ടുള്ളതാണ്. അതിൽപ്പറയുന്ന കാര്യങ്ങൾ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ലെന്നാണ് നമുക്കറിയേണ്ടത്. കേരളത്തിലെ കേരകർഷകന്റെ സ്ഥിതിയും ക്ഷീര കർഷകന്റെ ഗതികേടുമെല്ലാം ഒന്നുതന്നെയാണ്.

മൃഗസംരക്ഷണത്തിൽ അകെക്കൂടി സംരക്ഷിക്കുന്ന മൃഗങ്ങൾ നായ്ക്കളാണ്. നായ്ക്കളുടെ സംരക്ഷണം വളരെ ഭംഗിയായി നടക്കുന്നുണ്ട്. ഒന്നും ചെയ്യാൻ കഴിയുന്നില്ല. മറ്റ് മൃഗങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ ക്ഷീണം തന്നെയാണ്. ഗോവധ നിരോധനം വരുമ്പോൾ എന്താണ് സ്ഥിതി എന്നുള്ളതിനെക്കുറിച്ച് ജനങ്ങൾ ആലോചിച്ചിട്ടില്ല. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. കേരളത്തിലെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് കെ.പി. ശങ്കരൻ പറഞ്ഞത്, തെരുവ് നായ്ക്കൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു; നിയന്ത്രിക്കാൻ ആളില്ല. നായ്ക്കൾ കടിക്കുന്ന മനുഷ്യന്റെ അവകാശത്തെക്കുറിച്ച് ചിന്തിക്കാൻ ആളില്ല. നായ്ക്കളെക്കുറിച്ചും നായ്ക്കളുടെ അവകാശത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും പറയുന്ന എന്നുള്ള രീതിൽ ഒരു കമന്റ് പറഞ്ഞു. ഈ നായ്ക്കളെ പിടിക്കാൻ വേണ്ടി ഒരു നിർദ്ദേശം പറഞ്ഞിട്ടുള്ളത് എന്താണ്? നമ്മുടെ നാട്ടിൻപുറത്ത് പറയാറുള്ളത്, കൊക്ക് പാടത്ത് വന്നിരിക്കുമ്പോൾ അതിന്റെ തലയിൽ വെണ്ണ വച്ചാൽ അത് വെയിലത്തിരിക്കുമ്പോൾ കണ്ണിലേയ്ക്ക് ഒലിക്കുന്നതിനാൽ കൊക്കിന് കാണാൻ

കഴിയാതെയാകും. അപ്പോൾ കൊക്കിനെ പിടിക്കാമെന്ന് പറഞ്ഞതുപോലെയാണ് നായ്ക്കളെ പിടിക്കാനുള്ള നിർദ്ദേശം പറഞ്ഞിരിക്കുന്നത്. മൃഗസംരക്ഷണം എന്നുള്ള രീതിയിൽ തെരുവ് നായ്ക്കളെ മാത്രമാണ് നമ്മുടെ നാട്ടിൽ സംരക്ഷിക്കപ്പെടുന്നതെന്ന് പറയാൻവേണ്ടിയാണ് ഞാനിത് സൂചിപ്പിച്ചത്. നമ്മുടെ നാട്ടിൽ കർഷകർ നൽകിയിട്ടുള്ള നെല്ലിന്റെ വില തിരിച്ചുകൊടുത്തിട്ടില്ല. എത്ര കോടി രൂപയാണ് കൊടുക്കാനുള്ളത്. എത്ര കോടി രൂപയാണ് കുട്ടനാട് പാക്കേജിന് കേന്ദ്രം അനുവദിച്ചത്. 2140 കോടി രൂപയുടെ ഒരു പ്രോജക്ടാണ്. അത് എന്തായി? അതുപോലെതന്നെ ഇടുക്കി പാക്കേജും എന്തായി? ഇതിനൊക്കെ ചരമക്കുറിപ്പെഴുതാനല്ലാതെ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇത് വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ ഒരു പരിപാടിയാണ്. ഇതൊന്നും നടപ്പിലാക്കാൻ നമുക്ക് കഴിയുന്നില്ല. ഇങ്ങനെ പോയാൽ മതിയോ? കേന്ദ്ര ഗവൺമെന്റ് ചെറുകിട കർഷകർക്കുള്ള മൂന്നര ലക്ഷം രൂപവരെയുള്ള പലിശ സബ്സിഡി നിർത്താൻ പോകുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഈ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? കൃഷി ഭൂമി ഏറ്റെടുക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് നടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? അതിനെക്കുറിച്ചൊക്കെ ആലോചിക്കാതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. അതാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. രണ്ടു മന്ത്രിമാരെക്കുറിച്ചും പ്രതിപക്ഷത്തുനിന്ന് കാര്യമായിട്ടുള്ള വിമർശനമൊന്നും പറയുന്നില്ല. ശ്രീ. ജോസ് തെറ്റയിൽ, പി.ഡബ്ല്യു.ഡി.യിൽ കുറെ കാര്യങ്ങൾ നടക്കുന്നുണ്ട് എന്നാണ് പറഞ്ഞത്. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തെ സന്തോഷത്തോട സ്വാഗതം ചെയ്യുന്നു. അവസാനം അദ്ദേഹം ക്രിയാത്മകമായ നിഷ്ക്രിയത്വം എന്നും പറഞ്ഞു. യഥാർത്ഥത്തിൽ നിഷ്പക്ഷമായി ആര് പരിശോധിച്ചാലും നമുക്കറിയാം കഴിഞ്ഞുപോയ നാലുവർഷം കേരളചരിത്രത്തിൽ പൊതുമരാമത്ത് വകുപ്പിൽ റെക്കോർഡ് വേഗതയിൽ ജോലികൾ നടന്ന സമയമാണ് എന്നുള്ളത്. അതൊരു ചെറിയ കാര്യമാണോ; ഇന്ന് 11,000 കോടി രൂപയുടെ വർക്കാണ് പി.ഡബ്ല്യു.ഡി.യിൽ നടക്കുന്നത്. അതിനെ നിഷ്ക്രിയത്വം എന്ന് എങ്ങനെ പറയും. അതുപോലെ കിലോമീറ്റർ കണക്കാക്കിയാൽ, രണ്ട് സ്റ്റേജ് നടന്നു കഴിഞ്ഞതും നടക്കുന്നതും കൂടി നോക്കുമ്പോൾ 10,700 കിലോമീറ്റർ റോഡ്. അത് ചെറിയ സംഗതിയാണോ? 157 പാലങ്ങളുടെ പണി ഈ സമയത്തിനകത്ത് ചെയ്തു തീർത്തു എന്നു പറയുന്നു. പൊതുമരാമത്തു വകുപ്പിൽ പുതിയ രീതിയിൽ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യുകയാണ്. ഇന്നത്തെ കാര്യം മാത്രമല്ല,

നാളത്തെ കേരളം, ഇന്നത്തെ രൂക്ഷമായ പ്രശ്നങ്ങൾ, ഗതാഗതക്കുരുക്ക്, സ്പീഡ് കേരള പ്രോഗ്രാം, മുടങ്ങിക്കിടന്ന പദ്ധതികൾ, ഞാൻ നിയമസഭയിൽ വന്ന കാലം മുതൽ കേൾക്കുന്നതാണ് കൊല്ലം-ആലപ്പുഴ ബൈപ്പാസ്. 35 വർഷങ്ങളായി ഇതുവരെ മോചനം ഇല്ലായിരുന്നു. അതുപോലുള്ള 5 നാഷണൽ ഹൈവേയിലെ ബൈപ്പാസിനാണ് പരിഹാരമായിരിക്കുന്നത്. എല്ലാത്തിനും ഒരു പുതിയ മാറ്റം; നല്ല പെർഫോമൻസ്; അതുകൊണ്ടാണല്ലോ പി.ഡബ്ള്യു.ഡി. മിനിസ്റ്ററെ ബെസ്റ്റ് മിനിസ്റ്ററായി ഒരവസരത്തിൽ തെരഞ്ഞെടുത്തത്. ജനാഭിപ്രായത്തിന്റെ ഒരു പ്രതികരണ മായിരുന്നു അത്. ഞാൻ പറഞ്ഞത് അങ്ങനെ കാര്യങ്ങൾ നീങ്ങുമ്പോൾ അത് അംഗീകരിക്കുവാനുള്ള ഒരു മനസ്സ് കൂടി കാണിക്കണം. പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരിക്കുന്നത് ചെറിയ കാര്യമാണോ; 40 വർഷം ആയി; അത് പരിഷ്കരിച്ചുകൊണ്ടുവന്നാൽ നേട്ടം എന്താണ്? അപ്പോൾ പുത്തൻ പദ്ധതികൾ പലതും ഏറ്റെടുക്കാൻ സാധിക്കും. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു സജഷൻ വയ്ക്കുകയാണ്, അങ്ങ് പ്ലാസ്റ്റിക് ചേർത്ത് ടാറിംഗ്, റബ്ബറൈസ്ഡ് റോഡുകൾ എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയിട്ടുണ്ട്. പക്ഷെ അതിന്റെ quantity പോരാ. ഒരുപാട് അളവിൽ റബ്ബർ ഉപയോഗിച്ചില്ലെങ്കിലും നമ്മുടെ നാട്ടിലെ റബ്ബർ കർഷകർക്കും ആശയും പ്രതീക്ഷയുമൊക്കെ വരണമല്ലോ. അതുപോലെ പ്ലാസ്റ്റിക്

ചേർത്ത ടാറിംഗ് എന്നുള്ളത് നമ്മുടെ നാട്ടിൽ മാലിന്യനിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമുള്ള നല്ലൊരു സംവിധാനമാണ്. ആ രണ്ടു കാര്യങ്ങളിലും അങ്ങ് പ്രത്യേകമായി ഊന്നൽ കൊടുക്കണം. കൃഷിയെ സംബന്ധിച്ച് പെർഫോമൻസിന്റെ കാര്യത്തിൽ പുതിയ പ്രതീക്ഷ കേരളത്തിനുണ്ട്. കൃഷിക്കാർ വലിയ വെല്ലുവിളികളുടെയും പ്രശ്നങ്ങളുടെയും നടുവിലാണ്. റബ്ബർ കർഷകർ ഈ കടന്നുപോയ മാസങ്ങളിൽ അനുഭവിച്ച വേദന നാം മനസ്സിലാക്കിയതാണ്. ഇന്ന് ഏതായാലും രജിസ്ട്രേഷൻ തുടങ്ങി, 300 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചു. അതിന്റെ പ്രോഗ്രസ്സ് നല്ലവണ്ണം വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യണമെന്ന് ഞാൻ കൃഷി വകുപ്പുമന്ത്രിയോട് പ്രത്യേകമായി അപേക്ഷിക്കുകയാണ്. കൃഷിക്കാർക്ക് ഇനിയൊരു അപകടവും വരാതെ ഇപ്പോഴുള്ള സംഭരണം പരാജയപ്പെടാതെ ഈ പറയുന്ന വില അവർക്ക് കിട്ടത്തക്കവണ്ണം അതിന്റെ സംഭരണത്തിൽ കൃഷി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങേയ്ക്ക് ഇതിൽ ഒരു ശ്രദ്ധ വേണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് അങ്ങ് സൂചിപ്പിച്ചു. ഗവൺമെന്റ് വലിയൊരു കാര്യം ചെയ്തിരിക്കുകയാണ്. സമീപ ദിവസങ്ങളിൽ ഉണ്ടായ ഒരു പ്രധാനപ്പെട്ട പ്രശ്നം രജിസ്ട്രേഷനുമായി

ബന്ധപ്പെട്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് കർഷകർക്കുള്ള അറിവില്ലായ്മ, ഇക്കാര്യത്തിൽ ഒരു പരിചയവുമില്ലാതെ അവർ ആദ്യമായി ചെയ്യുന്ന കാര്യമായതിനാൽ ഈ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ടുവരേണ്ടത് ആവശ്യമല്ലേ?

ശ്രീ. സി. എഫ്. തോമസ്: സർ, മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഒരു ടീമായി നിന്നാണ് ഇക്കാര്യത്തിൽ വർക്ക് ചെയ്യുന്നത്. എനിക്ക് തോന്നുന്നത് കൃഷി വകുപ്പുമന്ത്രി പ്രത്യേകിച്ച് താല്പര്യം എടുക്കണമെന്നാണ്. കൃഷിക്കാരെ സംബന്ധിച്ച് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഈ പരീക്ഷണം വലിയ കുഴപ്പം വരുത്തുന്നില്ല എന്നു തോന്നുന്നു. അത് വിജയകരമായി മുന്നോട്ട് കൊണ്ടുപോകണം. രണ്ട്, കൃഷിക്കാരോട് ആഭിമുഖ്യമുള്ള ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിലാണ് 300 കോടിരൂപ വളരെ പ്രയാസപ്പെട്ട് ഇതിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചത്. 300 കോടിരൂപ കൊണ്ട് എന്ത് ആകാനാണ്? കേന്ദ്രസർക്കാരിനോട് വിലസ്ഥിരതാ ഫണ്ട് നമ്മൾ ആവശ്യപ്പെട്ടു. പക്ഷേ അതിന്റെ ഗൗരവം കുറയ്ക്കരുത്. നമുക്കൊരു കുഴപ്പമുണ്ട്. ഒന്നുരണ്ട് പ്രാവശ്യം ആവശ്യപ്പെടും, പിന്നീട് അതിന്റെയൊരു ഫോളോ അപ് ഇല്ല. കേന്ദ്രത്തിന്റെ

വിലസ്ഥിരതാ ഫണ്ടിൽ നിന്ന് 500 കോടി രൂപ കിട്ടുന്നതിനുവേണ്ടി ശ്രമിക്കണം. ആയിരം കോടി രൂപ അവിടെ വെറുതെയിരിക്കുകയാണ്. ഇപ്പോൾ പാർലമെന്റ് സമ്മേളനം തുടങ്ങാൻ പോകുകയാണ്. നമ്മുടെ എം.പി.മാരെക്കൊണ്ട് ഇക്കാര്യം ആവശ്യപ്പെടാനും തുടർച്ചയായി നിവേദനങ്ങൾ നടത്താനും വിലസ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ വാങ്ങാനുമുള്ള നടപടികൾ അങ്ങ് സ്വീകരിക്കണം.

ചീഫ് വിപ്പ് (<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>): സർ, റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരു നടപടിയാണിത്. എല്ലാ റബ്ബർ കർഷകരുടെയും വസ്തുവിന് പട്ടയം ലഭിച്ചിട്ടില്ല. പട്ടയം ഇല്ലാത്ത വസ്തുക്കളിലും നിരവധി കർഷകർ കൃഷി ചെയ്യുന്നുണ്ട്. പട്ടയം ഇല്ലാത്ത സാഹചര്യത്തിൽ അത് പരിഹരിക്കാതെ എങ്ങനെയാണ് അവർക്ക് സബ്സിഡി കിട്ടുന്നത്? അതിനുവേണ്ടിയുള്ള ഒരു മാർഗ്ഗം ആരായേണ്ടത് സംബന്ധിച്ച് വളരെ ഗൗരവായി ചിന്തിക്കേണ്ടതല്ലേ?

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ഇത്തരം പ്രശ്നങ്ങൾ ധാരാളമുണ്ട്. ഇതുപോലുള്ള പ്രശ്നങ്ങൾ തീർച്ചയായും ഇങ്ങനെയുള്ളൊരു ദിവസമാണ് അങ്ങയുടെ ശ്രദ്ധയിൽ കൂടുതലായി കൊണ്ടുവരാൻ സാധിക്കുന്നത്. അതുകൊണ്ട് പട്ടയം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലേക്ക് അങ്ങയുടെ ശ്രദ്ധ പ്രത്യേകമായി ക്ഷണിക്കുന്നു.

നെൽകൃഷി മേഖലയിൽ അങ്ങ് കൊണ്ടുവന്നിരിക്കുന്നത് നല്ല പരിഷ്കാരങ്ങളാണ്. കുട്ടനാടൻ കർഷകരെ സംബന്ധിച്ച് നെല്ലിന്റെ വില ഏപ്രിൽ 8 വരെയുള്ളവർക്ക് കൊടുക്കുമെന്ന് പറഞ്ഞെങ്കിലും ഏപ്രിൽ 19 വരെയുള്ളവർക്കും കിട്ടിത്തുടങ്ങിയിട്ടുണ്ട്. അത്രയും ആശ്വാസമായി. ഇന്ന് വലിയ പ്രശ്നമായി കാണുന്ന രണ്ടുകാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കുട്ടനാട് പാക്കേജിൽ വന്നിരിക്കുന്നത് ചെറിയ കുഴപ്പമല്ല. അതിൽ വലിയ പ്രതീക്ഷ അർപ്പിച്ചതാണ്. കുട്ടനാട്ടിലെ ആയിരക്കണക്കിന് പാടശേഖരങ്ങളുടെ പുറംബണ്ട്, അതിന്റെ അടിസ്ഥാനസൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നു പറയുന്നത് പാടശേഖരങ്ങളുടെ പുറംബണ്ടാണ്. ഈ ബണ്ട് എങ്ങനെ കെട്ടി സംരക്ഷിക്കും? ആയിരക്കണക്കിന് കോടി രൂപ വേണം. കുട്ടനാട് പാക്കേജിലായിരുന്നു വലിയ പ്രതീക്ഷ ഉണ്ടായിരുന്നത്. അതിപ്പോൾ സ്തംഭനാവസ്ഥയിലായതിനാൽ എന്താണ് ഒരു പരിഹാരമാർഗ്ഗം എന്നുള്ളത് പെട്ടെന്ന് കണ്ടുപിടിച്ച് കേന്ദ്ര ഗവൺമെന്റ് സഹായം ആവശ്യമുണ്ടെങ്കിൽ അതിനുവേണ്ടിയുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണം. ആപത്തുവന്ന് കഴിഞ്ഞിട്ട് അത് പരിഹരിക്കാനുള്ള ശ്രമം അപകടത്തിലേക്ക് നീങ്ങും. അതോടൊപ്പംതന്നെ കാർഷിക മേഖലയിൽ അങ്ങ് തുടങ്ങിയിരിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ വളരെ പ്രതീക്ഷ നല്കുന്ന ഒന്നാണ്.

കാരണം ഇപ്പോഴും പാടശേഖരങ്ങളിൽ തൊഴിലാളികളുടെ ക്ഷാമം നല്ലവണ്ണമുണ്ട്. ഇപ്പോഴും പലകാര്യത്തിലും തൊഴിലാളികളെ കിട്ടാനില്ല. കൊയ്ത്ത് യന്ത്രം വന്നപ്പോൾ ആ രംഗത്തുള്ള പ്രശ്നത്തിന് പരിഹാരമായി. മെതി യന്ത്രം വന്നപ്പോൾ ആ രംഗത്ത് വലിയ ആശ്വാസമായി. പക്ഷെ, മറ്റ ജോലികൾ ചെയ്യുവാനുള്ള ആളുകൾ ഇപ്പോഴും കുറവാണ്. അതുകൊണ്ട് അവിടെയും യന്ത്രവൽക്കരണം ആവശ്യമാണെങ്കിൽ ഇപ്പോൾ തുടങ്ങിയിരിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ കാര്യക്ഷമമാക്കിക്കൊണ്ട് പുതിയ യന്ത്രങ്ങൾ കർഷകരെ പരിചയപ്പെടുത്തിക്കൊടുക്കുവാനും അവർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കുവാനും ഈ സർവ്വീസ് സെന്ററുകളുടെ സേവനം അങ്ങ് നല്ലവണ്ണം ഉപയോഗിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന തൊഴിൽസേന, കർമ്മസേന എന്നുള്ളതും നല്ല ആശയമാണ്. ധാരാളം രംഗങ്ങളിൽ തൊഴിലാളികളെ കിട്ടാതെ വരുമ്പോൾ ഈ കർമ്മസേനയും തൊഴിൽസേനയും ഒരു ആശ്വാസമായി മാറും. ഇത് കുറച്ച് സ്ഥലങ്ങളിൽ മാത്രമേ ആയിട്ടുള്ളൂ. അതുകൊണ്ട് എല്ലാ കൃഷിസ്ഥലങ്ങളിലും കൃഷിഭവനുകളുടെ ചുമതലയിൽ കർമ്മസേനയും തൊഴിൽസേനയും ശക്തിപ്പെടുത്തുവാനുള്ള നീക്കം ഏറെ പ്രതീക്ഷയുള്ളതാണ്. കേരകർഷകരെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സി. കെ. സദാശിവൻ പറഞ്ഞു, ഞങ്ങളുടെ മറുപടി കേൾക്കാൻ അവർ

ഉണ്ടായിരിക്കില്ലെന്നും പറഞ്ഞു. കേരകർഷകർ ഇന്ന് വലിയ പ്രതീക്ഷയിലാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ ആരംഭിച്ച നീരയുടെ വിപണനം വലിയ പ്രതീക്ഷയാണ് തന്നിരിക്കുന്നത്. നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നീര വിപണിയിൽ ഇറക്കിയിരിക്കുന്നത് കേരകർഷകരെ സംബന്ധിച്ച് ശുഭപ്രതീക്ഷയാണ് നല്കുന്നത്. അതുപോലെ കേര സമൃദ്ധി പദ്ധതി, തകർന്നുകൊണ്ടിരിക്കുന്ന തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ജോലിക്കാരെ വേണ്ടാത്ത തരത്തിൽ പൊക്കംകുറഞ്ഞ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന വലിയ പദ്ധതിയായ കേരസമൃദ്ധിക്കുവേണ്ടി അങ്ങ് 10 കോടി രൂപയാണ് ഇപ്പോൾ വച്ചിരിക്കുന്നത്. ആ തുക കൂട്ടി കൂടുതൽ തൈകൾ വ്യാപകമായി എല്ലാ ജില്ലകളിലും വിതരണം ചെയ്യാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. അങ്ങ് ആവിഷ്കരിച്ചു കൊണ്ടുവരുന്ന കാർഷികനയം പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ വിഷമിച്ചു നില്ക്കുന്ന ജനവിഭാഗമായ കർഷകന്റെ ദുരിതത്തിന് ആശ്വാസമായി കാർഷികനയത്തെ മാറ്റണം. അതോടൊപ്പം കേരളത്തിലെ എല്ലാ ജനങ്ങളുടെയും പ്രശ്നമായി മാറിയ വിഷം നിറഞ്ഞ പച്ചക്കറി ഇല്ലാതാക്കുന്നതിനുവേണ്ടി അങ്ങ് ആവിഷ്കരിച്ചുകൊണ്ടു വന്നിരിക്കുന്ന 'ജൈവ സംസ്ഥാനം 2016,' അടുത്ത വർഷം കേരളത്തെ ജൈവ

സംസ്ഥാനമായി മാറ്റും എന്നുള്ള ശക്തമായ പ്രഖ്യാപനം നടപ്പിലാക്കുവാൻ എല്ലാ നിയോജക മണ്ഡലങ്ങളിലും കൃത്യമായി അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി കൊണ്ടുപോകാനുള്ള നടപടികൾ എടുക്കുകകൂടി ചെയ്യണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നല്ല പെർഫോമൻസ് നടത്തിയ ഈ രണ്ട് മന്ത്രിമാരേയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ ശക്തിയായി പിന്താങ്ങുകയാണ്.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള കൃഷി-മൃഗസംരക്ഷണ വകുപ്പിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും ധനാഭ്യർത്ഥന കളെ ഏറെ അഭിമാനപൂർവ്വം ഞാൻ പിന്താങ്ങുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന വകുപ്പുകളാണ് പൊതുമരാമത്ത് വകുപ്പും കൃഷി വകുപ്പും. കേരളത്തിന്റെ മന്ത്രിസഭാ രൂപീകരണ സമയത്ത് മുന്നോട്ടുവച്ച 'വികസനവും കരുതലും', 'അതിവേഗം ബഹുദൂരം' എന്നീ മുദ്രാവാക്യങ്ങളെ അന്വർത്ഥമാക്കുന്ന വകുപ്പുകളായി ഈ വകുപ്പുകൾ മാറിയിരിക്കുന്നു. പൊതുമരാമത്ത് വകുപ്പും കൃഷിവകുപ്പും കേരളത്തിലെ ജനങ്ങളുടെ മുന്നിൽ നെഞ്ചുയർത്തി നിൽക്കാവുന്ന സ്ഥിതിയിൽ മുന്നോട്ടു പോകുകയാണ്. ബഹുമാന്യനായ സി. എഫ്. തോമസ് സൂചിപ്പിച്ചതുപോലെ അപ്പുറത്തിരിക്കുന്നവർക്കുപോലും പരാതി പറയാൻ

അവസരമില്ലാത്ത വകുപ്പുകളായി ഈ രണ്ട് വകുപ്പുകളും ഇന്നത്തെ ചർച്ചയിൽ പ്രതിഫലിക്കുന്നു എന്നത് ഒരു വലിയ കാര്യമാണ്. കാർഷിക മേഖലയേയും കർഷകരേയും അവഗണിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ട് പോകാൻ കഴിയുകയില്ല. മുൻഭരണകാലത്ത് അല്പദൂരം യാത്രചെയ്താൽ അത് ദുരിതയാത്രയായി ഏതൊരാൾക്കും തോന്നുമായിരുന്നു. ഒരു വകുപ്പുമന്ത്രി കൈ പുറകോട്ടുകെട്ടി ഒരു പ്രദേശത്ത് കാറിൽനിന്നിറങ്ങി അടുത്ത പ്രദേശം വരെ നടന്ന് ആ റോഡിലെ കുഴികളുടെ എണ്ണം തിട്ടപ്പെടുത്തിയിരുന്ന ഒരുകാലം നമ്മുടെ മുന്നിലുണ്ടായിരുന്നു. കുഴിയെണ്ണുന്ന മന്ത്രിയുടെ പടം പത്രങ്ങളിൽ വന്നിരുന്ന കാലമായിരുന്നു. ആ കാലം മാറി. ഇന്ന് റോഡുകളിലൂടെ യാത്ര ചെയ്യുമ്പോൾ ഇന്നലെകളെ ക്കുറിച്ചോർക്കുമ്പോൾത്തന്നെ പേടിസ്വപ്നമായി തോന്നുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾകൊണ്ട് കേരളത്തിലെ റോഡുകളിൽ ഗണ്യമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് ഒരു ചെറിയ കാര്യമല്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ചുമതലക്കാരനായ മന്ത്രി കേരളത്തിന്റെ ഭരണത്തിൽ ഒരു പൊൻതൂവലായി ഉയർന്ന് നിൽക്കുന്നു എന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കടക്കെണിയിൽപ്പെട്ട് കർഷകർ ആത്മഹത്യയിലേയ്ക്ക് കൂപ്പുകുത്തിയിരുന്ന ഒരു ദയനീയാവസ്ഥ കേരളത്തിലെ

കൃഷിക്കാരനുണ്ടായിരുന്നു. ആശ്വാസത്തിന്റേയും പ്രതീക്ഷയുടേയും നാല് വർഷങ്ങളാണ് ആ കൃഷിക്കാർക്ക് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി സമ്മാനിച്ചതെന്ന് നമുക്ക് നോക്കിയാൽ കാണാൻ കഴിയും. നെൽ കൃഷിക്കാർക്ക് മാത്രമായിട്ടാണ് ആദ്യകാലത്ത് പെൻഷൻ പദ്ധതി യുണ്ടായിരുന്നത്. ആദ്യകാലത്ത് നെൽകൃഷിക്കാർക്ക് മാത്രമായി പരിമിത പ്പെടുത്തിയിരുന്ന പെൻഷൻ ഇപ്പോൾ ചെറുകിട നാമമാത്ര കർഷകരെക്കൂടി ഉൾപ്പെടുത്തി 60 വയസ്സ് പൂർത്തീകരിച്ച എല്ലാവർക്കും പെൻഷൻ കിട്ടുന്ന രീതിയിൽ പെൻഷൻ തുക 100% വർദ്ധിപ്പിച്ച് 600 രൂപയാക്കിയ ആശ്വാസ പദ്ധതിയാണ് കർഷക പെൻഷൻ പദ്ധതി. അതൊരു ചെറിയ കാര്യമല്ല. മൂന്നര ലക്ഷത്തോളം കർഷകർക്കാണ് ഈ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നത്. എന്റെ നിയോജക മണ്ഡലമായ മണലൂർ ഏറ്റവും കൂടുതൽ കാർഷിക പ്രാധാന്യമുള്ള ഒരു മണ്ഡലമാണ്. തൃശ്ശൂരിലെ കോൾ നിലങ്ങളുടെ കേന്ദ്രപ്രദേശമാണ് മണലൂർ നിയോജകമണ്ഡലം. നെൽക്യഷിക്കാർ നേരിടുന്ന ചെറിയ പ്രയാസങ്ങൾ പോലും ആ പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ആശങ്കയിലാഴ്ത്തും. ഒരു ചെറിയ നിലാവുദിച്ചാൽ ഉണങ്ങുകയും ചെറിയ മഞ്ഞ് പെയ്താൽ മുങ്ങുകയും ചെയ്യുന്ന പ്രദേശമായിട്ടാണ് കോൾ നിലങ്ങളെ ജനങ്ങളൊക്കെ കാണുന്നത്. സമഗ്രമായ വികസന പദ്ധതി ആഗ്രഹിച്ച ഒരു പ്രദേശമാണത്.

കേരളത്തിലെ ഏറ്റവും വലിയ പദ്ധതിയായി തൃശ്ശൂർ ജില്ലയിൽ വന്നത് കോൾ വികസന പാക്കേജാണ്. രണ്ട് ഘട്ടങ്ങളിലായി തൃശ്ശൂർ, പൊന്നാനി പ്രദേശത്തെ കോൾ നിലങ്ങൾ വികസിപ്പിക്കുകയെന്നത് കോൾകൃഷിക്കാരെയും ആ പ്രദേശത്തെ മുഴുവൻ നെൽകർഷകരെയും സംബന്ധിച്ചിടത്തോളം ഒരു വലിയ പദ്ധതിയായിരുന്നു. കോൾകൃഷി മേഖല മാത്രമല്ല അനുബന്ധ മേഖലകൾക്കുംകൂടി ഗുണം ചെയ്യുന്ന വലിയ പദ്ധതിയായിരുന്നു അത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്. കഴിഞ്ഞ ഒരു കൊല്ലക്കാലമായി ആ പദ്ധതി പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. തൃശ്ശൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി എന്നിവിടങ്ങളിലെ 36000 ഏക്കർ വരുന്ന കോൾ നിലങ്ങളുടെ പദ്ധതി കഴിഞ്ഞ ഒന്നേകാൽ കൊല്ലക്കാലമായി സ്തംഭനാവസ്ഥയിലാണ്. അതിന്റെ കമ്മിറ്റിപോലും കൂടാൻ കഴിഞ്ഞിട്ടില്ല. ആ കമ്മിറ്റി ഏറെക്കുറെ ഉദ്യോഗസ്ഥ കമ്മിറ്റിയാണ്. കൃഷിക്കാരെ ഒരു ഉദ്യോഗസ്ഥ വിളിച്ചുകൂട്ടുന്ന കമ്മിറ്റിയായി മാറിയിരിക്കുകയാണ്. ഒരു ചെറിയ കാര്യം പറയാനുള്ളത്, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവോടുകൂടി നടക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കൃഷി വകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ടതായതുകൊണ്ട് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട അരിമ്പൂർ

പഞ്ചായത്തിൽ 65 കൊയ്ത്ത് മെതിയന്ത്രങ്ങളും 200 ടില്ലറുകളും 20 ട്രാക്ടറുകളും മഴയും വെയിലുംകൊണ്ട് കിടക്കുകയാണ്. കൊയ്ത്തുമെതിയന്ത്രത്തിന് 1700 രൂപ മുതൽ 2100 രൂപ വരെയാണ് ഒരു മണിക്കൂറിന് വാടക. നിർഭാഗ്യവശാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 850 രൂപയ്ക്കാണ് ഒരു കരാറുകാരനെ ഏല്പിച്ചത്. ഈ കരാറുകാരനിൽ നിന്ന് പാടശേഖര കമ്മിറ്റിക്കാർക്ക് കിട്ടണമെങ്കിൽ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണം. 27 കോടി രൂപയുടെ യന്ത്രോപകരണങ്ങൾ പെരുമഴയത്ത് കിടന്ന് അനുദിനം തുരുമ്പിച്ചുപോവുകയും നോക്കാൻ ആളില്ലാത്ത അവസ്ഥയിൽ മുന്നോട്ടു പോവുകയും ഇതിന്റെ കസ്റ്റോഡിയനായി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാറുകയും ജില്ലാ കളക്ടർ തീരുമാനിക്കുന്നതനുസരിച്ച് ജനപ്രതിനിധികൾക്കോ കമ്മിറ്റിക്കാർക്കോ ഒന്നും സംസാരിക്കാനുള്ള അവസരംപോലുമില്ലാത്ത സ്ഥിതിയിൽ മുന്നോട്ടു പോവുകയും ചെയ്യുന്നത് ദയനീയമാണ്. ഇത് അത്തരത്തിലുള്ള സ്ഥാപനങ്ങളുടെ അസറ്റാക്കി മാറ്റാനുള്ളതല്ല, അവർക്ക് വാടകയ്ക്ക് കൊടുക്കാനുള്ളതുമല്ല, മറിച്ച് പാടശേഖര കമ്മിറ്റിക്കാർക്ക് കിട്ടേണ്ട മുതലാണ് നശിച്ചുപോകുന്നതെന്ന് എന്റെ നിയോജക മണ്ഡലത്തിൽ നടക്കുന്ന ഒരു സംഭവമായതുകൊണ്ട് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. തെങ്ങുകൃഷിക്കാരുടെ കാര്യം ഇവിടെ പറഞ്ഞു. കോഴിമുട്ട പൊക്കി

പിടിച്ച്, കോഴിമുട്ടയ്ക്കോ നാളികേരത്തിനോ വില കൂട്ടുതലെന്ന് പ്രസംഗിച്ചിരുന്ന നിരവധി ആളുകളെ വഴിയോരങ്ങളിൽ കണ്ടിട്ടുണ്ട്. ഇന്ന് ആ അവസ്ഥയിൽനിന്ന് നാളികേര കർഷകൻ രക്ഷപ്പെട്ടു. രക്ഷപ്പെട്ടു എന്നുവച്ചാൽ, എല്ലാംകൊണ്ടും 'ആനന്ദലബ്ധിക്ക് ഇനിയെന്തുവേണം' എന്ന രീതിയിൽ രക്ഷപ്പെട്ടു എന്നല്ല. ഒരു കോഴിമുട്ട പൊക്കിപ്പിടിച്ച് നാളികേരത്തിനോ കോഴിമുട്ടയ്ക്കോ വില കൂടുതൽ എന്നുചോദിച്ചിരുന്ന അവസ്ഥയിൽനിന്ന്, പച്ചത്തേങ്ങ സംഭരണത്തിൽ കേരളം മുന്നോട്ടുപോയി. 12 രൂപയിൽ നിന്ന് 32 രൂപയ്ക്ക് പച്ചത്തേങ്ങ വാങ്ങുന്ന സ്ഥിതിയിലേക്ക് കൃഷി വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞുവെന്നുള്ളത് ഒരു ചെറിയ കാര്യമല്ല. കേരള സർക്കാർ, പ്രത്യേകിച്ച് കൃഷി വകുപ്പ് "നിറവ്" പദ്ധതി അനുവദിച്ചുതന്ന ഒരു സ്ഥലമാണ് എന്റെ നിയോജക മണ്ഡലം. അവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അത് വലിയ ആശ്വാസമാണ്. ആ പദ്ധതികൊണ്ട് ഓരോ പഞ്ചായത്തിലേയും കാർഷിക രംഗത്ത് ചെറുതെങ്കിലും നല്ല ചലനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതാത് പ്രദേശങ്ങളിലെ കൃഷി ഓഫീസർമാരും കർഷക സുഹൃത്തുക്കളും ഒരുമിച്ചിരുന്ന് ആ പ്രദേശത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യാനും പ്രാവർത്തികമാക്കാനും കഴിയുന്ന ഭാവനാപൂർണ്ണമായ ഈ പദ്ധതി കുറെക്കൂടി വിപുലമായ തോതിൽ ഒന്നോ രണ്ടോ

ഘട്ടങ്ങൾകൂടി മുന്നോട്ടു പോയാൽ സ്വാഭാവികമായും അതിനൊരു വലിയ ചലനമുണ്ടാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ചുകൂടി ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ സങ്കടത്തിന്റെ വർഷമായിരുന്നു. എന്റെ നിയോജക മണ്ഡലത്തിലെ വളർത്തുമൃഗങ്ങൾക്കെല്ലാം കുളമ്പുരോഗം വന്നു. ഓരോ വീടുകളിൽ ചെല്ലുമ്പോഴും നമുക്കുപോലും നിയന്ത്രിക്കാൻ കഴിയാത്തവിധം സങ്കടം വരുന്ന ഒരവസ്ഥയുണ്ടായിരുന്നു. ആ സമയത്ത് മൃഗസംരക്ഷണ വകുപ്പ് വളരെ പെട്ടെന്ന് ആ കാര്യങ്ങളിൽ ഇടപെട്ടു. സ്വാഭാവികമായും ചികിത്സാരംഗത്ത് മൃഗസംരക്ഷണ വകുപ്പിന്റെ സമീപനം നന്നായിരുന്നു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ആ അവസരങ്ങളിൽ പറഞ്ഞ ആനുകൂല്യങ്ങൾ ഇപ്പോഴും കടലാസ്സിൽത്തന്നെ നിൽക്കുകയാണ്. ചത്തുപോയ നിരവധി പശുക്കൾക്കുള്ള ആനുകൂല്യം പ്രതീക്ഷിച്ച് ക്ഷീരകർഷകർ വായ്പൊളിച്ചു നിൽക്കുകയാണ്. സ്വാഭാവികമായും കാലിത്തീറ്റയുടെ ഓഫറുപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഒരു നിവേദനത്തിന്റെ രൂപത്തിൽ ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുയാണ്. തൃശ്ശൂർ ജില്ലയിൽ വെറ്ററിനറി പോളി ക്ലിനിക്കില്ലാത്ത

ഏക നിയോജകമണ്ഡലം മണലൂരാണ്. മുല്ലശ്ശേരി ബ്ലോക്കിൽ മാത്രമാണ് വെറ്ററിനറി പോളിക്ലിനിക് ഇല്ലാത്തത്, ബാക്കി എല്ലാ സ്ഥലത്തുമുണ്ട്. അതൊരു നിവേദന രൂപത്തിൽ പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലത്തെ സംബന്ധിച്ചിടത്തോളം പൊതുമരാമത്ത് വകുപ്പ് വലിയൊരു സഹായമാണ് ചെയ്തിട്ടുള്ളതെന്നുകൂടി പറയാതിരുന്നാൽ തെറ്റായിരിക്കും. ദശലക്ഷക്കണക്കിന് തീർത്ഥാടകർ വരുന്ന സ്ഥലമാണ് ഗുരുവായൂർ. ആ ക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇപ്പോൾ തൃശ്ശൂരിൽ നിന്ന് കുറ്റിപ്പുറം വരെയുള്ള നാലുവരി പാത പോലെ തൃശ്ശൂർ-ചൂണ്ടൽ നാലുവരിപ്പാതയുടെ തുടർച്ചയായി ഗുരുവായൂരിലേയ്ക്കുള്ള നാലുവരി പാത അംഗീകരിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടിയിൽ ആ പദ്ധതി പ്രഖ്യാപിക്കാനും തുടർന്ന് ഭരണാനുമതി കിട്ടാനും അവസരമുണ്ടായിട്ടുണ്ട്. ഒരു വലിയ തീർത്ഥാടന കേന്ദ്രത്തെ അതിന്റെ അർഹിക്കുന്ന ഗൗരവത്തോടുകൂടി കാണുന്ന മന്ത്രിസഭയെന്ന നിലയിൽ അത് കാലതാമസം കൂടാതെ നടപ്പാക്കാനുള്ള കാരുണ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി പറയുകയാണ്. തെങ്ങ് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ശ്രീ. സി. എഫ്. തോമസ് സാർ പറഞ്ഞത് ഞാൻ ആവർത്തിക്കുകയല്ല. നീര ഒരു

നല്ല പാനീയമായി കൊടുക്കാൻ കഴിഞ്ഞു. അത് ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് നിലവിലുള്ളതിനെക്കാൾ കൂടുതൽ പ്രത്യാശ നൽകുന്ന ഒരു കാര്യമാണ്. നീരയെക്കുറിച്ച് ആദ്യഘട്ടങ്ങളിൽ ആളുകൾക്കുണ്ടായിരുന്ന തെറ്റിദ്ധാരണ മാറി അത് നല്ല പാനീയമാണെന്ന് ബോധ്യപ്പെട്ട് ദേശീയ പാനീയമെന്നൊക്കെ പറയാവുന്ന രീതിയിൽത്തന്നെ വരുന്ന ഒരവസ്ഥയുണ്ട്. തെങ്ങ് കൃഷിക്കാർക്ക് പ്രത്യാശ നൽകുന്ന ഒരു അവസ്ഥയാണ് നീരയുടെ ഉല്പാദനംകൊണ്ട് ഉണ്ടായിട്ടുള്ളത്. കാർഷിക രംഗത്തും പൊതുമരാമത്തിന്റെ രംഗത്തും അഭിമാനാർഹമായ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ വിജയിച്ച ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനേയും പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ വിനയപൂർവ്വം പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ശക്തമായിട്ടുള്ള വേനൽ മഴയിൽ പോലും തടാകമായി മാറുന്നതാണ് നമ്മുടെ സംസ്ഥാനത്തെ റോഡുകൾ. ഈ ഭരണകാലയളവിൽ റോഡുകളിലെ മരണക്കുഴികൾമൂലം എത്ര ജീവനാണ് പൊലിഞ്ഞത് എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. അതുപോലെ അംഗവൈകല്യം സംഭവിച്ചിട്ടുള്ള ആളുകളും നിരവധിയാണ്. ലോകത്തിൽ ഏറ്റവും

കൂടുതൽ റോഡ് അപകടങ്ങൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള മുൻ ന്യായാധിപൻ ശ്രീ. കെ. എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷനായിട്ടുള്ള സമിതിയിൽ കേരളത്തിന്റെ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും അംഗങ്ങളാണ്. റോഡ് അപകടങ്ങളെ സംബന്ധിച്ചും റോഡിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ചും ഇത്തരം കാര്യങ്ങളിൽ എത്രത്തോളം പഠനം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്, പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ചിന്തിക്കേണ്ടതാണ്. PWD മാനുവലിൽ മാറ്റം വരുത്തിയതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. രണ്ട് കൊല്ലം മുമ്പ് അതൊന്ന് സ്റ്റഡി ചെയ്ത് ഒരു മാനുവൽ ഉണ്ടാക്കിയെന്നല്ലാതെ വേണ്ടത്ര മാറ്റം വരുത്തിയിരുന്നില്ല. അത് സ്റ്റഡി ചെയ്യുന്നതിനുവേണ്ടി സി.ഇ.-യെ കൺവീനറായി നിശ്ചയിച്ചിരുന്നു. പക്ഷേ അത് പൂർണ്ണമാണ്, അതിലെ എല്ലാ അപാകതകളും പരിഹരിച്ചുകൊണ്ട് മാനുവൽ നടപ്പാക്കി എന്ന് അവകാശപ്പെടാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നിരവധി പ്രശ്നങ്ങൾ അതിനകത്ത് നിലനിൽക്കുകയാണ്. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശികയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് റോഡ്സിൽ 5 മാസത്തേയും ബിൽഡിംഗ്സിൽ രണ്ട് മാസത്തേയും മാത്രമേ ബാലൻസുള്ളൂ എന്നാണ്. ഇപ്പോൾ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റമെന്ന നിലയിൽ

IOU എന്ന് പറയുന്ന ഒരു പുതിയ സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. പണിയെടുക്കുന്ന എത്ര ആളുകൾക്ക് അതിന്റെ നേട്ടമുണ്ടാകും; ഉന്നതരായിട്ടുള്ള കോൺട്രാക്ടർമാർക്ക് ചിലപ്പോൾ നേട്ടം ഉണ്ടായെന്നുവരും. സാധാരണക്കാരായ 90 ശതമാനം ആളുകൾക്കും അതിന്റെ നേട്ടം ഉണ്ടാകുന്നില്ല എന്നതാണ് അതിന്റെ വസ്തുത. 2014 ഫെബ്രുവരി മാസത്തിൽ  കൊടുത്ത ബില്ലുകളുടെ 90 ശതമാനവും പെന്റിംഗാണ് എന്നതാണ് അതിന്റെ യാഥാർത്ഥ്യം. അതുപോലെ തന്നെയാണ് ചെറിയ വർക്കുകൾ എടുക്കുമ്പോൾ ബിറ്റുമിൻ കിട്ടാൻ ഒരു സാധ്യതയുമില്ല. കഴിഞ്ഞ ജനുവരിയിൽ ഫൈനാൻസ് ഡിപ്പിർട്ടുമെന്റിൽനിന്ന് ഇറക്കിയ ഒരു ഉത്തരവ് ആ രീതിയിലാണ് പോകുന്നത്. ചെറിയ വർക്ക് എടുക്കുന്നതിനുവേണ്ടി ഒരാളും തയ്യാറാകില്ല  എന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. അതുപോലെ പാലക്കാട് ജില്ലയിൽ, 13-ാം ധനകാര്യ കമ്മീഷനിലൂടെ ലഭ്യമായിട്ടുള്ള സംഖ്യ പി.ഡബ്ല്യൂ.ഡി. റോഡിന്റെ മെയിന്റനൻസിനാണ് പ്രധാനമായും വിനിയോഗിക്കേണ്ടത്. എങ്ങനെയാണ് അത് വിനിയോഗിക്കപ്പെട്ടത് എന്ന് പരിശോധിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തുമാത്രം 25 ലക്ഷം രൂപ വീതം നോൺ പ്ലാനിന്റെ മാനദണ്ഡമനുസരിച്ചുകൊണ്ട് BMBC ചെയ്യുകയും പി.ഡബ്ല്യൂ.ഡി.-യുടെ പ്രധാനപ്പെട്ട റോഡുകളുടെ മെയിന്റനൻസ് ഒന്നുംതന്നെ നടത്താതിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് പാലക്കാട്

ജില്ലയിലുള്ളത്. പ്രത്യേകിച്ച് എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യം എനിക്ക് വളരെ വ്യക്തമായിത്തന്നെ പറയാൻ കഴിയും. PWD റോഡ് എന്ന് പറഞ്ഞാൽ ഒരു മണ്ഡലംവച്ച് മുറിച്ച് അവസാനിപ്പിക്കേണ്ട ഒന്നാണ് എന്ന അഭിപ്രായം എനിക്കില്ല. PWD റോഡിന്റെ വർക്ക് നടക്കുമ്പോൾ അത് എവിടെ നിന്ന് തുടങ്ങുന്നു, അതിന്റെ ചെയിനേജ് മുഴുവൻ ഏറ്റെടുക്കുക എന്നതിനപ്പുറത്തേയ്ക്ക് അത് ഭരണപക്ഷത്ത് ഇരിക്കുന്നവരാണോ പ്രതിപക്ഷത്ത് ഇരിക്കുന്നവരാണോ എന്ന് നോക്കി ഭരണപക്ഷത്തെ വർക്ക് നന്നായി ബി.എം.ബി.സി. ചെയ്യുകയും പ്രതിപക്ഷത്തെ എം.എൽ.എ.-മാരുടെ മണ്ഡലത്തിലെ വർക്ക് കുണ്ടും കുഴിയുമായി സഞ്ചാരത്തിനുപോലും പറ്റാത്ത നിലയിൽ കിടക്കുന്നു എന്നത് ഞാൻ എന്റെ അനുഭവം വച്ചുകൊണ്ടാണ് പറയുന്നത്. അത് ഗ്രാമീണ റോഡുകളല്ല. ചെർപ്പുളശ്ശേരി-പട്ടാമ്പി, വാണിയംകുളം-വല്ലപ്പുഴ എന്നീ രണ്ട് റോഡുകളുടെയും വർക്ക് പകുതിവച്ച് നിർത്തിയിരിക്കുകയാണ്. കാൽനടയായി സഞ്ചരിക്കാൻ പോലും കഴിയാത്ത നിലയിൽ റോഡ് നിൽക്കുന്നു എന്നത് ഒരു വിരോധാഭാസമാണ് എന്നതുകൊണ്ടാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ചിലപ്പോൾ അത് അറിയുന്നുണ്ടാവില്ല. അത് പരിശോധിക്കേണ്ടതായിട്ടുണ്ട്. ട്രാഫിക് പോലും മുടങ്ങുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നതിനാലാണ് ഞാൻ ഇത്

പറയുന്നത്. അതുപോലെ പാലക്കാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്റ്റേറ്റ് ഹൈവേയാണ് സ്റ്റേറ്റ് ഹൈവേ 51, പാലക്കാട്-പെരിന്തൽമണ്ണ റോഡ്. എത്രയോ തവണ ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഏകദേശം 28 കി.മീ. ദൂരം ഇന്നും ഒരു സ്റ്റേറ്റ് ഹൈവേയായി, അതിന്റെ യാതൊരുവിധ പ്രവർത്തനങ്ങളും നടത്താത്ത ഒരു പ്രദേശമായി കിടക്കുകയാണ്. രണ്ട് ജില്ലകളിലൂടെ കടന്നുപോകുന്ന റോഡ് ഒരു ജില്ലയിൽ പൂർണ്ണമായി അതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയും പാലക്കാട് ജില്ലയുടെ സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായി നിൽക്കുന്ന സ്ഥലത്ത് മെയിന്റനൻസ് പോലും നടക്കാത്ത നിലയിൽ ശോചനീയമായി നിൽക്കുന്നു എന്നത് വളരെ ഗൗരവത്തോടുകൂടി പൊതുമരാമത്ത് വകുപ്പുമന്ത്രി കാണേണ്ടതുണ്ട്. ഞാൻ അതിനുവേണ്ടി ശ്രമിച്ചപ്പോൾ വലിയ എമൗണ്ട് വേണ്ടിടത്ത് രണ്ട് കോടി രൂപ തന്നു. ആ തുകയുടെ വർക്കും നടന്നു. പിന്നീട് രണ്ട് സബ്മിഷനുകൾ ഉന്നയിച്ചപ്പോൾ നാലു കോടി രൂപ അനുവദിച്ചതാണ്. 2014 മേയ് മാസത്തിൽ എ.എസ്. കിട്ടേണ്ട വർക്കിന് ഇപ്പോൾ എ.എസ്. ലഭ്യമായിയെങ്കിലും റ്റി.എസ്-നുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ സി.ഇ.-യുടെ ഓഫീസിൽ ഇരിക്കുകയാണ്. 2015 ജൂലൈ മാസമായിട്ടും ലഭിച്ചിട്ടില്ല. റ്റി.എസ്. കൊടുത്ത് അതിന്റെ ടെണ്ടർ

നടപടിയിലേയ്ക്ക് പോകാൻ ഇത്ര കാലതാമസം വേണ്ടതുണ്ടോ എന്നത് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കണം. സ്റ്റേറ്റ് ഹൈവേ റോഡിന്റെ ഭാഗികമായൊരു വർക്കിന്റെ കാര്യത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ ഗൗരവത്തിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രി എടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട PWD റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ബഹുമാനപ്പെട്ട ഭരണപക്ഷത്തെ അംഗങ്ങൾ പി.ഡബ്ല്യൂ.ഡി ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് പ്രകീർത്തിക്കുമ്പോൾ ഞാൻ ഇവിടിരുന്ന് അന്തംവിടുകയാണ്. PWD റെസ്റ്റ് ഹൗസുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവ ഭാർഗ്ഗവീനിലയങ്ങളായി നിൽക്കുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ രണ്ട് റസ്റ്റ് ഹൗസുകളുണ്ട്. ഒന്ന് ഷൊർണ്ണൂരാണ്. പ്രധാനപ്പെട്ട കേന്ദ്രത്തിലാണത്. നേതാക്കളുൾപ്പെടെ എല്ലാവരും അവിടെ വരുന്നതാണ്. അവിടെ വേണ്ടത്ര സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞിട്ടില്ല. മറ്റൊന്ന് ചെർപ്പുളശ്ശേരിയിൽ ഒരു റസ്റ്റ് ഹൗസുണ്ട്. ആ റെസ്റ്റ് ഹൗസിന് ചുറ്റും ഏക്കർ കണക്കിന് ഭൂമിയുണ്ട്. അത് അന്യാധീനപ്പെട്ട് പോവുകയാണ്. മറ്റുള്ളവർ അതിനെ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരു കോമ്പൗണ്ട് വാൾ പോലും

നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യമില്ലാത്തതാണെങ്കിൽ മറ്റ് ഏതെങ്കിലും വകുപ്പിന് കൊടുത്താൽ അവിടെ വേറെ ഏതെങ്കിലും സ്ഥാപനങ്ങൾ വരും. ഇത് അന്യാധീനപ്പെട്ട് പോകുന്ന സ്ഥിതിയാണുള്ളത്. ഇത്തരം കാര്യങ്ങൾകൂടി ഗൗരവത്തോടെ പരിശോധിക്കണമെന്ന അഭിപ്രായമാണ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കൃഷിയുമായി ബന്ധപ്പെട്ട്, ഇപ്പോൾ കേരളം ഒരു കാർഷിക സംസ്ഥാനം തന്നെയാണോയെന്ന് സംശയിക്കുന്ന രീതിയിലുള്ള നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. കാർഷികമേഖലയിലെ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നില്ലായെന്നത് വ്യക്തമാണ്. ഉൽപ്പാദന രംഗത്ത് പരിമിതമായ രീതിയിലുള്ള ഇടപെടലുകളാണ് നമുക്കുള്ളത്. അത് തകർക്കുന്ന രീതിയിൽ, കേന്ദ്രത്തിന്റെ നയം വരുമ്പോൾ ആ നയത്തിന് അനുകൂലമായ സമീപനമാണ് കാർഷിക മേഖലയിൽ ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്നത് എന്നത് പരിതാപകരമാണ്. നമ്മുടെ പച്ചപ്പ് നിറഞ്ഞ നാടിനെ ഇങ്ങനെ കർഷകരുടെ ശ്മശാന ഭൂമിയാക്കി മാറ്റുന്നത് നമ്മുടെ ഭരണകൂടം അറിയുന്നില്ലേ എന്നുള്ള ഒരു സംശയമാണ് എനിക്കുള്ളത്. ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യത്ത് എങ്ങനെയാണ് കൃഷിക്കാരെ സംരക്ഷിക്കാനാകുക എന്നത്

പരിശോധിക്കുന്നതിനുപകരം കൂടുതൽ കൂടുതൽ ആ രംഗത്തുനിന്നും അവർ ആട്ടി ഓടിക്കപ്പെടുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഭക്ഷ്യവിളകൾക്ക് നാശം സംഭവിച്ചാൽ ദുരന്തനിവാരണ നിധിയിൽനിന്നും കൊടുക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി കൃത്യമായി കൊടുക്കുന്നതിന് കഴിയുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടേ? വാഴ നശിച്ചാൽ, ഏതാണ്ട് ഒന്നര കൊല്ലം കഴിഞ്ഞാലും അതിന്റെ കാശ് പാവപ്പെട്ട കൃഷിക്കാരന് ലഭ്യമാക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നത് ഗൗരവമുള്ള കാര്യമാണ്. ഇവിടെ നാളികേരത്തിന്റെ വിലയെക്കുറിച്ച് പ്രകീർത്തിച്ചു. ഇന്നത്തെ പത്രത്തിൽ നാളികേരത്തിന്റെ വില 10 രൂപയായി കുറഞ്ഞിട്ടുണ്ട്. അത് ഭരണപക്ഷത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ലായെന്നാണ് എനിക്ക് തോന്നുന്നത്. നാളികേര കർഷകർ ദുരിതത്തിലാണ്, അവരെ സഹായിക്കുന്നതിനുവേണ്ടി കേരഫെഡ് ഉണ്ട്. പക്ഷെ, കേരഫെഡിന്റെ ഡയറക്ടർ ബോർഡ് എന്തിനാണ് പിരിച്ചുവിട്ടത്? ഇപ്പോൾ ഒരു കൂട്ടം ഉദ്യോഗസ്ഥർ അത് കുട്ടിച്ചോറാക്കുകയാണ്. ആരും ചോദിക്കാനില്ല, അനാഥമായി നിൽക്കുകയാണ്. ഇതിനെ സംബന്ധിച്ച് കൃഷിവകുപ്പിന്റെ നിലപാട് എന്താണ്? പച്ചക്കറിയുമായി ബന്ധപ്പെട്ട് ഇടപെടാൻ കഴിയുന്ന ഒന്നാണല്ലോ ഹോർട്ടി കോർപ്പ്. കർഷകർക്കോ

ഉപഭോക്താക്കൾക്കോ ഹോർട്ടി കോർപ്പിലൂടെ എന്തെങ്കിലും ഗുണം ഉണ്ടോ? അതിന്റെ ചെയർമാനും എം.ഡി.യും ഒരോരോ തട്ടിൽ, മറ്റു ഉദ്യോഗസ്ഥർ വേറെ തട്ടിൽ. ആ നിലയിലല്ലേ ഹോർട്ടികോർപ്പിന്റെ ഇന്നത്തെ അവസ്ഥ. അതുപോലെ തന്നെയാണ് കർഷകർക്കുള്ള അഗ്രികാർഡ് വിതരണവും. ഗുണകരമായ സമീപനമായിരുന്നല്ലോ അത്? പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ കൃഷിക്കാരുടെ ആനുകൂല്യങ്ങൾ അവതാളത്തിലായി എന്നൊരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. പാഠപുസ്തകങ്ങളുടെ വിതരണത്തെക്കുറിച്ച് സഭ രണ്ടുമൂന്നു ദിവസങ്ങളായി ഗൗരവമായി ചർച്ച ചെയ്യുകയാണ്. എന്തിനാണ് ഇത്ര വലിയ ചർച്ച നടത്തുന്നത്? പ്രധാനപ്പെട്ട മൂന്ന് നല്ല പ്രസ്സുകൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലില്ലേ? ഈ മൂന്ന് പ്രസ്സുകളിലായി പത്ത് ദിവസം കൊണ്ട് പന്ത്രണ്ട് ലക്ഷം പുസ്തകം അച്ചടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്തിനാണ് സ്വകാര്യ പ്രസ്സുകളെ തേടിപ്പോകുന്നത്? ഈ പ്രസ്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നാലുകൊല്ലക്കാലമായി ബഡ്ജറ്റിനകത്ത് നീക്കിവെച്ച തുകയിൽനിന്നും ഒരു പൈസ പോലും വിനിയോഗിക്കപ്പെട്ടിട്ടില്ല. പരിശോധിക്കേണ്ടേ; ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ, ആ മേഖലയിൽ നീക്കിവച്ച നാലുകൊല്ലത്തെ ഫണ്ട് എന്തുചെയ്തു; പരിശോധിക്കാൻ കഴിഞ്ഞോ? ഒരു നയാ

പൈസപോലും ചെലവഴിച്ചിട്ടില്ല. എന്നിട്ട് ഇപ്പോൾ പാഠപുസ്തകം അച്ചടിക്കുന്നതിന് സ്വകാര്യ പ്രസ്സുകളെ തേടിപ്പോകുകയാണ്. ഈ കാലഘട്ടത്തിനാവശ്യമായ യന്ത്രം ഉപയോഗിച്ച് പ്രസ്സുകളെ നല്ല രീതിയിൽ പുനരുജ്ജീവിപ്പിച്ചാൽ മറ്റൊരു സ്ഥാപനത്തെയും തേടി പോകേണ്ടതില്ലായെന്നൊരു അഭിപ്രായമാണ് അക്കാര്യത്തിലുള്ളത്. ഷൊർണ്ണൂരിൽ ഒരു പ്രസ്സ് ഉണ്ട്. ആ പ്രസ്സിന്റെ ശോചനീയാവസ്ഥ കണ്ടുകൊണ്ടുതന്നെയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. അതിലെ ജീവനക്കാരുടെ കാര്യത്തിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള തൊഴിലാളിവിരുദ്ധ സമീപനം അതിനകത്ത് സ്വീകരിക്കുന്നുണ്ട്. അതും പ്രസ്സിലെ ജീവനക്കാരുടെ കാര്യത്തിൽ പരിഹരിക്കപ്പെടേണ്ട ഒരു വിഷയമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അരുവിക്കര ഇലക്ഷനുമായി ബന്ധപ്പെട്ട് കുറെ അഭിപ്രായങ്ങൾ ഉയർന്നുവന്നു. അരുവിക്കര തെരഞ്ഞെടുപ്പിലും അതിനുശേഷവും രാജ്യത്താകെ കമ്മ്യൂണിസ്റ്റുകാർ അക്രമം നടത്തുന്നവരാണെന്ന് പ്രചരിപ്പിക്കുന്ന രീതിയിലുള്ള വാർത്തകളാണ് വരുന്നത്. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് സി. കെ. ഗോവിന്ദൻ നായർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി കോൺഗ്രസ്സിന്റെ പ്രവർത്തക സമിതിയംഗമായ ബഹുമാനപ്പെട്ട എ. കെ. ആന്റണി

നടത്തിയ പ്രസംഗം അങ്ങേയറ്റം അപലപനീയമായിട്ടാണ് എനിക്ക് തോന്നിയത്. എല്ലാവരാലും ആദരിക്കപ്പെടുന്ന സഖാവ് ഇ.എം.എസ്സും., പി.കൃഷ്ണപിള്ളയുമൊക്കെ അധിക്ഷേപിക്കുന്ന തരത്തിലുള്ള ഒരു അക്രമ നയമാണ് തുടർന്നതെന്നും സി.പി.എം. കാർ അത് പിന്തുടരുന്നു എന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളെ സംബന്ധിച്ച് ഇ.എം.എസ്സിന്റെയും കൃഷ്ണപിള്ളയുടെയുമൊക്കെ നയം എന്തുതന്നെയായാലും അത് തുടരുന്നതിൽ അഭിമാനിക്കുന്നവരാണ് ഞങ്ങൾ എന്നാണ് എനിക്ക് പറയാനുള്ളത്. അക്രമത്തെ കുറിച്ച് വിലപിക്കുന്ന നിങ്ങളോട് എനിക്ക് ചോദിക്കാനുള്ളത് നിങ്ങൾ കേരളത്തിൽ കോൺഗ്രസ്സിന്റെ ചരിത്രം രചിച്ചിട്ടുള്ള തനി ഗാന്ധിയനായിരുന്ന മൊയ്യാരത്ത് ശങ്കരനെ ആരാണ് വധിച്ചത്; ചീമേനിയിൽ ഒരു തെരഞ്ഞെടുപ്പ് ദിവസം വൈകുന്നേരം അഞ്ച് സി.പി.എം.ന്റെ പ്രവർത്തകരെ പാർട്ടി ഓഫീസിൽ പൂട്ടിയിട്ട് തീയിട്ട് കൊലപ്പെടുത്തിയത് ആരായിരുന്നു; തൃശ്ശൂരിൽ നിങ്ങളുടെതന്നെ എ കോൺഗ്രസ്സും ഐ കോൺഗ്രസ്സും തമ്മിൽ പോരാട്ടം നടത്തി പരസ്പരം കൊലവിളിച്ചത് ആരായിരുന്നു; ഡൽഹിയിൽ ഇന്ദിരാഗാന്ധി അംഗരക്ഷകരാൽ കൊലചെയ്യപ്പെട്ടപ്പോൾ സിക്ക് സമുദായക്കാരെ കൂട്ടത്തോടെ കൊന്നൊടുക്കിയത് ആരായിരുന്നു; നിലമ്പൂരിൽ കോൺഗ്രസ്സിന്റെ പാർട്ടി ഓഫീസിനകത്ത്

ളുപ്പുജീവനക്കാരിയായി പണിയെടുത്തിരുന്ന ഒരു പാവപ്പെട്ട സ്ത്രീയെ കൊലപ്പെടുത്തി ചാക്കിൽക്കെട്ടി കുളത്തിൽ വലിച്ചെറിഞ്ഞത് ആരായിരുന്നു? ഇങ്ങനെ നിങ്ങൾക്കെതിരായി അക്രമത്തിന്റെ എത്രയെത്ര കേസുകളാണ് ഉള്ളത്? ഇ.എം.എസ്സ്.നെയും കൃഷ്ണപിള്ളയെയും അക്രമി എന്നുവിളിച്ച് ബഹുമാനപ്പെട്ട എ.കെ. ആന്റണി ചെയ്തിട്ടുള്ള പ്രസ്താവന മലർന്നുകിടന്ന് മുഖത്തേയ്ക്ക് തുപ്പുന്നതിന് സമാനമായിട്ടാണ് എനിക്ക് തോന്നിയത്. സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്നത്, ജനാധിപത്യ സംവിധാനത്തിൽ പുലർത്തേണ്ട രാഷ്ട്രീയ ധാർമികതയുടെ അപചയം തന്നെയാണെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവർ പുലർത്തുന്ന ഉയർന്ന ധാർമികബോധവും സാമൂഹിക ഉത്തരവാദിത്തവുമാണ് ജനാധിപത്യത്തിന്റെ അടിത്തറ എന്നുപറയുന്നത്. കേരളത്തിൽ അത് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. കേരളത്തിലും ഇന്ത്യയിലൊട്ടാകെയും പരിശോധിച്ചാൽ, ആ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് രാജി വെച്ചവർ ഉണ്ട്. പക്ഷെ ഇന്ന് നടക്കുന്നത് എന്താണ്? ഇന്ന് കേരളത്തിലെ ജനാധിപത്യത്തെ ആർക്കും പറയാവുന്ന തരത്തിലേയ്ക്ക് അടിമുടി കശാപ്പുചെയ്തിരിക്കുന്നു എന്നാണ്. അതുപോലെ തന്നെയാണ്, കഴിഞ്ഞ നാലുവർഷത്തെ പൊതുഭരണത്തിന്റെ നേട്ടവും

സവിശേഷതയുമൊക്കെ. ചുരുക്കിപ്പറഞ്ഞാൽ ആ ചോദ്യത്തിന്റെ ഉത്തരം അഴിമതിയുടെ രാഷ്ട്രീയം എന്നുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ ഭരണത്തിന്റെ ഒരു സ്ഥിതി, നിയമം നിയമത്തിന്റെ വഴിക്ക് പോകാൻ ഒരിക്കലും സമ്മതിക്കാത്ത ഭരണാധികാരികൾ മുറജപം പോലെ നടത്തുന്ന പല്ലവിക്ക് അർത്ഥം ഇല്ലാതായിരിക്കുവെന്നതാണ് യാഥാർത്ഥ്യം. അധികാരത്തിന്റെ തണലിൽ എന്തും നടത്താം എന്ന നിലയിലേയ്ക്ക് കേരളം മാറിയിരിക്കുന്നു. നിങ്ങൾ എത്രതന്നെ പറഞ്ഞാലും എത്രതന്നെ ആവർത്തിച്ചാലും അഴിമതി അഴിമതി അല്ലാതാകുന്നില്ല. കേരളത്തിന് നിരവധി വികസന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പങ്ക് ആർക്കും എഴിതിത്തള്ളാനാവില്ല എന്ന യാഥാർത്ഥ്യം നമ്മൾ കാണണം. അരുവിക്കര തെരഞ്ഞെടുപ്പിനുശേഷം പുതിയൊരു രാഷ്ട്രീയ സാഹചര്യത്തിലാണ് നമ്മൾ നിൽക്കുന്നത്. ആ രാഷ്ട്രീയ സാഹചര്യത്തെ കണ്ടില്ലായെന്നുനടിച്ചാൽ വലിയ വിലയായിരിക്കും ഈ മതേതര കേരളത്തിന് കൊടുക്കേണ്ടിവരിക എന്ന തിരിച്ചറിവ് ഭരണപക്ഷത്തിനുകൂടി ഉണ്ടാകേണ്ടതുണ്ട് എന്ന അഭിപ്രായം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ജനങ്ങളുടെ വിശ്വാസം നാലാം കൊല്ലവും ഉലയാതെ ആടാതെ

സൂക്ഷിച്ച ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ധനാഭ്യർത്ഥകളെ എതിർക്കുന്നത് ജനാധിപത്യവിരുദ്ധമല്ലേ? " Governments work is God's work" എന്ന് കർണ്ണാടക നിയമസഭാ മന്ദിരത്തിനുമുൻപിൽ എഴിതിവച്ചിരിക്കുന്നു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ വാക്യം സാർത്ഥകമാക്കി. ഭരണാധികാരി ഭരണീയരുടെ വേദനയും വികാരവും തിരിച്ചറിയണം. അങ്ങനെ തിരിച്ചറിഞ്ഞാണ് ജനസമ്പർക്ക പരിപാടി പോലുള്ള പരിപാടികൾക്ക് രൂപം നൽകിയത്. ഈ തിരിച്ചറിവിന്റെ ഫലമായിട്ടാണ് ജനങ്ങൾക്ക് പ്രശ്നങ്ങളായി നിന്ന ചുവപ്പുനാട പൊട്ടിച്ചെറിഞ്ഞത്. യു.ഡി.എഫ്.സർക്കാരിന് ജനമനസ്സുകളിൽ ഇടം നേടിക്കൊടുത്തതും അതാണ്. കൃഷി വകുപ്പിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. തമിഴ്നാടിന്റെയും കർണ്ണാടകയിലെയും മഹാരാഷ്ട്രയുടെയും വിവിധ ഭാഗങ്ങളിൽ നിന്നുമാണ് നമ്മുടെ നാട്ടിൽ പച്ചക്കറി വരുന്നത്. ഇങ്ങനെ വരുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും വിഷം കലർന്നതാണ്. വിഷ പദാർത്ഥങ്ങൾ ഒന്നും ചേർക്കാതെ വളർത്തുന്ന പച്ചക്കറികൾ തമിഴ്നാട്ടിൽ കൃഷി ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. തമിഴ്നാട്ടിൽ കച്ചവടത്തിനുവേണ്ടിയും സ്വന്തമായി ഭക്ഷിക്കുന്നതിനുവേണ്ടിയും പ്രത്യേകം പ്രത്യേകം സ്ഥലത്താണ് കൃഷി ചെയ്യുന്നത്. അങ്ങനെയുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളുമാണ് നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ പോലും

രോഗികളാക്കി മാറ്റുന്നതെന്ന തിരിച്ചറിവ് നമുക്കെല്ലാപേർക്കും ഉണ്ട്. ആ തിരിച്ചറിയുന്നവരുടെ എണ്ണം നമ്മുടെ നാട്ടിൽ വ്യാപകമായിട്ടുണ്ട്. നമ്മുടെ നാട് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നു, അതിനുവേണ്ടിയുള്ള കർമ്മപദ്ധതികളുമായി മുന്നോട്ടുപോകുന്ന കൃഷിവകുപ്പിനെയും കൃഷിവകുപ്പുമന്ത്രിയെയും എത്ര അഭിനന്ദിച്ചാലും മതിയാവില്ല. അതിന് അവർ നടത്തിയ ശ്രമങ്ങൾ കുറവല്ല. അതുപോലെ തന്നെ നെല്ലിന്റെ താങ്ങുവില പതിനാല് രൂപയിൽനിന്ന് പത്തൊൻപത് രൂപയാക്കി. ഇതൊരു ചെറിയ കാര്യമല്ല. പതിമൂന്ന് രൂപയിൽ കൂടുതൽ സബ്സിഡി കൊടുക്കാൻ പാടില്ല എന്ന കേന്ദ്രനിർദ്ദേശം മറികടന്ന് കർഷകരെ സഹായിക്കാൻ നടപടി സ്വീകരിച്ചു. നമ്മുടെ കൃഷിവകുപ്പിനെ ഊർജ്ജസ്വലമാക്കാൻ കൃഷിവകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന് കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും അഭിനന്ദിക്കാതിരിക്കാനാകില്ല. PWD വകുപ്പിനെക്കുറിച്ച് എന്തെങ്കിലും രീതിയിലുള്ള അഭിപ്രായവ്യത്യാസം ആർക്കെങ്കിലും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിൽ ഒരു കാലത്തുമില്ലാത്ത രീതിയിലുള്ള മരാമത്തുപണികളുടെ ഒരു പരമ്പരതന്നെ കഴിഞ്ഞ നാലുവർഷക്കാലം ഉണ്ടായി. പൊട്ടിപ്പൊളിഞ്ഞ റോഡുകളും പഴകിയ പാലങ്ങളും കേരളത്തിൽ പഴങ്കഥയായി. പൊതുമരാമത്തുവകുപ്പ് സമാനതകളില്ലാത്ത വിധത്തിലുള്ള

പ്രകടനമാണ് ഇക്കഴിഞ്ഞ നാലു വർഷവും കാഴ്ചവച്ചത്. പദ്ധതിവിഹിതമായി നിശ്ചയിച്ചതിന്റെ മുന്നൂറു ശതമാനത്തിലധികം ചെലവഴിച്ച് റെക്കോർഡിട്ട പൊതുമരാമത്ത് വകുപ്പ് കാലത്തിനൊത്ത് ആധുനികവൽക്കരിക്കപ്പെട്ടു. ഇക്കഴിഞ്ഞ നാല് വർഷംകൊണ്ട് മൂവായിരംകോടി രൂപ ചെലവിൽ 7600 കി.മീ റോഡുകളുടെ ഉപരിതലം പുതുക്കിപ്പണിതു. 10700 കോടി രൂപ ചെലവഴിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 4000 കി.മീ. റോഡുകളുടെ ഉപരിതല നവീകരണവും പുരോഗമിക്കുന്നു. 157 പാലങ്ങളുടെ നിർമ്മാണമാണ് ഇക്കാലയളവിൽ പൂർത്തിയാക്കിയത്. ഇതൊരു ചെറിയകാര്യമാണോ? 1500 കെട്ടിടങ്ങളുടെ നിർമ്മാണം PWD ഏറ്റെടുത്ത് പൂർത്തീകരിക്കുന്നു. ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 752 കോടി രൂപയുടെ പ്രത്യേക പാക്കേജ്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ അഭൂതപൂർവ്വമായ വികസന പ്രവർത്തനങ്ങളാണ് പൂർത്തിയായി വരുന്നത്. കോൺക്രീറ്റ്റോഡ്, റോഡിന്റെ മിനിമം ഗ്യാരന്റി, ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ, ആധുനിക രീതിയിലുള്ള കുഴിയടയ്ക്കൽ, ഇ-ടെൻഡറിംഗ്, ഇ-പേമെന്റ്, ഫ്രീ ടെക്നോളജി തുടങ്ങിയ പരിഷ്കാരങ്ങൾ PWD വകുപ്പിന്റെ മുഖച്ഛായ തന്നെ മാറ്റി. നാൽപ്പത് വർഷത്തിനുശേഷം കേരളത്തിന്റെ PWD മാന്വൽ കാലോചിതമായി

പരിഷ്കരിക്കപ്പെട്ടു. കേരളത്തിലെ ദീർഘകാല ആവശ്യമായിരുന്ന കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, കോഴിക്കോട്, തലശ്ശേരി, മാഹി എന്നീ അഞ്ച് പ്രധാന ബൈപ്പാസുകൾ യാഥാർത്ഥ്യമാകുകയാണ്. KSDP രണ്ടാംഘട്ടം നഷ്ടപ്പെട്ടു എന്ന് കരുതിയതാണ്. UDF സർക്കാർ അത് വീണ്ടും ഏറ്റെടുത്ത് 2403 കോടി രൂപ ചെലവിൽ 363 കി.മീ. വരുന്ന 9 റോഡുകളുടെ പണി പുരോഗമിക്കുകയാണ്. ഫ്ലൈ ഓവറുകളും റിംഗ് റോഡുകളും പാലങ്ങളും ഉൾപ്പെടുത്തി ക്കൊണ്ട് സ്പീഡ് കേരള പദ്ധതി നടന്നുവരുന്നു. കഴിഞ്ഞ മൂന്നു കൊല്ലവും ശബരിമലയിൽ മണ്ഡലകാലം ആരംഭിക്കുന്നതിനുമുൻപായി റോഡുകളുടെ അറ്റക്കുറ്റപണി പൂർത്തിയാക്കി. 60 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് ആദ്യമായി ശബരിമലയിൽ ഹെവി മെയിന്റനൻസ് നടപ്പിലാക്കി. റാന്നിയിൽ 11 കോടി രൂപ ചെലവിൽ പിൽഗ്രിംസ് സെന്റർ യാഥാർത്ഥ്യമാക്കി. ഇതൊക്കെ പ്രകീർത്തിക്കപ്പെടേണ്ട കാര്യങ്ങളാണ്. മണ്ഡലകാലം ആരംഭിക്കുന്നതിനുമുൻപ് ശബരിമലയിൽ ഉണ്ടായിരുന്ന ദുരവസ്ഥയെ കുറിച്ച് അന്നത്തെ ദേവസ്വം ബോർഡും N.S.S ഉം ഒക്കെ പരാതിപ്പെട്ടിരുന്ന കാര്യം നമ്മുടെയെല്ലാം മനസ്സിൽ വരികയാണ്. എന്നാൽ ദേവസ്വം മന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നുവർഷക്കാലവും മണ്ഡലകാലം ആരംഭിക്കുന്നതിനുമുൻപ് എല്ലാവർക്കും സന്തോഷവും സംതൃപ്തിയും നൽകത്തക്ക നിലയിൽ പണികൾ

പൂർത്തീകരിക്കാൻ കഴിഞ്ഞു. തിരുവനന്തപുരം -കോഴിക്കോട് ലൈറ്റ്മെട്രോ പദ്ധതികൾ യാഥാർത്ഥ്യത്തോടടുക്കുന്നു. കെട്ടിട നിർമ്മാണത്തിൽ ഹരിതനിർമ്മാണനയം നടപ്പിലാക്കിയത് ഈ സർക്കാരാണ്. എണ്ണിയാൽ ഒടുങ്ങാത്ത വികസന പദ്ധതികളുടെയും പരിഷ്ക്കരണ പരിപാടികളുടെയും തലയെടുപ്പോടെയാണ് പൊതുമരാമത്ത് വകുപ്പ് ഇന്ന് നിൽക്കുന്നത്. നമ്മുടെ ജനപ്രതിനിധികൾ ബുദ്ധിമുട്ടി കാര്യങ്ങൾ ചെയ്യുമ്പോൾ, ഓരോ നിയോജക മണ്ഡലത്തിലെയും പ്രവൃത്തികൾ റിവ്യൂ ചെയ്യാൻ, ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ പദ്ധതികളും പ്രവർത്തനങ്ങളും റോഡുകളും പാലങ്ങളും തുടങ്ങിയവയുടെ നിർമ്മാണം സ്വന്തം പ്രവൃത്തിയായി ഏറ്റെടുത്ത് മന്ത്രിക്ക് റിവ്യൂ ചെയ്ത് നടത്താൻ കഴിയുമോ?

<u>ശ്രീ. മാത്യൂ റ്റി തോമസ്</u>: സർ, സമയം കളയാതെ ചുരുക്കി ചോദിക്കാം. ഞാനിവിടെ ഇരുന്നതിനുശേഷം റിവ്യൂ മീറ്റിന്റെ കത്ത് കിട്ടി. ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ കൊടിക്കുന്നിൽ സുരേഷ് എം.പി.യുടെയും മണ്ഡലത്തിലെ എം.എൽ.എ.മാരുടെയും സാന്നിദ്ധ്യത്തിൽ മാവേലിക്കര ലോക്സഭാമണ്ഡലത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ നാളെ നടക്കുന്ന റിവ്യൂ മീറ്റിംഗ് അവലോകനം ചെയ്യും. അവിടെ നാല് എം.എൽ.എ.മാരെ വിളിച്ചിട്ടില്ല.

പാർട്ടി ഏതും ആയിക്കോട്ടേ, സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന, എം.എൽ.എ.മാർ മുൻകൈ എടുത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങി എടുക്കുന്ന പ്രവൃത്തികളുടെ ക്രഡിറ്റ് എം.പി.മാർക്ക് കൊടുക്കുന്നതിനോട് അങ്ങ് തത്വത്തിൽ യോജിക്കുന്നുണ്ടോയെന്ന് പറയണം. അങ്ങ് വിളിച്ചാൽ ഞങ്ങൾ യോഗത്തിൽ പങ്കെടുക്കും.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നമ്മുടെ പാർലമെന്റ് സെഗ്മെന്റിൽ വരുന്ന എം.എൽ.എ.മാരിൽ ആരെയെങ്കിലും വിട്ടു പോയിട്ടുണ്ടെങ്കിൽ അതൊരു വീഴ്ചയാണ്. തീർച്ചയായിട്ടും അവരെ അറിയിക്കുന്നതാണ്. പക്ഷെ എം. പി. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും റിവ്യൂ നടത്താൻ സാധിച്ചില്ല. ... (ബഹളം) ആ കാര്യത്തിൽ ഞാനെടുത്ത നിലപാട് ബഹുമാനപ്പെട്ട ചെയറിനറിയാം. റിവ്യൂ മീറ്റിംഗ് ക്യാൻസൽ ചെയ്യുന്ന കാര്യം ആലോചിക്കാം.

ശ്രീ. വർക്കല കഹാർ: തീർച്ചയായും അത് എം.എൽ.എ.മാരുടെ ജോലിയാണ്. ആ നിയോജകമണ്ഡലത്തിലെ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള വികസനപരമായ കാര്യങ്ങൾ ശ്രദ്ധിക്കുകയും അതിന്റെ റിവ്യൂ വർക്ക് നടത്തേണ്ടതും അതാത് മണ്ഡലത്തിലെ എം.എൽ.എ.മാരുടെ

ജോലിയാണ്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾക്ക് എം.എൽ.എ.മാരെ വിളിക്കാൻ തുടങ്ങിയാൽ എങ്ങനെയിരിക്കും? അതുകൊണ്ട് എം.എൽ.എ.മാരുടെ റിവ്യൂ മീറ്റിംഗ് വിളിക്കുമ്പോൾ ആവശ്യമുണ്ടെങ്കിൽ എം.പി.മാർക്കും വന്നിരിക്കാം അല്ലാതെ അങ്ങനെയുള്ള മീറ്റിംഗിൽ ഒരിക്കലും മന്ത്രി അതിനനുകൂലമായ നിലപാട് സ്വീകരിക്കരുത്. ആ മീറ്റിംഗ് ക്യാൻസൽ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. നമ്മൾ വളരെ ബുദ്ധിമുട്ടിയാണ് പ്രവർത്തികളുടെ ഭരണാനുമതി വാങ്ങിയെടുക്കുന്നത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ വർക്കല കഹാർ</u>: എന്റെ സമയം മുഴുവൻ മറ്റുള്ളവർ സംസാരിച്ചു.

<u>മി. ചെയർമാൻ</u>: അതിൽ മന്ത്രി 30 സെക്കന്റെടുത്തിട്ടുണ്ട്. അത് അങ്ങേയ്ക്ക് അഡീഷണലായി തരും.

<u>ശ്രീ വർക്കല കഹാർ</u>: ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു നിർദ്ദേശം നമുക്ക് ഭരണാനുമതി കിട്ടിയതുകൊണ്ട് അത് നടക്കില്ല. കാരണം അതിന് റ്റി.എസ് നൽകുന്നതും ടെണ്ടർ അംഗീകരിക്കുന്നതും സർക്കാർ തലത്തിലുള്ള കമ്മിറ്റികളാണ്. കൂടുതലായാലും കുറവായാലും സർക്കാർ തലത്തിലുള്ള കമ്മിറ്റികൾക്കേ ഇത് കഴിയൂ. മുൻകാലങ്ങളിൽ ഇത് ചെയ്തിരുന്നത് സാങ്കേതികവിഭാഗത്തിലുള്ള ഒരു സി.ഇ.യുടെ

കീഴിലായിരുന്നു. ഇതിന്റെ അംഗീകാരം കഴിഞ്ഞുവരുമ്പോൾ 6 മാസം കഴിഞ്ഞുപോകും. ഇതിനിടയിൽ റേറ്റ് റിവിഷൻ വന്നാൽ എടുത്ത പണി അവർ ഉപേക്ഷിച്ചുപോകും. വീണ്ടും റീടെണ്ടർ ചെയ്യേണ്ടിവരും. ഇതുകാരണം സർക്കാരിന് ഭീമമായ നഷ്ടമാണ് വന്നുചേരുന്നത്. ടെണ്ടർ ചെയ്യുന്ന അതോറിറ്റിക്കുതന്നെ ഒരു നിശ്ചിത ശതമാനം കൂടുതൽ നൽകാൻ അധികാരം നൽകിയാൽ പ്രായോഗികമായി എത്ര എളുപ്പാമായിരുന്നു. പ്രവൃത്തി ആരംഭിച്ചതിനുശേഷം ഇതിനായുള്ള സാങ്കേതിക ഏജൻസിക്കോ സർക്കാർ ഏജൻസിക്കോ, അതിനൊക്കെ ആളുണ്ടല്ലോ അവർ ഇതിന്റെ ഗുണനിലവാരം പരിശോധിക്കട്ടെ. ഇതിനുപിന്നിൽ ഒരു ഹിഡൻ അജണ്ടയുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. മറ്റൊന്നുമല്ല പണി നടക്കരുത്, പണി നടക്കാതിരുന്നാൽ ചെലവ് കുറയും. ഇതിനുവേണ്ടിയുള്ള ഹിഡൻ അജണ്ടയാണിതെന്ന് ഞാൻ സംശയിക്കുന്നു. ഇക്കാര്യങ്ങളൊക്കെ പരിശോധിക്കാൻ കഴിയണമെന്നുപറഞ്ഞ് ഞാൻ ഇതിനെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, അവതരിപ്പിക്കാത്ത ബഡ്ജറ്റിനെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്യുന്നില്ല. പക്ഷേ കേരള ഗവൺമെന്റിന്റെ തെറ്റായ, ജനദ്രോഹ നയങ്ങൾക്കുമെതിരെ ഞങ്ങൾ ശബ്ദമുയർത്തുമെന്നാണ് എനിക്ക് ആദ്യംതന്നെ സൂചിപ്പിക്കാനുള്ളത്. നമ്മുടെ കാർഷികമേഖല യു.ഡി.എഫ്. ഗവൺമന്റിന്റെ

വരവോട്ടുകൂടി തകർച്ചയിലേയ്ക്ക് പോകുന്നവെതാണ് യാഥാർത്ഥ്യം. 2013-14-ൽ കാർഷിക മേഖലയുടെ വളർച്ചാനിരക്ക് -1.36 ശതമാനമായിരുന്നു. കൃഷി മാത്രമെടുത്താൽ -2.88 ശതമാനമായി മാറി. ഇന്ത്യയിലുള്ള ആകെ 57 ശതമാനം കാർഷിക കുടുംബങ്ങളിൽ, 27 ശതമാനമേ കേരളത്തിലുള്ളൂ. പക്ഷേ ആ 27 ശതമാനത്തിൽ 77.7 ശതമാനവും കടബാദ്ധ്യതയുള്ള കുടുംബങ്ങളാണെന്നതാണ് ഈ ഗവൺമന്റിന്റെ നേട്ടമായി കാണാനുള്ളത്. അതിന്റെ പ്രധാന ഉത്തരവാദിത്തം ആഗോളവത്ക്കരണനയങ്ങളും കേരളാ ഗവൺമെന്റിന്റെ കർഷകവിരുദ്ധ നയങ്ങളുമാണെന്നാണ് ഞാൻ മനസിലാക്കുന്നത്. നമ്മുടെ നാട്ടിൻപുറത്തെ കാർഷികമേഖലയിൽനിന്ന് കൃഷിക്കാർ അല്പാല്പമായി പുറകോട്ടുപോകുകയാണ്. അവരെ സംരക്ഷിക്കാനുള്ള നടപടികൾ കേരളാ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടോ? കാർഷികമേഖലയെ സംരക്ഷിക്കാൻ ഗവൺമെന്റ് എന്ത് നടപടികളാണെടുക്കുന്നതെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. പക്ഷേ ഇവിടെ കാർഷികമേഖല തകർച്ചയുടെ വക്കിലാണ്. നെല്ലിന് വില കുറയുന്നു, പക്ഷേ അരിക്ക് വില കൂടുകയാണ്. റബ്ബറിന് വില കുറയുന്നു എന്നാൽ ടയറിന് വിലകൂടുകയാണ്. തേയിലയ്ക്ക് വില കുറയുന്നു പക്ഷേ ചായപ്പൊടിക്ക് വില കൂടിക്കൊണ്ടിരിക്കുകയാണ്. കാപ്പിക്കുരുവിന് വില കുറയുകയാണ് എന്നാൽ കാപ്പിപ്പൊടിക്ക് വില കൂടുകയാണ്.

ഈ ദുരവസ്ഥയാണ് കൃഷിക്കാർക്ക് താങ്ങാൻ കഴിയാത്തത്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വില പറയാനുള്ള അവകാശം കൃഷിക്കാർക്ക് എന്ന് ലഭിക്കുന്നുവോ അന്നുമാത്രമേ കൃഷിക്കാരൻ രക്ഷപ്പെടുകയുള്ളൂ. അതിന് സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോയെന്നതാണ് എന്റെ ചോദ്യം. പക്ഷേ അക്കാര്യത്തിൽ ഈ ഗവൺമെന്റ് അനാസ്ഥയാണ് കാണിക്കുന്നത്. നമുക്ക് വേണ്ടത് 40 ലക്ഷം ടൺ അരിയാണ്. പക്ഷേ 5.4 ലക്ഷം ടൺ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. 38 ലക്ഷം ടൺ പച്ചക്കറികൾ നമുക്ക് വേണം. എന്നാൽ 9 ലക്ഷം ടൺ പച്ചക്കറികൾ മാത്രമാണ് നമ്മൾ ഉല്പാദിപ്പിക്കുന്നത്. 13 ലക്ഷം ടൺ പഴങ്ങൾ നമുക്ക് വേണം, പക്ഷേ 6.5 ലക്ഷം ടൺ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ഉല്പാദനവർദ്ധനവിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഇതിനുവേണ്ടി ഗവൺമെന്റ് എടുക്കുന്ന നയങ്ങൾ എന്താണ്; ഒന്നുമില്ലേ?

ഇവിടെ കൃഷി ചെയ്യുന്ന നെല്ല് സംഭരിക്കുന്ന കാര്യത്തിൽ കൃഷി വകുപ്പിന് എന്തെങ്കിലും പങ്കുണ്ടോ? നെല്ലിന്റെ വില നൽകാൻപോലും ഗവൺമെന്റ് തയ്യാറാകുന്നില്ല. നാലഞ്ച് മാസങ്ങൾ കഴിഞ്ഞശേഷമാണ് നെല്ലിന്റെ വില കൊടുക്കുന്നത്. ആലപ്പുഴയിൽ നെല്ലിന്റെ വില അഞ്ച് മാസം കഴിഞ്ഞിട്ടും വിതരണം

ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. മാത്രമല്ല നെല്ലിന്റെ വില നിശ്ചയിക്കാൻ ബാദ്ധ്യതയുള്ള കൃഷിവകുപ്പും കേരള ഗവൺമെന്റും നെല്ലിന്റെ വില മൂന്ന് വർഷമായി ഉയർത്തിയിട്ടില്ല. 19 രൂപയിൽതന്നെ തങ്ങിനിൽക്കുകയാണ്. ഇത്തവണ നെല്ലിന്റെ വില 13 രൂപ 50 പൈസയേ തരൂ, ബാക്കി 5 രൂപ 40 പൈസ പിന്നീട് തരാമെന്ന് പറയുകയാണ്. നെല്ലുല്പാദിപ്പിക്കുന്ന കർഷകന് നെല്ലിന്റെ വില കൊടുക്കാൻപോലും തികയാറില്ല. ഈ ഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി എന്തുചെയ്തു?

നമ്മുടെ നാട്ടിലെ 35 ലക്ഷത്തോളം കുടുംബങ്ങളും നാളികേര കൃഷി ചെയ്താണ് ജീവിക്കുന്നത്. നാളികേരത്തിന്റെ വില കൂടിക്കൊണ്ടിയിരിക്കുകയാണെന്ന് യു.ഡി.എഫ്. ബഞ്ചിൽനിന്നും പറഞ്ഞു. ഇന്ന് നാളികേരത്തിന്റെ വില 8 രൂപയായി ചുരുങ്ങി. ഈ സാഹര്യത്തിൽ അവർക്കൊരു പ്രതീക്ഷയുള്ളത് 'നീര'യാണ്. ആ 'നീര'യെ സംരക്ഷിക്കാനുള്ള നടപടി നിങ്ങളെടുക്കുന്നുണ്ടോ? ലക്ഷക്കണക്കിനുള്ള കൃഷിക്കാർക്ക് ആശാകേന്ദ്രമായിട്ടാണ് 'നീര' വന്നത്. ആ 'നീര'യെ സംരക്ഷിക്കാൻ നിങ്ങൾ എന്തു നടപടിയാണെടുത്തത്. ഒന്നുമില്ല. 173 സമിതികൾക്കാണ് ലൈസൻസുള്ളത്. പുതിയ സമിതികൾക്ക് നിങ്ങൾ ലൈസൻസ് കൊടുക്കുന്നില്ല. ആരാണ് ലൈസൻസ് കൊടുക്കുന്നതെന്നും എന്തിനാണ് ലൈസൻസ് കൊടുക്കുന്നതെന്നും സംബന്ധിച്ച് കൃഷിവകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും

തമ്മിൽ തർക്കത്തിലാണ്. തർക്കം നടന്നുകൊണ്ടിരിക്കുന്നു. ഒരു കർഷകന് നീര ഉല്പാദിപ്പിക്കാൻ 20 തെങ്ങുകൾക്ക് മാത്രമാണ് അനുമതി കൊടുത്തിട്ടുള്ളത്. ശുചിത്വത്തോടുകൂടി തെങ്ങിന്റെ കുമ്പിൽ നിന്ന് പുളിക്കാതെ ശേഖരിക്കാനുള്ള ടെക്നീഷ്യൻമാർ നീരയ്ക്ക് വേണം. അങ്ങനെയുള്ള ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കാൻ കൃഷിവകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എവിടെയെങ്കിലും പരിശീലനം കൊടുക്കുന്നുണ്ടോ; ഇല്ല. ഇപ്പോൾ ടെക്നീഷ്യന്മാർ ഇല്ലാത്തതിനാൽ നീര ഉല്പാദിപ്പിക്കുന്നില്ല. നീര ഉല്പാദനം മുടങ്ങി. പാവപ്പെട്ട കർഷകർ ഇവിടെ നട്ടം തിരിയുന്നു. ഒരു ഫെഡറേഷന് 30 ലക്ഷം രൂപ വേണം. സർക്കാർ നയാപൈസ കൊടുത്തോ? നീര ഉല്പാദിപ്പിക്കാൻ ഒരു തെങ്ങിനുമുകളിൽ കയറി തെങ്ങ് ചെത്തണമെങ്കിൽ 2000 രൂപ വേണം. ആ 2000 രൂപ കൃഷിക്കാരന്റെ കൈവശം വേണ്ടേ? ഗവൺമെന്റ് അവർക്ക് നയാപൈസ കൊടുത്തോ? ഒന്നും കൊടുത്തിട്ടില്ല. നീര ഉല്പാദിപ്പിക്കാൻവേണ്ടി ആവേശപൂർവ്വം രംഗത്തുവന്ന പാവപ്പെട്ട തെങ്ങ് കൃഷിക്കാർ ഇന്ന് തലയിൽ കൈവച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ജനദ്രോഹ നയത്തിൽ മനംമടുത്ത് പല ആളുകളും നീര ഉല്പാദനത്തിൽനിന്ന് പിന്മാറിക്കൊണ്ടിരിക്കുകയാണ്. ഇത് ഗവൺമെന്റ് ഗൗരവത്തിലെടുക്കണം.

റബ്ബർ കൃഷിക്കാരൻ ആത്മഹത്യയിലേയ്ക്ക് നീങ്ങി. റബ്ബറിന്റെ വില ഒരിക്കലും

കുറയില്ല എന്നാണ് പറഞ്ഞത്. സ്വർണ്ണത്തിന്റെ വില കുറഞ്ഞാലും റബ്ബറിന് വില കുറയില്ല എന്നതായിരുന്നു ജനങ്ങളുടെ ഭാവം. റബ്ബറിന് ഇപ്പോൾ വില കുറഞ്ഞില്ലേ; ആസിയാൻ കരാർ നടപ്പിലാക്കുന്നതുകൊണ്ടാണ് കാർഷിക ഉത്പന്നങ്ങൾക്ക് വില കുറയുന്നത് എന്ന നിലയിൽ ഞങ്ങൾ സമരം ചെയ്തപ്പോൾ യു.ഡി.എഫും, യു.ഡി.എഫ്. ചെയർമാനും അന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു, സി.പി.ഐ.(എം)-കാർ കേരള ജനതയോട് മാപ്പ് പറയണം. ആസിയാൻ കരാർ നടപ്പിലാക്കിയതുകൊണ്ടാണ് കാർഷിക ഉത്പന്നങ്ങൾക്ക് വില കൂടുന്നത് എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ നാളികേരത്തിനും റബ്ബറിനും കുരുമുളകിനും ഒക്കെ വില കുറഞ്ഞില്ലേ; ആ കാർഷിക നയങ്ങളാണ് നിങ്ങൾ നടപ്പിലാക്കുന്നത്. റബ്ബർ കൃഷിക്കാരനെ രക്ഷിക്കുമെന്നല്ലേ പറഞ്ഞിരുന്നത്. സബ്സിഡി കൊടുക്കുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളവും ഉണ്ടായിരുന്നു. കേരളത്തെ തഴഞ്ഞിട്ടും എന്തെങ്കിലും പ്രതിഷേധം ഉയർത്തിയോ; ബഡ്ജറ്റിൽ മുന്നൂറുകോടി രൂപ നീക്കിവയ്ക്കുമെന്ന് പറഞ്ഞിട്ടും എന്തെങ്കിലും ചെയ്തോ; റബ്ബറിനു വില കൂട്ടണം, 150 രൂപയാക്കി വർദ്ധിപ്പിക്കണം, കർഷകരിൽ നിന്നും റബ്ബർ സംഭരിക്കണം എന്നൊക്കെയുള്ള ആവശ്യങ്ങളുന്നയിച്ച് ബഹുമാനപ്പെട്ട പി.സി.ജോർജ്ജ് രണ്ടു പ്രാവശ്യം സബ്മിഷൻ ഇവിടെ അവതരിപ്പിച്ചു. എന്നിട്ട് ഗവൺമെന്റ് എന്തെങ്കിലും

നടപടിയെടുത്തോ; വല്ല ഗുണവും കിട്ടിയോ; ഒരു കിലോ റബ്ബറെങ്കിലും കൃഷിക്കാരനിൽ നിന്ന് സംഭരിച്ചോ? ഇല്ല.... ടയർ കമ്പനിക്കാർ കൃഷിക്കാരനിൽ നിന്ന് നേരിട്ട് റബ്ബർ സംഭരിക്കുമെന്ന് പറഞ്ഞു, പക്ഷെ ഒരു ടയർ കമ്പനിക്കാരനും റബ്ബർ സംഭരിക്കാൻ വന്നില്ല. ഗവൺമെന്റ് എന്തെങ്കിലും പൈസ കൊടുക്കണമെന്ന് പറഞ്ഞോ. റബ്ബർ കർഷകരെ സഹായിക്കുമെന്നും ഒരു കിലോ റബ്ബറിനു 30 രൂപ കൊടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതും കൊടുത്തില്ല. ഇപ്പോൾ റബ്ബർ കൃഷിക്കാർ ആത്മഹത്യയുടെ വക്കിലാണ്. പല റബ്ബർ കൃഷിക്കാരും വെട്ട് നിർത്തി. വെട്ട് നിർത്തിയാൽ മരം മുറിച്ച് വില്പന നടത്താമെന്ന് പറയാം. വിൽപ്പനക്കാരനും കച്ചവടക്കാരനും വ്യവസായിയും തമ്മിലടിയാണ്. കച്ചവടക്കാർ ഇവിടെ റബ്ബർ വാങ്ങുന്നുമില്ല, വ്യവസായിക്ക് കൊടുക്കുന്നുമില്ല. രണ്ടു കൂട്ടരും അടിയായതോടുകൂടി മരം വിറ്റ് കാശാക്കാനും പറ്റുന്നില്ല, മരം മുറിക്കാനും പറ്റുന്നില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങ് പറയുന്നത് അർദ്ധസത്യമാകരുത്. ഒരു കിലോ റബ്ബർ സംഭരിച്ചോ; 1227 ടൺ സംഭരിച്ചു. നൂറു കൊടുക്കും മുന്നൂറു കൊടുക്കും എന്നു പറഞ്ഞു, പതിനാലരക്കോടി രൂപ കൊടുത്തു. അങ്ങ് പറയുന്നത് മുഴുവൻ സത്യമായി വരണമെന്നുള്ളതുകൊണ്ട് തിരുത്തുകയാണ്. ഈ രാജ്യത്ത് നാല് ലക്ഷത്തിപതിനോരായിരം ടൺ റബ്ബർ സംഭരിച്ചുവച്ചിരിക്കുന്ന അതിസമ്പന്നന്മാരുടെ

മുമ്പിൽ റബ്ബറിനു വിലയില്ലാതെ കരഞ്ഞുകൊണ്ടുനടക്കുമ്പോൾ, ഈ സഭയിൽ അങ്ങ് പറഞ്ഞതുപോലെ രണ്ടു സബ്മിഷനല്ല, നാല് സബ്മിഷൻ അവതരിപ്പിച്ചു. ഈ രാജ്യത്തെ റബ്ബർ കൃഷിക്കാരനുവേണ്ടി ചെയ്ത മഹത്വം എന്നുപറയുന്നത്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞാൻകൂടി ഇരിക്കുന്ന കോൺഫറൻസിൽ നാല് രൂപ കൈകാര്യചെലവെന്ന് പറഞ്ഞ് തീരുമാനിച്ചത് അങ്ങേയ്ക്ക് അറിയാമോ; കഴിഞ്ഞ 6 - ാം തീയതിയിലെ സബ്മിഷനുള്ള മറുപടിയായി കൈകാര്യ ചെലവ് ഒമ്പത് രൂപയാക്കി എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഞാൻ അന്തിച്ചുപോയി. പതിനാലരക്കോടി രൂപ കൊടുത്തത് കട്ടിരിക്കുകയാണ്. ഒരു കിലോ റബ്ബർപോലും സംഭരിച്ചിട്ടില്ല. സംഭരിച്ച 1227 കിലോ റബ്ബർ വിറ്റ് കാശാക്കി. അഴിമതിയാണ് ഇതെന്ന് സംശയമുണ്ടോ; ഒന്നുകൂടി പറയാം, ഇത് രണ്ട് കോർപ്പറേഷനാണ്. ഒന്നിന് ഒരു എം.ഡി. ഉണ്ട്. മറ്റൊന്നിൽ കട്ട് കൂട്ടിയ എം.പി.യാണ് വൈസ് ചെയർമാൻ. നിങ്ങൾക്ക് രണ്ടാമത് കാശെന്തിനാണെന്ന് എം.ഡി.-യോടു ചോദിച്ചപ്പോൾ, ഞാനത് ബാങ്കിൽ ഇട്ടിരിക്കുകയാണെന്നാണ് പറഞ്ഞത്. ആറ് കോടി രൂപയുണ്ട്. ഈ ഗവൺമെന്റ് അറിയാൻ വേണ്ടി പറയുകയാണ്. ഇതാണ് ഈ രാജ്യത്ത് നടക്കുന്നത്.

<u>ശ്രീ. കെ. വി. വിജയദാസ്:</u> റബ്ബർ കൃഷിക്കാരനോടുള്ള ഈ ഗവൺമെന്റിന്റെ

നയമാണ് ബഹുമാനപ്പെട്ട പി.സി. ജോർജ് ഇവിടെ ചൂണ്ടിക്കാണിച്ചത്. റബ്ബർ കൃഷിക്കാർക്ക് ഒരു നയാപൈസ കൊടുക്കാത്ത ഗവൺമെന്റിന്റെ നയം തുറന്നു കാണിച്ചതിൽ ബഹുമാനപ്പെട്ട പി.സി. ജോർജിനോട് നന്ദിയുണ്ട്. കടബാധ്യതമൂലം ദുരിതത്തിലായ കൃഷിക്കാരെ സമാശ്വസിപ്പിക്കുന്നതിന് വേണ്ടിയാണ് കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത്. ആ കാർഷിക കടാശ്വാസ കമ്മീഷന്റെ മുമ്പിൽ അൻപതിനായിരം പരാതികളാണ് കെട്ടിക്കിടക്കുന്നത്. അതിനുള്ള പണം ഗവൺമെന്റ് കൊടുക്കണ്ടേ; അതുപോലും കൊടുക്കുന്നില്ല. പഴം, പച്ചക്കറി കൃഷിക്കാർ എന്നൊരു വിഭാഗമുണ്ട്. അവരെ രക്ഷിക്കുന്നതിനായുണ്ടാക്കിയ വി.എഫ്.പി.സി.കെ. എന്ന സംവിധാനത്തിന് ഇപ്പോൾ നാഥനില്ലാത്ത സ്ഥിതിയാണ്. സി.ഇ.ഒ.-യോ എം.ഡി.-യോ ആരുംതന്നെയില്ല. പാവപ്പെട്ട കൃഷിക്കാർക്ക് ഇപ്പോൾ ഒരു ആനുകൂല്യവും കിട്ടാത്ത സ്ഥിതിയാണ് ഉള്ളത്. ഉപഭോക്താക്കൾക്ക് ചുരുങ്ങിയ ചിലവിൽ പച്ചക്കറി എത്തിച്ചുകൊടുക്കുന്ന ഹോർട്ടികോർപ്പിന്റെ സ്ഥിതിയാണെങ്കിൽ കമ്പോളത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ വില അവിടെ കൊടുക്കേണ്ടി വരുന്നു. കാർഷിക മേഖലയിൽ നൂതന ആശയം നടപ്പിലാക്കുന്നതിന് ഒരു ശ്രമവും ഈ മേഖലയിൽ നിന്നും ഉണ്ടാകുന്നില്ല. അഞ്ച് ഏക്കർ വരെ കൃഷിയുള്ള കർഷകർക്ക് വൈദ്യുതിചാർജ്ജ് ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ ഒരു

യൂണിറ്റിന് 65 പൈസയിൽ നിന്ന് നാല് രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഒരു ഉപകാരം ചെയ്തു. കാലാവസ്ഥ വ്യതിയാനം, പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവയ്ക്ക് കൃഷിക്കാർക്കുള്ള എല്ലാ സഹായങ്ങളും വെട്ടിക്കുറച്ചു. ഇപ്പോൾ നമ്മുടെ കേരളത്തിലെ പുതിയ ജനകീയ ആവശ്യം, സി.പി.ഐ.(എം)-ഉം ബഹുജനസംഘടനകളും ആവർത്തിച്ച് കൊണ്ടുവരുന്ന ഒരു വിഷയമുണ്ട്. വിഷമുള്ള പച്ചക്കറികളിൽ നിന്ന് കേരളത്തിലെ ജനങ്ങളെ മോചിപ്പിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് വൻതോതിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിനു വേണ്ടിയിട്ടുള്ള ഒരു പ്രവർത്തനം കേരളമൊട്ടാകെ നടന്നുവരികയാണ്. പക്ഷേ കേരള ഗവൺമെന്റ് ഇതിനുവേണ്ടി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; തമിഴ്നാട്ടിലെ പച്ചക്കറിത്തോട്ടങ്ങളിൽ നിന്നുള്ള പച്ചക്കറി വൻതോതിൽ കീടനാശിനി ലായിനികളിൽ മുക്കിയെടുത്താണ് ഇവിടെ വിൽക്കാൻ കൊണ്ടുവരുന്നത്. ഇവയ്ക്ക് ചെക്ക്പോസ്റ്റുകളിൽ പരിശോധന ഏർപ്പെടുത്തുന്നുണ്ടോ; മൊബൈൽ ലാബ് സ്ഥാപിക്കണമെന്ന് പറഞ്ഞിട്ട് എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ; ഒന്നുമില്ല. കേരളത്തിലെ ജനകോടികൾ ഭക്ഷിക്കുന്ന പച്ചക്കറികൾ മുഴുവൻ വിഷാംശം ഉള്ളതാണ്. വിഷാംശം കൂടുതലുള്ളതുകൊണ്ട് തമിഴ്നാട്ടിലെ പച്ചക്കറികളൊന്നും ഗൾഫിൽ കൊണ്ടുവരാൻ പാടില്ല എന്ന് അവിടുത്തെ ഗവൺമെന്റ് തീരുമാനമെടുത്തു.

നമ്മുടെ കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിച്ച് ഈ ഗവൺമെന്റ് ദ്രോഹകരമായിട്ടുള്ള നിലപാടിലേയ്ക്കാണ് പോകുന്നത്. കൃഷിയുടെ ഐശ്വര്യവും കർഷകന്റെ ക്ഷേമവും കാർഷിക രംഗത്തിന്റെ വളർച്ചയ്ക്ക് മുഖ്യഘടകമാണ്. അതിനാലാണ് ഒരു കാർഷിക ക്ഷേമബോർഡ് വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ഞാൻ കൂടുതലൊന്നും പറയുന്നില്ല. അരുവിക്കരയല്ല കേരളം. അരുവിക്കര ജയിച്ചതോടുകൂടി ഞങ്ങളിതാ പൂർണ്ണതയിലെത്തിയിരിക്കുന്നു, ഞങ്ങളുടെ എല്ലാ പാപഭാരങ്ങളും കഴുകിക്കളഞ്ഞിരിക്കുന്നു എന്ന ധാരണ തിരുത്തണം. നാലു വർഷക്കാലത്തിനിടയ്ക്ക് രണ്ടര വർഷം പെൻഷൻ കൊടുത്തിട്ടില്ല. വീടിന്റെ പദ്ധതിയെല്ലാം ഇല്ലാതാക്കി. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ പട്ടിണിയിലേയ്ക്ക് തള്ളിവിട്ടു. പൊതുമേഖലയെല്ലാം നഷ്ടപ്പെടുത്തി. നിയമനനിരോധനം കൊണ്ടുവന്നു. പുസ്തകം സമയത്തിനു കൊടുക്കാതെ വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തി. വീടുകളെ മദ്യശാലകളാക്കി. അഴിമതി കുലത്തൊഴിലാക്കി. മാഫിയാസംഘങ്ങൾക്ക് അഴിഞ്ഞാടാനുള്ള വഴിയൊരുക്കി. കോൺട്രാക്ടർമാർക്ക് പണം കൊടുക്കാതെ കഷ്ടപ്പെടുത്തുന്നു. റേഷൻ കടയിൽ അരി നൽകുന്നില്ല, ആദിവാസി കുഞ്ഞുങ്ങൾ മരിക്കുമ്പോൾ അവിടെ തിരിഞ്ഞുനോക്കുന്നില്ല. ഗവൺമെന്റിന്റെ പാപക്കറകൾ

അരുവിക്കരകൊണ്ട് തീരുമെന്ന് നിങ്ങൾ വിശ്വസിക്കരുത്. അരുവിക്കരയല്ല നമ്മുടെ കേരളം. കേരളത്തിലെ ജനകോടികളോട് ഈ ഗവൺമെന്റ് ഏറ്റവും വലിയ ദ്രോഹമാണ് ചെയ്തത്. ഇതിന് കേരളത്തിലെ ജനങ്ങൾ മറുപടി പറയും. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് വകുപ്പുകൾക്കുവേണ്ടി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥനകളാണ്. കഴിഞ്ഞ നാലുവർഷത്തിനിടയിൽ വളരെ ശ്രദ്ധേയമായ രീതിയിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള രണ്ട് വകുപ്പുകൾ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളെ എങ്ങനെ പിന്താങ്ങാതിരിക്കും എന്നതാണ് എന്റെ സംശയം. രാഷ്ട്രീയ വിരോധത്തിന്റെ പേരിലോ ഭരണപരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിലോ ഗവൺമെന്റിന്റെയും വകുപ്പുകളുടെയും പ്രവർത്തനം ഇകഴ്ത്തിക്കാണിക്കാൻ ആരെങ്കിലും ശ്രമിക്കുന്നുവെങ്കിൽ നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരാൾക്കും അറിയാവുന്ന ഒരു യാഥാർത്ഥ്യം, കഴിഞ്ഞ നാലുവർഷത്തിനിടയിൽ കേരളചരിത്രത്തിലാദ്യമായി ഇത്ര വലിയ വികസന മുന്നേറ്റം എല്ലാ രംഗങ്ങളിലും നടന്നിട്ടുണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെടേണ്ടതാണ്. പൊതുമരാമത്ത് വകുപ്പും കൃഷിവകുപ്പും

ആർജ്ജിച്ചിട്ടുള്ള കഴിവുകളും പ്രവർത്തനപുരോഗതിയും വിലയിരുത്തപ്പെടുമ്പോഴാണ് ഈ വലിയൊരു മാറ്റം നമുക്ക് കാണാൻ സാധിക്കുന്നത്. കണ്ണടച്ച് ഇരുട്ടാക്കിയിട്ടില്ലെങ്കിൽ ഈ വസ്തുതകൾ എല്ലാവരും അംഗീകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പദ്ധതി വിഹിതത്തേക്കാൾ 300 ശതമാനം കൂടുതൽ ഈ വർഷം ചെലവാക്കി എന്നാണ് ഞാൻ ഈ സന്ദർഭത്തിൽ പറയുന്നത്. വളരെ വിപ്ലവകരമായ മുന്നേറ്റമാണ് ഈ രംഗത്ത് നടത്തിയിട്ടുള്ളത്. ഇത് ചരിത്രത്തിലാദ്യമായിട്ടാണ്. പൊതുമരാമത്ത് വകുപ്പ് നടത്തിയ വികസനങ്ങളെ സംബന്ധിച്ച് പറഞ്ഞാൽ തീരുകയില്ല. ഗ്രാമീണജനതപോലും റോഡുകളുടെ പരിഷ്കരണ പ്രവൃത്തി കണ്ട് അന്തിച്ചുനിൽക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ബി.എം. & ബി.സി. മോഡലിൽ ടാർ ചെയ്ത റോഡുകൾ ഗ്രാമത്തിലെ ജനങ്ങൾ കാണുമ്പോൾ അവർക്ക് അത്ഭുതം തോന്നുകയാണ്. ഗൾഫിൽ പോയി ഒന്നുരണ്ടുവർഷം കഴിഞ്ഞ് തിരിച്ചുവരുന്ന ആളുകൾ ഗ്രാമപ്രദേശങ്ങളിലെ റോഡുകൾ കാണുമ്പോൾ ഗൾഫിൽ തന്നെയാണോ ഞാൻ നിൽക്കുന്നത് എന്ന് തോന്നിപ്പോകുന്നുവെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. പൊതുമരാമത്ത് വകുപ്പ് അത്രയും അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി ഈ ഗവൺമെന്റ് അഭിമുഖീകരിക്കുന്നുണ്ടെന്ന്

നമുക്കറിയാം. എങ്കിൽപ്പോലും ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞിന്റെ കയ്യിൽ അലാവുദ്ദീന്റെ അത്ഭുതവിളക്ക് ഉണ്ടോ എന്നാണ് പലയാളുകളും ചോദിക്കുന്നത്. കാരണം ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് പോകുന്ന പല ഫയലുകളും നെഗറ്റീവായി തിരിച്ചുവരുമ്പോഴും പ്രതികരിക്കപ്പെടുമ്പോഴും കേരളത്തിന്റെ വികസനരംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടായിരിക്കാം അലാവുദ്ദീന്റെ അത്ഭുത വിളക്കിനെക്കുറിച്ച് ആളുകൾ ചോദിക്കുന്നത്. വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പിലെ ജീവനക്കാരും ഒറ്റക്കെട്ടായി ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. നൂതന വിദ്യകൾ സ്വായത്തമാക്കി പ്രവർത്തിക്കുകയാണ്. ഇതിനായി സംഘടിപ്പിച്ചിട്ടുള്ള അന്തർദ്ദേശീയ പ്രശസ്തരുടെ സാന്നിദ്ധ്യത്തിൽ നടന്ന ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ് പോലും പുത്തൻ ഉണർവ് ഈ രംഗത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ടാണ് ഈ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചത്. ഈ കാലയളവിൽ 100 പാലങ്ങൾ 400 ദിവസത്തിനുള്ളിൽ കമ്മീഷൻ ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. നേരത്തേ 177 പാലങ്ങൾ പൂർത്തിയായിരുന്നത് ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി ഇത്തരം

പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. 7600 കിലോമീറ്റർ റോഡ് 3000 കോടിരൂപയ്ക്ക് നടപ്പിലാക്കാൻ വേണ്ട തീരുമാനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 1500 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 10,700 കോടിരൂപയുടെ വികസനം ഈ രംഗത്ത് മൊത്തത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത് താമരശ്ശേരി ടൗണിലും കൊടുവള്ളി ടൗണിലും ബൈപ്പാസ് നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ചെയ്യുകയും അതിന്റെ നടപടി മുന്നോട്ടുപോകുകയും ചെയ്യുന്നു. അതിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ബൈപ്പാസുകളുടെ കൂട്ടത്തിൽ ഈ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. നേരത്തേ പലരും സൂചിപ്പിച്ചതുപോലെ പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരിച്ചതും കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതും പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചതും റോഡുകൾക്ക് മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ളതും ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതും ആധുനിക കുഴിയടയ്ക്കൽ രീതികൾ, മാതൃകാ സുരക്ഷാ റോഡുകൾ, ഗുണനിലവാരം അളക്കാനുള്ള ക്വാളിറ്റി ലാബ് ഇങ്ങനെ എല്ലാ കാര്യങ്ങൾക്കും ശ്രദ്ധ ഉണ്ടാകുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരുപാട് റോഡുകൾ നമ്മുടെ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ പൂർത്തിയാക്കിയെടുക്കുവാൻ സാധിച്ചിട്ടുള്ളത് ഗ്രാമീണജനതയെ സംബന്ധിച്ചിടത്തോളം വലിയ ശുഭോദർക്കമായ യാഥാർത്ഥ്യമാണ്. 8570 കിലോമീറ്റർ റോഡുകൾ മേജർ ഡിസ്ട്രിക്റ്റ് റോഡുകളായി മാറ്റിയിട്ടുള്ളത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഇന്ധന സെസ്സിന്റെ 50 ശതമാനം തുക 14 ജില്ലകളിലുമായി വിനിയോഗിച്ചുകൊണ്ട് 21 മെഗാപദ്ധതികൾ 3771.47 കോടിരൂപ ചെലവഴിച്ചുകൊണ്ട് കേരളസംസ്ഥാനത്ത് നടക്കുന്നുവെന്നത് അത്ഭുതകരമായ കാര്യമാണ്. ഇ-ടെണ്ടർ സംവിധാനവും ഇ-പേയ്മെന്റ് സംവിധാനവും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ട് മുൻടെണ്ടർ രീതിയൊക്കെ മാറി ടെണ്ടറിലെ ഒത്തുകളിക്ക് സാദ്ധ്യമല്ലാത്തവിധം പരിഷ്കരിക്കപ്പെട്ടിരിക്കുകയാണ്. പരമ്പരാഗത പ്രവർത്തനരീതിയിൽ മാറ്റമുണ്ടാകുകയും പുതിയ ഭാവത്തോടും വീക്ഷണത്തോടുംകൂടി ഈ രംഗത്തെ നോക്കിക്കാണുകയും ചെയ്യുന്നുവെന്നത് പ്രതീക്ഷയുളവാക്കുന്ന ഒന്നാണ്. അതുപോലെ ആശ്വാസ് കമ്പനികൾ രൂപീകരിച്ചുകൊണ്ട് ഗതാഗത യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ ഡിപ്പാർട്ടുമെന്റിന് സാധിച്ചിട്ടുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്നത് ഇന്ത്യയിലാണെന്ന്

പറയപ്പെടുന്നു. അശാസ്ത്രീയമായിട്ടുള്ള നിർമ്മാണവും നന്നാക്കലുമൊക്കെയാണ് ഇതിന് കാരണമായിട്ട് പറയപ്പെടുന്നത്. റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതും പ്രതല സന്തുലിതത്വം നഷ്ടപ്പെടുന്നതുമൊക്കെ ഇതിന് കാരണമായി പറയുന്നുണ്ട്. ഇത്തരം റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ സുപ്രീം കോടതി മുൻ ന്യായാധിപൻ എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കുറച്ച് മെച്ചം ഈ ഭാഗത്ത് ഉണ്ടാകുന്നുണ്ട്. ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഇനിയും ആവിഷ്കരിക്കേണ്ടതുണ്ട്. കാരണം ഡ്രെയിനേജുകളുടെ അപാകത റോഡുകൾ തകരാൻ കാരണമാകുന്നുണ്ട്. ഈ അപാകതകൾ പരിഹരിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടി റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായിട്ടുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്. ഇത്രയും കാര്യങ്ങൾ ചെയ്ത് മുന്നോട്ട് പോകുമ്പോഴും അഴിമതിയുടെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ ചിലയാളുകൾ ശ്രമിക്കുന്നുവെന്നത് ഈ സന്ദർഭത്തിൽ ഞങ്ങൾ സ്മരിക്കുകയാണ്. ശ്രീ. കെ. ബി. ഗണേഷ്കുമാറിനെ പോലെ പരിചയസമ്പന്നരായിട്ടുള്ള ആളുകൾ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും അദ്ദേഹത്തിന്റെ ജീവനക്കാർക്കുമെതിരെ ആരോപണങ്ങൾ

ഉന്നയിച്ചത് ഈ സഭയിൽ നമ്മൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ചില തെറ്റിദ്ധാരണകളുടെ പേരിലായിരിക്കാം എന്ന് ഞാൻ ചിന്തിക്കുകയാണ്. ഒരുകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തെല്ലാം അഴിമതിയാരോപണങ്ങളും ആക്ഷേപങ്ങളും കൊണ്ടുവന്നാലും ജനങ്ങൾക്ക് നൽകിയിട്ടുള്ള മാൻഡേറ്റ് പാലിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ഇത്തരം പ്രചരണങ്ങൾ കൊണ്ട് സാദ്ധ്യമല്ല എന്ന് ബന്ധപ്പെട്ട ആളുകളെ ഓർമ്മിപ്പിക്കാനും ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്.

കാർഷിക വികസനരംഗത്തും വലിയ മാറ്റം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നിട്ടുള്ളത് 1996-ലാണ്. 1996 മുതൽ 2015 വരെയുള്ള 19 വർഷക്കാലം ഓരോ ത്രിതല പഞ്ചായത്തുകളിലും ഉൽപ്പാദന മേഖലയിൽ ചെലവഴിക്കുന്നതിനുവേണ്ടി 40 ശതമാനം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. 19 വർഷത്തെ കണക്ക് കൂട്ടിനോക്കുമ്പോൾ കോടാനുകോടി രൂപയാണ് ഉൽപ്പാദനരംഗത്ത് നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ ഈ കോടികൾ ഉൽപ്പാദനമേഖലയിൽ ചെലവഴിച്ചതിന്റെ ഫലം കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. മാർച്ച് 31-ാം തീയതി എക്സ്പെൻഡിച്ചർ

ആക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾ താൽപ്പര്യം കാണിക്കുന്നു എന്നതിനപ്പുറത്തേയ്ക്ക് ....ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഞാൻ മറച്ചുവയ്ക്കുന്നില്ല. പക്ഷേ വ്യാപകമായി ഈ രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. പക്ഷേ നമ്മുടെ കൃഷി വകുപ്പുമന്ത്രി ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ട് ദീർഘവീക്ഷണത്തോടുകൂടി, 'കേരളം കർഷകന്റെ നാടാണ്, കർഷകൻ നാടിന്റെ നട്ടെല്ലാണ്' എന്ന് മനസ്സിലാക്കിക്കൊണ്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ നമുക്ക് ഏറെ ഗുണം ചെയ്യുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. നമ്മുടെ സംസ്ഥാനത്തെ സ്വയംപര്യാപ്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനം നടക്കുകയാണ്. വിഷലിപ്തമായ അന്യസംസ്ഥാന പച്ചക്കറികൾ കഴിക്കുന്ന സ്ഥിതിയിൽ നിന്നും മാറ്റമുണ്ടാകുന്നതിനും ജനങ്ങൾക്ക് അവബോധം നൽകുന്നതോടൊപ്പം തന്നെ കൃഷിരീതികൾ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഇവിടെ നടക്കുകയാണ്. മട്ടുപ്പാവിൽ പച്ചക്കറിയുണ്ടാക്കാൻ ഗ്രോ ബാഗുകൾ വിതരണം ചെയ്യുന്നു. ചെടിച്ചട്ടികളിൽ ഉൽപ്പാദനമുണ്ടാകുന്നതിനുവേണ്ടി പ്രചോദനം നൽകുന്നു. വിദ്യാഭ്യാസവകുപ്പും

കൃഷിവകുപ്പും ചേർന്ന് 2500 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നടപ്പിലാക്കുന്നു. സ്കൂളുകളിൽ 'വിത്തുവണ്ടി' എന്നൊരു പദ്ധതിതന്നെ നമ്മുടെ സംസ്ഥാനത്ത് നടത്തുകയുണ്ടായി. 173 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്തു. 32,843 ഹെക്ടർ സ്ഥലത്തുനിന്നും 3.5 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചുവെന്നാണ് അവലോകനത്തിൽ കാണാൻ സാധിച്ചത്. ആഭ്യന്തര ഉൽപ്പാദനം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. മനോരമയുടെയും മാതൃഭൂമിയുടെയും പദ്ധതികൾ ഈ രംഗത്ത് കൂടുതൽ പ്രോൽസാഹനം നൽകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 600 ബയോഗ്യാസ് പ്ലാന്റുകൾ വിവിധ സ്കൂളുകളിലായി സ്ഥാപിച്ചിട്ടുണ്ട്. അതോടോപ്പം ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഹൈടെക് കൃഷിരീതിയും ഗ്രീൻ ഹൗസുകളും വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി ബ്ലോക്കുകൾ കേന്ദ്രീകരിച്ചുകൊണ്ട് അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന പരിശീലന രംഗത്തും പുത്തൻ ഉണർവ് നമ്മുടെ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. 'നിറവ്' പോലെയുള്ള പദ്ധതികൾ വലിയ മാറ്റമാണ് ഈ രംഗത്ത് ഉണ്ടാക്കിയിട്ടുള്ളത്.

നാളികേരത്തിന്റെ താങ്ങുവില പലപ്പോഴും ഈ സഭ ചർച്ച ചെയ്തിട്ടുള്ള ഒരു കാര്യമാണ്. താങ്ങുവില നിശ്ചയിച്ചതുകൊണ്ടാണ് 7 രൂപ വിലയുണ്ടായിരുന്ന

തേങ്ങയ്ക്ക് 32 രൂപവരെ എത്തിയിട്ടുള്ളത്. ഇന്ന് വില കുറഞ്ഞുവെന്ന പരാമർശങ്ങൾ ഇവിടെ ഉണ്ടായി. വില കൂടിയിട്ടുണ്ടെങ്കിൽ അതിന്റെ വില താഴാതെ നോക്കാനും താങ്ങുവില നിലനിർത്താനും നാളികേര കർഷകർക്ക് മതിയായ വില ലഭിക്കാനുമുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കണമെന്ന് അങ്ങയോട് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'നീര'-യെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. കേരളത്തിലെ നാളികേര കർഷകരുടെ ഒരു ചിരകാല സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ളത് ഈ സർക്കാരിലൂടെയാണ്. 2014 നവംബർ ഒന്നാം തീയതി നീരയുടെ പ്രഖ്യാപനം നടന്നപ്പോൾ കേരളത്തിലെ നാളികേര കർഷകർക്ക് ആവേശമുണ്ടായിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനത്തിലും വിപണനത്തിലും ഇന്ന് മാന്ദ്യമുണ്ട്. നീരയുടെ ഗുണഗണങ്ങൾ ബോദ്ധ്യപ്പെടുത്താനും നീരയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് നാളികേരള കർഷകരുടെ സ്വപ്നം പൂർണ്ണമായ തോതിൽ സാക്ഷാത്കരിക്കപ്പെടാനുമുള്ള അടിയന്തര ഇടപെടലുകളും പ്രവർത്തനങ്ങളുമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. അജിത്:</u> സർ, നിശ്ചലമായ ഭരണ സംവിധാനത്തിന്റെ ശൂന്യമായ കണക്കുപുസ്തകമാണിവിടെ ചർച്ച ചെയ്യപ്പെടുന്നത്. കേരളം രൂപീകൃതമായ ശേഷം

ഏറ്റവും വിപ്ലവകരമായ ഒരു സംഭവം നടന്നത് ഭൂപരിഷ്കരണ നിയമമാണ്. അതിനുശേഷമുണ്ടായ ഒരു മാറ്റം, നമ്മുടെ നെൽവയൽ-നീർത്തട സംരക്ഷണ നിയമം 2008-ൽ അവതരിപ്പിച്ചശേഷമാണ്. കേരളത്തിൽ ഇന്ന് നീർത്തടങ്ങളെല്ലാം നശിച്ചുപോകുകയും നികത്തപ്പെടുകയുമാണ്. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ സർക്കാരും കൃഷിവകുപ്പും അതിൽ നിസ്സംഗത പാലിച്ചിരിക്കുകയും ഇടപെടാതിരിക്കുകയുമാണ്. 1975-ൽ 8.5 ലക്ഷം ഹെക്ടർ നെൽക്കൃഷി ഉണ്ടായിരുന്നുവെങ്കിൽ 2013 ആയപ്പോൾ അത് ഒന്നേമുക്കാൽ ലക്ഷം ഹെക്ടറായി കുറഞ്ഞു. കേരളത്തിലെ വയലുകളെല്ലാം ഭൂമാഫിയകൾ നികത്തുമ്പോൾ ഒരു നിയമത്തെ അട്ടിമറിക്കാനുള്ള തീവ്രമായ ശ്രമത്തിലാണ് ഇന്ന് ഭരണപക്ഷം നിൽക്കുന്നത്. നമുക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഇവിടെ ഉണ്ടാക്കുന്നതിലുള്ള അപര്യാപ്തത, ഇപ്പോൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടതുപോലെ ക്യാൻസർ പോലുള്ള രോഗങ്ങളുടെ അതിക്രമത്തിന് കാരണമാകുകയും അതുമൂലം കേരളത്തിലെ ഭവനങ്ങളിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുകയുമാണ്. കേരളം വലിയ ചർച്ചയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് ആവശ്യമുള്ളതെല്ലാം അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് കൊണ്ടുവരേണ്ട അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തിലെ ഓരോ മനുഷ്യനും എന്ത് ഭക്ഷിക്കണമെന്ന്

അന്യസംസ്ഥാനത്തെ കൃഷിക്കാർ തീരുമാനിക്കേണ്ട അവസ്ഥയിലേയ്ക്ക് ഇന്ന് കേരളം എത്തപ്പെട്ടിരിക്കുകയാണ്. നമ്മുടെ കൃഷി വകുപ്പ് നിശ്ചലമായ അവസ്ഥയിലാണ്. ഇവിടെ ഒരുപാട് വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പക്ഷെ കൃഷി വകുപ്പിലെ ജീവനക്കാരുടെ/കൃഷി ഓഫീസറുടെ വീട്ടിൽപോലും ഒരു മുളക് ചെടി ഇല്ലായെന്നതാണ് യാഥാർത്ഥ്യം. ഒരുപക്ഷേ മന്ത്രിയുടെ വീട്ടിൽപോലും ഒരു വെണ്ടയ്ക്കയോ, ഒരു മുളകോ, ഒരു കറിവേപ്പിലയോ കാണുകയില്ല എന്ന അവസ്ഥയിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. കേരളത്തിലെ പൊതുസമൂഹം ഇത് വളരെ ഗൗരവമായി കാണണം. നമ്മൾ നിയമസഭാംഗങ്ങളും ജനപ്രതിനിധികളും ഉൾപ്പെടെയുള്ള ആളുകൾ ഇതിന് മാതൃകയായിരിക്കണം. കാരണം, കേരളത്തിലെ ജനപ്രതിനിധികളെല്ലാവരും... എന്റെ നിയോജകമണ്ഡലത്തിലെ ടി.വി.പുരം എന്ന പ്രദേശത്ത് പത്ത് വീടുകൾ പരിശോധിച്ചാൽ അതിൽ നാല് വീടുകളിൽ ക്യാൻസർ രോഗികളുണ്ട്. ഒരുപക്ഷെ കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ള ഒരു പ്രദേശമായി മാറിയിരിക്കുകയാണ്. ഞങ്ങളെല്ലാം വളരെ വിലാപത്തിൽ, സങ്കടത്തിൽ നിൽക്കുകയാണ്. കേരളത്തിൽ സമാനമായ വിഷയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആഹാര രീതിയിലെ മാറ്റങ്ങളുടെ ഭാഗമാണിത്. കൃഷി വകുപ്പ് ഒന്നും ചെയ്യാതെ നിൽക്കുകയാണ്. ഇവിടെ സൂചിപ്പിച്ച,

അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മാരകമായ വിഷം ചേർത്ത പച്ചക്കറികൾ പരിശോധിക്കപ്പെടാൻ, അത് നിയന്ത്രിക്കപ്പെടാൻ നമുക്ക് ഒരു സംവിധാനങ്ങളുമില്ല. പത്രങ്ങളിൽ ചില പ്രഖ്യാപനങ്ങളും പ്രസ്താവനകളും അല്ലാതെ അതിന്റെ അപ്പുറത്തേയ്ക്ക് നമുക്ക് ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. കർക്കശമായ ഇടപെടൽ അതിനകത്ത് വേണം. കഴിഞ്ഞ ദിവസം ശ്രീമതി ഇ. എസ്. ബിജിമോളുടെ അടിയന്തരപ്രമേയം ഉണ്ടായി, നമ്മുടെ കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഇന്നും ഭൂമാഫിയകളുടെ കൈകളിലിരിക്കുകയാണ്. അതെല്ലാം നഷ്ടം തരുന്ന തോട്ടങ്ങളാണ്. അത് സർക്കാർ ഏറ്റെടുക്കുകയും കേരളത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കാൻ ആ തോട്ടങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയണമെന്ന് പരിശോധിക്കുകയും ചെയ്യണം. നമ്മുടെ ഈ തോട്ടങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തരിശുനിലങ്ങൾ ഇന്ന് കൂടിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ കൃഷി വകുപ്പ് മുൻകൈ എടുക്കണമെന്നതു മാത്രമാണ് സൂചിപ്പിക്കുന്നത്.

നെല്ല് സംഭരണ വിലയെക്കുറിച്ച് ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ പ്രദേശത്ത് ഉൾപ്പെടെയുള്ള നെൽക്കർഷകരുടെ നെല്ല് സംഭരിച്ചതിന്റെ പണം ഇപ്പോഴും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വൈക്കത്തെ

മോഡേൺ റൈസ് മില്ലിൽ ഉൾപ്പെടെ കെട്ടിക്കിടക്കുന്ന നെല്ലിന്റെ പണം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. നമ്മൾ ഒരു കടയിൽ പോയി സാധനം വാങ്ങിക്കുമ്പോൾതന്നെ പണം കൊടുത്തിട്ടാണ് വാങ്ങിക്കുന്നത്. ഇവിടെ രണ്ടുവർഷം മൂന്നുവർഷം അഞ്ചുമാസം, എട്ടുമാസം കഴിഞ്ഞാണ് സംഭരിച്ച നെല്ലിന്റെ പണം കൊടുക്കുന്നത്. കർഷകന്റെ നെല്ല് എടുക്കുമ്പോൾ അപ്പോൾതന്നെ പണം കൊടുക്കണം. ഒന്നുകിൽ അഡ്വാൻസ് പണം കൊടുത്തുകൊണ്ട് കർഷകനെ നിലനിർത്താനുള്ള നടപടിയിലേയ്ക്ക് വരണം. മില്ലുകാർ നെല്ല് എടുക്കുന്നതിൽ ഗുരുതരമായ അഴിമതി നടക്കുന്നുണ്ട്, ഗുരുതരമായ വീഴ്ച നടക്കുന്നുണ്ട്. അഴിമതിയെന്ന് ഞാൻ പറയുന്നില്ല. കർഷകരെ എങ്ങനെ ചൂഷണം ചെയ്യാമെന്നത് വിദഗ്ദ്ധമായി പഠിച്ച ഒരു സംഘം ആൾക്കാരാണ് ഈ നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് വരുന്നത്. നെല്ലിന്റെ നനവ് നോക്കാൻ എന്ന രീതിയിൽ കൈ നെല്ലിന്റെ അകത്തേയ്ക്ക് കുത്തിക്കയറ്റി ഇത്ര ശതമാനം നെല്ല് തണുത്തിരിക്കുന്നു, അതുകൊണ്ട് ഇത്ര ശതമാനം കുറയ്ക്കുന്നുവെന്ന് പറഞ്ഞാണ് ഞങ്ങളുടെയൊക്കെ നാട്ടിൽ വ്യാപകമായ തട്ടിപ്പ് നടത്തുന്നത്. ഞങ്ങൾ ജനപ്രതിനിധികൾ അതിൽ ഇടപെടുകയും അങ്ങനെയുള്ള ചൂഷകരെ അതിൽ നിന്നും മാറ്റുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം പാഠപുസ്തകവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ,

ബഹുമാന്യനായ മന്ത്രിയുടെ കയ്യിലിരിക്കുന്നതാണ് അച്ചടി വകുപ്പ്. ആവശ്യത്തിന് പുസ്തകങ്ങൾ അച്ചടിക്കാനുള്ള കഴിവും സമ്പന്നതയും അതിനാവശ്യമായ പരിചയസമ്പന്നരായ തൊഴിലാളികളും ജീവനക്കാരുമുള്ള ഒരു സ്ഥാപനത്തെ എങ്ങനെ നശിപ്പിക്കാമെന്ന ഗൂഢശ്രമത്തിന്റെ ഭാഗമാണ് ഈ പ്രാവശ്യത്തെ പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിൽ ഉണ്ടായത്. ഇവിടെ ശ്രീ. വർക്കല കഹാർ സൂചിപ്പിച്ചതുപോലെ, അവർക്ക് ആവശ്യമായ എല്ലാ മെറ്റീരിയലും അവർക്കുണ്ട്. പക്ഷെ, അവർക്ക് പേപ്പർ വാങ്ങിക്കാനുള്ള അനുവാദം കൊടുക്കാതിരുന്നത് ധനകാര്യ വകുപ്പാണ്. ജൂൺ മാസം ഒന്നാം തീയതി സ്കൂളുകൾ തുറക്കുമെന്ന് നമുക്കറിയാം. അത് കേരളത്തിൽ എല്ലാക്കാലവുമുള്ളതാണ്. അപ്പോൾ ആവശ്യമായ പുസ്തകങ്ങൾ തയ്യാറേക്കണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. അവർക്ക് പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ആവശ്യമായ പേപ്പറുകൾ പർച്ചേസ് ചെയ്യാനുള്ള പർച്ചേസ് ഓർഡർ കൊടുക്കാതിരുന്നത് ധനകാര്യ വകുപ്പാണ്. നിർമ്മാണം നടത്തുന്നതിന് പി.ഡബ്ല്യു.ഡി.യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇവിടെ ശ്രീ. വർക്കല കഹാർ സൂചിപ്പിക്കുകയുണ്ടായി. എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുകൾപോലും മരവിപ്പിച്ചുവച്ചിരിക്കുന്ന അവസ്ഥയിലേയ്ക്ക് ധനകാര്യ വകുപ്പ് വന്നിരിക്കുകയാണ്. ഒരു വർക്ക്ലോഡും എടുക്കാൻ കേരളത്തിലേയ്ക്ക് ഒരു

കരാറുകാരനും വരുന്നില്ല. ഇവിടെ ഇതുമായി ബന്ധപ്പെട്ട് നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് പറഞ്ഞു. ഈ കേരളത്തിലെ തിരുവനന്തപുരത്തുനിന്നും എറണാകുളത്തേയ്ക്ക് പോകുന്ന എല്ലാ റോഡുകളും, എത്രയോ മണിക്കൂറുകൾ ബ്ലോക്കിൽ കിടന്നാലാണ് നമുക്ക് പോകാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ ജില്ലയായ എറണാകുളത്തെ കുണ്ടന്നൂരും വൈറ്റിലയിലും അതുപോലെ ആലപ്പുഴ ബൈപ്പാസും, എത്രയോ വർഷങ്ങളായി കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്നതാണ് ആലപ്പുഴ ബൈപ്പാസ്. ഈ ഗവൺമെന്റിന്റെ തുടക്കത്തിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുസംബന്ധിച്ച് പറയുകയുണ്ടായി, ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് കഴിയുന്നില്ല. കരാർ എടുക്കുന്നവർക്ക് ജോലി ചെയ്യാനുള്ള സംവിധാനം ഉണ്ടാകുന്നില്ല. അവരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ ഇതുപോലുള്ള വിഷയങ്ങളെല്ലാം ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

റോഡ് അപകടങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റോഡ് അപകടങ്ങളിൽ ആയിരക്കണക്കിന് ആളുകൾ മരണമടയുകയാണ്. ഇവിടെ റോഡ് സേഫ്റ്റി അതോറിറ്റി നിശ്ചലമായിരിക്കുകയാണ്. അവർക്ക് കിട്ടിയ പണമൊന്നും ചിലവഴിക്കാതെ, അവർ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ കേരളത്തിലെ

റോഡുകളിൽ ആയിരക്കണക്കിന് മനുഷ്യർ പൊലിഞ്ഞുപോകുന്ന സാഹചര്യം വന്നിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ അലക്ഷ്യമായ റോഡിന്റെ പ്രവർത്തനമാണ്. റോഡുകളെല്ലാം കുളങ്ങളായി കിടക്കുകയാണെന്ന് ഇവിടെ സൂചിപ്പിച്ചു. തൊട്ടപ്പുറത്തേയ്ക്ക് തമിഴ്നാടിന്റെ മേഖലയിലേയ്ക്ക് കയറിക്കഴിഞ്ഞാൽ നമ്മുടെ വണ്ടികളാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത്. കാരണം, ഇവിടെ കുണ്ടും കുഴിയും നിറഞ്ഞ റോഡുകളിൽ ഓടിച്ച് പരിചയമുള്ളവർ അപ്പുറത്ത് സുഗമമായ റോഡുകൾ കാണുമ്പോൾ വളരെ സ്പീഡിൽ പോകുകയും അപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. കേരളത്തിലെ റോഡുകൾ മുഴുവനും മോശമായ അവസ്ഥയിലാണ്. കുറച്ച് റോഡുകൾ ഉണ്ടായിട്ടുണ്ട്, ഇല്ലെന്ന് പറയുന്നില്ല. കുറച്ച് റോഡുകൾ മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ റോഡുകൾ മെച്ചപ്പെടുത്തുമ്പോൾ ഇവിടെ ആരോ സൂചിപ്പിച്ചതുപോലെ അത് ഭരണപക്ഷത്തെ എം.എൽ.എ. റോഡും ഇത് പ്രതിപക്ഷത്തെ എം.എൽ.എ. റോഡുമെന്ന കാഴ്ചപ്പാട് ഉണ്ടാകാൻ പാടില്ല. കഴിഞ്ഞ വർഷം ഇവിടെ പറഞ്ഞു, ഡോ. ടി. എം. തോമസ് ഐസക്, ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായിരുന്ന സമയത്ത് എന്റെ റോഡിലാണ് അദ്ദേഹം വന്ന് കുഴിയെണ്ണിയത്. ആ റോഡ് ഇന്നും വളരെ മാന്യമായി നിൽക്കുന്നുണ്ട്. ശ്രീ.

മോൻസ് ജോസഫ് ഇടതുപക്ഷ മുന്നണിയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്ത്, ആ റോഡിന്റെ അവസ്ഥ മോശമായപ്പോൾ രണ്ടുപ്രാവശ്യം അദ്ദേഹം അവിടെ വന്ന് ആ റോഡ് പരിശോധിക്കുകയും അതിന് ആവശ്യമായ തുക നൽകുകയും ചെയ്തു. അതുപോലെ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ എം.എൽ.എ.മാർക്കും കൊടുക്കാനുള്ള ഒരു അവസ്ഥയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ചില വാർത്തകൾ വായിക്കുകയുണ്ടായി. കേരളത്തിൽ ഏറ്റവും ഗുരുതരമായ വീഴ്ചവരുത്തുന്ന ഒരു വകുപ്പാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. അതിനകത്ത് നടക്കുന്ന വലിയ വെട്ടിപ്പും തട്ടിപ്പും നമുക്കറിയാം. ഇപ്പോൾ കരാറുകാരെ മുഴുവൻ അങ്ങോട്ട് കൊണ്ടെത്തിച്ചിരിക്കുകയാണ്. നാട്ടിലെ പണിയെടുക്കാൻ കരാറുകാർ വരില്ല. പക്ഷെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എടുക്കുന്ന ഏത് ജോലിയും എടുക്കാൻ കഴിയും. കാരണം, അതിനകത്ത് കൃത്രിമമായ ചില സംവിധാനങ്ങളുണ്ട്, ചില ഇടപാടുകൾ നടക്കുന്നുണ്ട്. അത് മന്ത്രി ഗൗരവപൂർവ്വം അന്വേഷിക്കണം. രണ്ടായിരം കോടിയിലധികം രൂപയെന്നാണ് പത്രമാധ്യമങ്ങളിലൂടെ കാണാൻ കഴിഞ്ഞത്. പക്ഷെ, അതിനപ്പുറത്തേയ്ക്ക് അതിന്റെ കണക്കുകൾ നീണ്ടുപോകുകയാണ്. കരാറെടുക്കുന്ന കരാറുകാരന് ഒരുപാട്

ലാഭമുണ്ടാക്കുകയും അധികരിച്ച തുകയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്ന ജോലി കരാറുകാരന് കൂടുതൽ ലാഭമുണ്ടാക്കുന്ന തരത്തിലേയ്ക്ക് എത്തിച്ചേരുകയുമാണ്.

എനിക്കൊരു വിഷയം സൂചിപ്പിക്കാനുള്ളത്, എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ടുള്ളതാണ്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ഞാൻ ഉൾപ്പെടെ 18 എം.എൽ.എ.മാർ കെ.എസ്.ആർ.ടി.സി.ക്ക്...... കെ.എസ്.ആർ.ടി.സി.ക്ക് ഗവൺമെന്റ് ഇപ്പോൾ അഞ്ച് പൈസപോലും കൊടുക്കുന്നില്ല. അവർക്ക് പെൻഷൻ കൊടുക്കുന്നില്ല. അവിടുത്തെ ജീവനക്കാരെല്ലാം ആത്മഹത്യ ചെയ്യുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾ ഭരിക്കുന്ന ഗതാഗത വകുപ്പിന് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 18 എം.എൽ.എ.മാർ കെ.എസ്.ആർ.ടി.സി. ബസ് മേടിക്കാൻ പണം കൊടുത്തു. പക്ഷെ ധനകാര്യ വകുപ്പ് അത് നിരസിക്കുകയാണ്. എന്ത് കാരണത്താലാണെന്ന് അറിയില്ല. എന്നെപ്പോലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ മനുഷ്യർക്ക് യാത്രചെയ്യുവാനായി ബസ് ആവശ്യമാണ്. അതുപോലെതന്നെ തീരദേശമുള്ളതുകൊണ്ട് ബോട്ടും ആവശ്യമാണ്. ഇതുപോലുള്ള വിഷയങ്ങളിൽ ഞങ്ങൾ ഇടപെടുമ്പോൾ അത് ഭരണപക്ഷത്തെ എം.എൽ.എ.മാർ

പ്രതിപക്ഷത്തെ എം.എൽ.എ.മാർ എന്ന വിയോജിപ്പാണോ അതോ മൊത്തമായുള്ള വിഷയങ്ങളാണോ; പക്ഷെ രണ്ടരവർഷമായിട്ടും എന്റെ ആ ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അതിലുള്ള പ്രതിഷേധം ഞാൻ അറിയിക്കുകയാണ്. ഒരിക്കലും ഇതിനുവേണ്ടി ആരോപണവിധേയനായ മാണി സാറിന്റെ മുന്നിൽ പോയി ഇതിനുവേണ്ടി അഭ്യർത്ഥിക്കാൻ ഞാൻ തയ്യാറാകുകയില്ലെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പ്ലാനിംഗ് ബോർഡിന്റെ Best performance in plan implementation-ൽ പി.ഡബ്ല്യൂ.ഡി. റോഡ്സ് ആന്റ് ബ്രിഡ്ജസ് ആണ് ഒന്നാമതായി വന്നത്. രണ്ടാമതായി വന്നത് ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ. അവരുടെ നോംസ് അനുസരിച്ച് പരിശോധിച്ചതിൽ, ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ഫലപ്രദമായും ചെലവഴിച്ചതിനെ സംബന്ധിച്ചുള്ള അവലോകനം നടത്തിയാണ് ഈ അവാർഡുകൾ നിർണ്ണയിച്ചത്. ബെസ്റ്റ് പെർഫോമൻസ് അവാർഡിന് അർഹരായ പി.ഡബ്ല്യൂ.ഡി.-യേയും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിനേയും അതിലെ മന്ത്രിമാരേയും പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. കെ. അജിത്

സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ വീട്ടിൽ ഒരു മുളകുതൈപോലും ഇല്ലെന്ന് പറയുകയുണ്ടായി. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് എനിക്കറിയില്ല. ഒരു വർഷം മുൻപ് മന്ത്രിയുടെ ഭവനത്തിൽ പോകാൻ കഴിഞ്ഞപ്പോൾ തന്റെ വസതിയുടെ കോമ്പൗണ്ടിൽ മുഴുവൻ അദ്ദേഹം പച്ചക്കറികൾ കൃഷി ചെയ്തിരിക്കുന്നത് എനിക്ക് നേരിട്ട് കാണാൻ കഴിഞ്ഞു. ഇപ്പോൾ കുറച്ചു കൂടുതലാണെന്നാണ് അദ്ദേഹം പറയുന്നത്. കൃഷിയോട് ആഭിമുഖ്യമുള്ളൊരു മന്ത്രിയാണ് ശ്രീ. കെ. പി. മോഹനൻ എന്ന് ഞാൻ ഈ അവസരത്തിൽ പറയട്ടെ. അദ്ദേഹത്തിന് ആ വകുപ്പിനോടുള്ള ആഭിമുഖ്യം അതുതന്നെയാണെന്ന് ഞാൻ പ്രത്യേകമായി സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് തന്റെ വകുപ്പിന് ലഭിച്ച തുക പൂർണ്ണമായും ഫലപ്രദമായി വിനിയോഗിക്കാൻ അദ്ദേഹത്തിന് കഴിയുന്നത്. അതുകൊണ്ട് അദ്ദേഹം ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ദീർഘമായി സൂചിപ്പിക്കുന്നില്ല.

ഇവിടെ ധാരാളം തരിശുനിലങ്ങളുണ്ട്. കൃഷി ചെയ്യാൻ ആളുകൾ തയ്യാറാകുന്നില്ല. നമുക്ക് നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. കുറച്ച് കാര്യങ്ങൾ കൃഷി ഡിപ്പാർട്ടുമെന്റ് ചെയ്യുന്നുണ്ട്. കൃഷിക്കാരനെ കൂടുതൽ സഹായിച്ചുകൊണ്ട് തരിശുനിലങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു വലിയ പദ്ധതി

സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുകയാണെങ്കിൽ നെല്ലുൽപ്പാദനത്തിൽ കാര്യമായ രീതിയിലുള്ളൊരു വർദ്ധനവ് ഉണ്ടാക്കാൻ നമുക്ക് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. തമിഴ്നാട്ടിൽനിന്നുവരുന്ന പച്ചക്കറി വിഷമയമാണെന്ന് എല്ലാവരും പറയുന്നു. ഇത് എത്രയോ കാലമായി നമ്മൾ കഴിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇപ്പോഴതിനെതിരെ ശക്തമായ നടപടികളെടുക്കാൻ തുടങ്ങി എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മെച്ചം. അതിന് നേതൃത്വം കൊടുക്കുന്നു എന്നുള്ളതാണ് കൃഷി വകുപ്പിന്റെ പ്രത്യേകത. ഇവിടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. പക്ഷെ അത് പോര. ജൈവകൃഷിക്ക് കൂടുതൽ പ്രോത്സാഹനം കൊടുത്ത് വിഷമയമില്ലാത്ത പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി കുറച്ചുകൂടി ഫലപ്രദമായ ഇടപെടൽ നടത്തേണ്ടത് അനിവാര്യമാണെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കട്ടെ.

ഈ ഗവൺമെന്റിന്റെ വലിയൊരു പദ്ധതി എന്നുള്ള നിലയിലാണ് 'പോളി ഹൗസ് സ്കീം' നമ്മളിവിടെ നടപ്പിലാക്കിയത്. പക്ഷെ ചില പോരായ്മകൾ അതിലുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുസരണമായ പോളി ഹൗസുകളാണോ ഇപ്പോഴിവിടെ ലഭിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. പോളി ഹൗസിൽ കൃഷി ചെയ്യുന്ന ആളുകൾക്ക് ഇപ്പോൾ

അത്തരത്തിൽ വലിയ പരാതികളുണ്ട്. ട്രെയിൻഡ് അഗ്രിക്കൾച്ചറൽ ഓഫീസേഴ്സിന്റെ, പോളി ഹൗസിലെ കൃഷിയെ സംബന്ധിച്ച് പ്രത്യേകമായി ട്രെയിനിംഗ് കൊടുത്ത ഉദ്യോഗസ്ഥൻമാരുടെ അഭാവംകൊണ്ട് നമുക്ക് ഈ രംഗത്ത് വലിയൊരളവിൽ മുന്നോട്ടുപോകാൻ കഴിയുന്നില്ല.

മറ്റൊന്ന് മാർക്കറ്റിംഗ് സംവിധാനമാണ്. പാലക്കാട് ജൈവകൃഷിയിലൂടെ ധാരാളം പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നുവെന്നും എന്നാൽ അത് മാർക്കറ്റ് ചെയ്യാൻ കഴിയുന്നില്ലെന്നും അതിന് ബുദ്ധിമുട്ട് വരുന്നുവെന്നും കഴിഞ്ഞ ദിവസം ടി.വി.യിൽ ഒരു വാർത്ത കണ്ടു. കൃഷി വകുപ്പിന്റെ കീഴിൽ, ഒരു ബ്ലോക്കിൽ ഒരു മാർക്കറ്റിംഗ് സംവിധാനമെങ്കിലും ഉണ്ടാക്കുന്ന വലിയൊരു പദ്ധതിക്ക് രൂപം കൊടുക്കണം. മാർക്കറ്റിംഗ് എന്നത് കൃഷിചെയ്യുന്ന ആളുകളുടെ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമായി അവശേഷിക്കുകയാണ്. അതിനൊരു സംവിധാനം കൂടി ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

പി.ഡബ്ല്യു.ഡി.യെക്കുറിച്ച് പറയുകയാണെങ്കിൽ, ഇവിടെ എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി. ചെയ്തതുപോലെയല്ല ഈ ഗവൺമെന്റിന്റെ കാലത്തുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റോഡുകളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. കുഴികളുടെ ചിത്രങ്ങൾ

എടുക്കുന്നതിനുവേണ്ടി ക്യാമറയുമായി പോയൊരു കാലഘട്ടമായിരുന്നു. നമ്മളത് മറന്നിട്ട് കാര്യമില്ല. ശ്രീ. സി. ദിവാകരൻ, ഇപ്പോഴത്തെ നമ്മുടെ അവസ്ഥ അതാണോ; ഒരുപാട് മാറ്റമുണ്ടായില്ലേ; മഴ വരുമ്പോൾ കുഴികളൊക്കെയുണ്ടാകും. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായതുപോലെയാണോ; അന്ന് യാത്ര ചെയ്യാൻ പറ്റുമായിരുന്നോ; അത് മറന്നുകൊണ്ട് നിങ്ങളിപ്പോൾ കരുനാഗപ്പള്ളിയിൽ റോഡിന്റെ നടുവിലൊരു കുഴികണ്ടെന്ന് പരാതിപ്പെടുന്നതിൽ എന്താണ് അർത്ഥം? അതൊക്കെ അടയ്ക്കും, ഒരു കുഴപ്പവുമില്ല. ഇപ്പോൾ പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റിൽ ഫലപ്രദമായി വർക്കുകൾ നടക്കുന്നുണ്ട്. 300 ശതമാനത്തിലധികം പ്ലാൻ എക്സ്പെൻഡിച്ചർ വരുത്തിയ ഒരു വകുപ്പ് ഇതിനുമുൻപ് ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; നമ്മളതിനെ അംഗീകരിക്കേണ്ടേ; ഇത്രയും ഫലപ്രദമായി ഡിപ്പാർട്ടുമെന്റ് വർക്ക് ചെയ്യുന്നതിന്റെ പ്രയോജനം എല്ലാ രംഗത്തും എല്ലാവർക്കും ലഭിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ചെയറിലിരിക്കുന്ന ശ്രീ. രാജു എബ്രഹാമിന്റെ നിയോജകമണ്ഡലത്തിലൂടെ പോകുമ്പോൾ പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കുന്നതിന് ഇത്ര കോടി അനുവദിപ്പിച്ച എം.എൽ.എ.യ്ക്ക് അഭിവാദ്യങ്ങൾ എന്ന് ബോർഡ് എഴുതിവച്ചിട്ടുണ്ട്. അദ്ദേഹം അറിയാതെ നാട്ടുകാർ എഴുതിവയ്ക്കുന്നതാണ്. പക്ഷേ അങ്ങനെ

എഴുതിവയ്ക്കുന്നതിനുവേണ്ടി പണം കൊടുത്ത് കാര്യങ്ങൾ നടത്തിയത് ഈ വകുപ്പല്ലേ? അതുകൊണ്ട് ഒന്നും നടക്കുന്നില്ലെന്ന് പറയാൻ പറ്റില്ല. ഞാൻ ചോദിക്കട്ടെ, ശ്രീ. മാത്യു റ്റി. തോമസ് എത്രകാലമായി തിരുവല്ല ബൈപ്പാസ് എന്നുപറയുന്നു; അതിന്റെ വർക്ക് തുടങ്ങിയത് ഈ ഗവൺമെന്റല്ലേ; ആലപ്പുഴ ബൈപ്പാസിനുവേണ്ടി ആവശ്യമുന്നയിക്കാൻ തുടങ്ങിയിട്ട് എത്രകാലമായി; എത്ര ഗവൺമെന്റുകൾ മാറിമാറി വന്നു? കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ, തിരുവനന്തപുരം ബൈപ്പാസ് ഇതൊക്കെ നടപ്പിലാക്കുന്നതിനുവേണ്ടി ഫലപ്രദമായി ഇടപെട്ട ഈ വകുപ്പിനേയും വകുപ്പിന്റെ നേതൃത്വം വഹിക്കുന്ന മന്ത്രിയേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കുവാനുണ്ട്. ഇവിടെ റോഡ് കണക്റ്റിവിറ്റി വർദ്ധിപ്പിക്കണം. ഇൻഡ്യയിൽ നാലുവരിപ്പാതയില്ലാത്ത ഏക തലസ്ഥാനം തിരുവനന്തപുരം മാത്രമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. വിഴിഞ്ഞം പദ്ധതികൂടി വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ ഗതാഗതസൗകര്യങ്ങൾ അടിയന്തരമായി വർദ്ധിപ്പിക്കേണ്ടതാണ്, അതിനുള്ള പദ്ധതികളുണ്ടാക്കണം.

ഹിൽ ഹൈവേയെക്കുറിച്ച് നമ്മൾ ഒരുപാട് പറഞ്ഞതാണ്. ആ ഹൈവേ

എങ്ങും എത്തിയിട്ടില്ല. ഹിൽ ഹൈവേ ഫലപ്രദമായി നടപ്പിലാക്കണം. കോസ്റ്റൽ ഹൈവേ നമുക്കുണ്ടാകണം. ആ നിലയിൽ ഫലപ്രദമായി റോഡ് കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം. പുനലൂർ- മൂവാറ്റുപുഴ പാതയുടെ സ്ഥലമെടുപ്പ് അനന്തമായി നീളുകയാണ്. പത്തനംതിട്ടയിലുള്ള ലാൻഡ് അക്വിസിഷൻ ഇപ്പോഴും തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. അതിൽ മുന്നോട്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് അക്കാര്യത്തിൽ ഫലപ്രദമായൊരു മാറ്റം ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ചരിത്രത്തിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ പി.ഡബ്ല്യു.ഡി.-യെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ശ്രീമതി കെ. എസ്. സലീഖ പ്രസംഗിച്ചപ്പോൾ, കോൺഗ്രസ്സുകാരുൾപ്പെട്ട കൊലപാതകങ്ങളൊക്കെ നടന്നുവെന്നും അതുകൊണ്ട് നിങ്ങൾ മാത്രമല്ല ഞങ്ങളും ഒരുപോലെ കുഴപ്പക്കാരാണെന്നും പറഞ്ഞു. പാർട്ടി തീരുമാനപ്രകാരം പ്രതിയോഗികളെ വകവരുത്താൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ല. ഞങ്ങളങ്ങനെ ചെയ്തിട്ടില്ലെന്നുമാത്രമല്ല പാർട്ടി പ്രവർത്തകർ ഉൾപ്പെട്ട ഏതെങ്കിലും കൊലപാതകമോ അക്രമങ്ങളോ ഉണ്ടായിക്കഴിഞ്ഞാൽ അവരെ സംരക്ഷിച്ചിട്ടുമില്ല. ഇതെല്ലാം ചെയ്യുന്നത് നിങ്ങളാണ്. ഞങ്ങളുടെ പാർട്ടി ബോംബുണ്ടാക്കാൻ

തീരുമാനിച്ചിട്ടില്ല, ബോംബ് ഉണ്ടാക്കാറുമില്ല. പാർട്ടി തീരുമാനമനുസരിച്ച് അതൊക്കെ നടത്തുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയും കോൺഗ്രസിനേയും ഒരേ ത്രാസിലിട്ട് ഒരുപോലെ തൂക്കേണ്ടതില്ലെന്ന് ഞാനിവിടെ അറിയിക്കുകയാണ്.

ഇപ്പോൾ അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴാണ് തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽത്തന്നെ നമുക്കൊരു ഭേദഗതി വരുത്തിയാലോ എന്നുതോന്നുന്നത്. ഇനിമുതൽ കൂടുതൽ വോട്ടുകിട്ടുന്ന ആൾ ജയിക്കുന്നു എന്നുള്ളത് ശരിയല്ല. ശതമാനം നോക്കി ആ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനുശേഷം വിജയികളെ പ്രഖ്യാപിക്കണമെന്നാണ് നിങ്ങളെല്ലാവരും പറയുന്നത്. അതുകൊണ്ടാണല്ലോ ഞങ്ങളും തോറ്റു എന്ന് ശ്രീ. എ. കെ. ബാലൻ അവിടെയിരുന്ന് പറയുന്നത്. കൂടുതൽ വോട്ട് കിട്ടിയ ആളുകളല്ല ജയിക്കേണ്ടതെങ്കിൽ 31 ശതമാനം വോട്ടുകൾ മാത്രം നേടിയ ശ്രീ. നരേന്ദ്ര മോദിയുടെ പാർട്ടി ജയിച്ചിട്ടില്ലെന്ന് പറയേണ്ടി വരും, ബി.ജെ.പി. അധികാരത്തിലെത്തിയിട്ടില്ലെന്ന് പറയേണ്ടിവരും. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന ഈ സമ്പ്രദായം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്.

തെരഞ്ഞെടുപ്പിന്റെ പിറ്റേ ദിവസം ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചു. ശ്രീ. എം. വി. നികേഷ് കുമാറിനെ

ആക്രമിച്ചതിനെതിരെയും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ വീട് ആക്രമിച്ചതിനെതിരെയൊക്കെയാണ് അദ്ദേഹത്തിന്റെ അടിയന്തരപ്രമേയം. ശ്രീ. എം. വി. നികേഷ് കുമാറിനെ ആക്രമിച്ചതിനെയൊന്നും ഞങ്ങൾ സപ്പോർട്ട് ചെയ്യുന്നില്ല, അംഗീകരിക്കുന്നുമില്ല. പക്ഷേ ഇതുപറയാനുള്ള ധാർമ്മികമായ അവകാശം നിങ്ങൾക്കുണ്ടോ; അദ്ദേഹത്തിന്റെ പിതാവ് എം.വി. രാഘവനെ നിയമസഭയ്ക്കകത്തിട്ട് ചവിട്ടിയ, അദ്ദേഹം വളർത്തിയ ജീവികളെ ചുട്ടുകരിച്ച, അദ്ദേഹത്തിന്റെ വീട് കത്തിച്ച നിങ്ങൾക്ക് അദ്ദേഹത്തിന്റെ മകനെ അവിടെ ആരാണ്ട് തോണ്ടി, കൂക്കിവിളിച്ചു എന്നൊക്കെ പറഞ്ഞ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ നാണമില്ലേ? ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ വീടിന് ആരോ കല്ലെറിഞ്ഞുവെന്നും, അവിടെനിന്നിങ്ങോട്ടും കല്ലെറിഞ്ഞു എന്നും പറഞ്ഞു. കഴിഞ്ഞ മാർച്ച് മാസം 13-ാം തീയതി എന്റെ വീടിനുനേരെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ കല്ലെറിഞ്ഞ് വീട്ടിലുണ്ടായിരുന്ന എന്റെ ഭാര്യയ്ക്ക് പരിക്കുപറ്റിയതിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്ന പുത്തൻ കൂട്ടുകാരൻ, പുത്തൻ അടുപ്പക്കാരൻ വന്നപ്പോൾ, അദ്ദേഹത്തിന്റെ വീടിന് ആരോ ഒരു കല്ലെറിഞ്ഞു എന്നുപറഞ്ഞ് ബഹളംവയ്ക്കാൻ എന്ത് ധാർമ്മികമായ അവകാശമാണ് നിങ്ങൾക്കുള്ളത്? ഇവിടെയിപ്പോൾ

സി.പി.ഐ.(എം) ഏത് സ്ഥിതിയിലാണെന്ന് നിങ്ങൾ ആലോചിക്കണം. നിങ്ങൾ ഓരോ കാലത്തും splendid isolation -ലേയ്ക്ക് പോകുകയാണ്. 'Splendid isolation' എന്ന വാക്ക് നിങ്ങളുടെതന്നെ ഒരു നേതാവ് പറഞ്ഞതാണ്. ഇടയ്ക്കിടക്ക് നിങ്ങൾ ഒറ്റപ്പെടലിലെത്തും. അതിന് കാരണക്കാർ നിങ്ങൾതന്നെയാണ്. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിനു ശേഷം നിങ്ങൾ ഒറ്റപ്പെടലിൽ ആയിരുന്നു. കാരണം ക്വിറ്റിന്ത്യാ സമരത്തെ നിങ്ങൾ എതിർത്തു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് ലോകമെമ്പാടും പറഞ്ഞപ്പോൾ, നിങ്ങൾ പറഞ്ഞു സ്വാതന്ത്ര്യം കിട്ടിയില്ലെന്ന്. പിന്നെ ഇൻഡ്യയിലെ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കുമോ; നിങ്ങൾ ഒറ്റപ്പെട്ടു. നിങ്ങൾ ജനാധിപത്യത്തിലൂടെ അധികാരത്തിലേറിയ ഗവൺമെന്റിനെ അക്രമത്തിലൂടെ, സായുധവിപ്ലവത്തിലൂടെ മറിച്ചിടാൻ ശ്രമിച്ചു. നിങ്ങളെ ജനാധിപത്യത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ അവസാനം സ്റ്റാലിൻ വേണ്ടി വന്നു. 1951-ൽ സ്റ്റാലിനാണ് നിങ്ങളെ ജനാധിപത്യത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. 1957-ൽ നിങ്ങൾ തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ അധികാരത്തിൽവന്നു. അതിനുശേഷം നിങ്ങൾ 1964 -ൽ പിളർന്നു. ഞങ്ങളാരും പറഞ്ഞിട്ടല്ല പിളർന്നത്. നിങ്ങൾ തന്നെ സ്വയം തീരുമാനിച്ചു, നിങ്ങൾ പിളർന്നു. അതിനുശേഷം പിന്നെയും നിങ്ങൾ ഒറ്റപ്പെടലിലായി.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയിൽ ചരിത്രത്തെയോ, സംഭവങ്ങളേയോ, വളച്ചൊടിച്ചുകൊണ്ടോ നിഷേധിച്ചുകൊണ്ടോ എന്തെങ്കിലും പ്രസ്താവന നടത്തുന്നത് തെറ്റായ കാര്യമാണ്. സ്റ്റാലിൻ ആണ് ഈ പാർട്ടിയെ തിരുത്തിയത് എന്നുപറയുന്നത് ശരിയല്ല. സ്റ്റാലിൻ പറഞ്ഞത്, ഇന്ത്യാ രാജ്യത്ത് ഏതു തരത്തിലുള്ള പ്രവർത്തനമാണ് നടത്തേണ്ടതെന്ന് നിങ്ങൾ തന്നെയാണ് തീരുമാനിക്കേണ്ടതെന്നാണ്. അങ്ങനെ ഇവിടെയുള്ള കമ്യൂണിസ്റ്റ് പാർട്ടി ചർച്ച ചെയ്തിട്ടാണ് ഇവിടുത്തെ നയവും, പരിപാടിയും, വിപ്ലവ പാതയുമെല്ലാം തീരുമാനിച്ചത്. അത് സ്റ്റാലിൻ പറഞ്ഞിട്ടാണെന്നുപറയുന്നത് ചരിത്രത്തോട് ചെയ്യുന്ന നിഷേധമാണ്. അത് സഭയുടെ രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അതിനുശേഷം 1967-ൽ പിന്നേയും അധികാരത്തിൽ വന്നു. 1969- കഴിഞ്ഞപ്പോൾ നിങ്ങൾ ടി. വി. തോമസിനേയും, എം. എൻ. ഗോവിന്ദൻ നായരേയും, ആർ.എസ്.പി. യേയും പുറത്താക്കി. അതൊന്നും ഞങ്ങൾ പറഞ്ഞിട്ടല്ലല്ലോ; നിങ്ങൾ സ്വയമെടുത്ത തീരുമാനമല്ലേ? 1969-ൽ പിന്നെയും നിങ്ങൾ ഒറ്റപ്പെടലിൽ ആയി. 10 വർഷക്കാലം നിങ്ങൾ അധികാരത്തിനു പുറത്തുനിന്നു, ഒറ്റപ്പെടലിന് അകത്തു തന്നെ, 2004-ലെ യു.പി.എ. ഗവൺമെന്റിന്റെ കാലമായിരുന്നു നിങ്ങളുടെ ഏറ്റവും സുവർണ്ണകാലം, നിങ്ങൾ

പാർലമെന്റിൽ ഏറ്റവും വലിയ ബ്ലോക്കായി. പക്ഷെ, 2004-ൽ ആ യു.പി.എ. ഗവൺമെന്റിനെ പൊളിച്ചുകൊണ്ട്, ആണവക്കരാർ പറഞ്ഞുകൊണ്ട് നിങ്ങൾ പുറത്തേക്കുപോയി. അതിനുശേഷം നിങ്ങൾ ബംഗാളിൽ തോറ്റു, ഇവിടെ നിങ്ങളോടൊപ്പം ഉണ്ടായിരുന്ന ശ്രീ. പി. ജെ. ജോസഫ് പോയി, ജനതാദൾ പോയി, ആർ.എസ്.പി. പോയി. നിങ്ങൾ മഹത്തായ ഒറ്റപ്പെടലിലാണ്. പണ്ടൊക്കെ തിരിച്ചുവരാൻ കഴിവുള്ള നേതാക്കൾ നിങ്ങൾക്കുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് അങ്ങനെയുള്ള നേതാക്കന്മാരില്ല, അതിനുള്ള പ്രവർത്തകരില്ല, ആർജ്ജവമില്ല, തെറ്റുതിരുത്തുവാനുള്ള കഴിവുമില്ല. അതുകൊണ്ടുതന്നെ ഈ ഒറ്റപ്പെടൽ നിങ്ങളുടെ അവസാനത്തെ ഒറ്റപ്പെടലാണെന്ന കാര്യത്തിൽ സംശയമില്ല. അതിൽനിന്നും തിരിച്ചുവരാനുള്ള കരുത്ത് ശ്രീ. സി. ദിവാകരൻ, നിങ്ങളുടെ പാർട്ടിക്കില്ല, നിങ്ങളുടെ നേതാക്കൾക്കില്ല.

<u>ശ്രീ.സി.ദിവാരൻ:</u> സർ, ബഹുമാനപ്പെട്ട കെ. ശിവദാസൻ നായരുടെ ഈ ദീർഘമായ പ്രഭാഷണം കമ്യൂണിസ്റ്റ് വിരുദ്ധ പ്രഭാഷണമാണ്. എനിക്ക് ഒരു സംശയമേ ഉള്ളൂ, അത് ക്ലാരിഫൈ ചെയ്യണം. ഒരു തെറ്റും പറ്റാത്ത ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഇപ്പോൾ ഏതു ഗതിയിലാണ്; എന്താണ് നിങ്ങൾ ഒറ്റപ്പെടാനുള്ള കാരണം?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, 25 സീറ്റുണ്ടായിരുന്ന സി.പി.ഐ. ക്ക് ഒരു സീറ്റായി, നിങ്ങൾക്ക് ബി.ജെ.പി. യെ ഭയമാണ്, ഞങ്ങൾക്ക് ഭയമില്ല. ശ്രീ. നരേന്ദ്ര മോഡിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിമാർ ഓരോരുത്തരായി - ഛത്തീസ്ഗഢിലെ, മധ്യപ്രദേശിന്റെ, മഹാരാഷ്ട്രയുടെ, രാജസ്ഥാന്റെ എല്ലാ മുഖ്യമന്ത്രിമാരും അഴിമതികളുടേയും, വിവാദത്തിന്റേയും കുരുക്കിലകപ്പെട്ടിരിക്കുകയാണ്. ബി.ജെ.പി. ക്കെതിരെ ശക്തമായ നിലപാട് ഉയർത്തിക്കൊണ്ട് ഇൻഡ്യൻ ജനാധിപത്യത്തിന് നേതൃത്വം കൊടുക്കാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ശക്തമാണ്, അത് മുന്നോട്ട് വരിക തന്നെ ചെയ്യും. അതിന് നിങ്ങളുടെ സഹായം കിട്ടുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ലക്ഷണശാസ്ത്രം പഠിച്ച ഒരു ധനകാര്യമന്ത്രിയും ലക്ഷണശാസ്ത്രം പഠിച്ച സ്പീക്കറും തമ്മിൽ ആംഗ്യഭാഷയിലൂടെയുള്ള ആശയവിനിമയത്താൽ അവതരിപ്പിച്ചു എന്ന് ആവകാശപ്പെടുന്ന രേഖയായ നമ്മുടെ ബഡ്ജറ്റിനെ അധപതിപ്പിച്ചതുകൊണ്ടു തന്നെ ഇതിനെ ഞങ്ങൾ അംഗീകരിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ബഡ്ജറ്റ് എന്നു പറയുന്നത് ഒരു സംസ്ഥാനത്തിന്റെ വാർഷിക വരവ് ചെലവ്

കണക്ക് എന്ന നിലവിട്ട് ഒരു മന്ത്രിയുടെ വരവിനങ്ങൾക്കുള്ള ഉപാധിയായി മാറുന്നു എന്ന വിശ്വാസം കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങൾക്കുമുണ്ട്. ആ വിശ്വാസം ഏതെങ്കിലും ഒരു ഉപതെരഞ്ഞെടുപ്പിലെ വിജയത്തിലൂടെ കഴുകിക്കളയാൻ കഴിയുന്നതല്ല. നേരത്തെ ഇവിടെ പരാമർശിച്ചതുപോലെ, ശ്രീമതി ജെ. ജയലളിത ഒന്നരലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചതോടുകൂടി അവർ മാലാഖയായി, വിശുദ്ധയായി എന്നൊക്കെ പറയുന്നതുപോലെ തന്നെയാണിതും. ഈ ഗവൺമെന്റിലുള്ള അവിശ്വാസം ജനങ്ങളിൽ തുടരുകയാണ്. കോഴ വാങ്ങിച്ച മന്ത്രിമാരെ സംബന്ധിച്ചുള്ള അവിശ്വാസവും ജനങ്ങളിൽ തുടരുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ അദ്ദേഹത്തിന്റെ ചർച്ചയിലുടനീളം ഞങ്ങളുടെ അക്രമത്തെക്കുറിച്ചൊക്കെയാണ് പറഞ്ഞത്. നേരത്തേ ശ്രീമതി കെ. എസ്. സലീഖ പറഞ്ഞതിനു മറുപടിയായി അവർ അക്രമകാരികളല്ല, കോൺഗ്രസ്സുകാർ വളരെ വിശുദ്ധന്മാരാണ്, അക്രമത്തിന്റെ എ.ബി.സി.ഡി. പോലും അവർക്കറിയില്ല എന്നൊക്കെ പറഞ്ഞു. ഈ സഭയിൽ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല എനിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ രണ്ട് കോൺഗ്രസ്സ് പ്രവർത്തകരുടെ ദാരുണമായ കൊലപാതകത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഒന്ന് ലാൽജി കൊള്ളന്നൂർ, മറ്റൊന്ന് മധു ഈച്ചരത്ത്. മധു

ഈച്ചരത്തിനെ സ്വന്തം ഭാര്യയോടൊപ്പം ക്ഷേത്രത്തിൽ പോയപ്പോൾ ക്ഷേത്ര മുറ്റത്തിട്ട് 26 വെട്ട് വെട്ടി കോൺഗ്രസ്സുകാർ കൊന്നതാണ്. പ്രതികളാരാണ് എന്ന ചോദ്യത്തിന് ഉത്തരം കോൺഗ്രസ്സുകാർ ആണെന്നാണ്. കൊല്ലപ്പെട്ടത് അറിയപ്പെടുന്ന കോൺഗ്രസ് നേതാക്കളാണ്. ഇവർ രണ്ടുപേരും ഈ ഗവൺമെന്റിന്റെ കാലത്ത് കോൺഗ്രസ്സുകാരാൽ കൊലചെയ്യപ്പെട്ട കോൺഗ്രസ്സുകാരാണ്. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ, കോൺഗ്രസ്സുകാരാണ് കൊന്നതെന്ന് ഈ സഭയിൽ രേഖാമൂലം നൽകിയ മറുപടിയുള്ളപ്പോൾ പോലും നിങ്ങൾ ഇങ്ങനെ പറയാൻ തുടങ്ങിയാൽ എന്താണ് സ്ഥിതി? ഇത്രയധികം കള്ളത്തരം പറയുന്നത് ശരിയല്ല. അതുപോലെതന്നെ, രാധ എന്നുപറയുന്ന തൂപ്പുകാരിയെ സ്വന്തം പാർട്ടി ഓഫീസിൽ വച്ച് കൊന്നതിന് നിങ്ങളുടെ മന്ത്രിയുടെ സ്റ്റാഫിലുള്ളവർ ഇപ്പോൾ ജയിലിലല്ലേ? നിങ്ങൾക്ക് ഇതൊന്നും അറിയില്ല, കൊലപാതകം നിങ്ങളുടെ അജണ്ടയിൽ ഇല്ല എന്നൊക്കെ പറയാമോ. ഇത് ഈ പതിമൂന്നാം നിയമസഭയുടെ കാലത്ത് നടന്ന കൊലപാതകങ്ങളല്ലേ; നിങ്ങളല്ലേ പ്രതികൾ? നിങ്ങളെല്ലാവരും കൂടി ഒച്ചയിട്ട് പറഞ്ഞാൽ ആളുകൾ ഇതൊക്കെ മറന്നുപോകുമോ; ഞങ്ങൾ അധികാരത്തിൽ വരാത്തതിനെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഓർമ്മയുണ്ടോ 2004-ലെ തെരഞ്ഞെടുപ്പിന്

മുൻപായി ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി പ്രസംഗിച്ചത്; ഇനിയൊരു 100 കൊല്ലക്കാലം കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരാൻ പോകുന്നില്ലെന്ന് ഉടനീളം പ്രസംഗിച്ച് നടന്നിട്ട്, 2004-ൽ ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ബഹുമാനപ്പെട്ട എ.കെ. ആന്റണി രാജ്യത്തിന്റെ പ്രതിരോധ മന്ത്രിയായി. അദ്ദേഹം തന്നെയാണ് പറഞ്ഞത് ഇടതുപക്ഷം പിന്തുണച്ചാലേ, ഈ വലിയ വർഗ്ഗീയതയുടെ വിപത്തിൽ നിന്നും രാജ്യത്തെ രക്ഷപ്പെടുത്തുവാൻ കഴിയൂ എന്ന്. ഞങ്ങൾ അധികാരത്തിൽ വരില്ലെന്ന് പറഞ്ഞിട്ട് നാവെടുക്കുന്നതിന് മുമ്പായി ഞങ്ങളുടെ പിന്തുണയോടുകൂടി രാജ്യം ഭരിച്ചത് നിങ്ങൾ കണ്ടതല്ലേ? വെറുതെ ഞങ്ങളെ ശപിച്ചവർക്കെല്ലാം ഞങ്ങളുടെ പിന്തുണ ആവശ്യമായി വന്ന എത്രയോ അനുഭവങ്ങളുണ്ട്; എന്തിനാണ് ഇതൊക്കെ പറയിപ്പിക്കുന്നത്? ഇതിനെക്കുറിച്ചൊക്കെ വെറുതേ പറഞ്ഞുപോകരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ശിവദാസൻ നായരോട് പറയുവാനുള്ളത്.

നിങ്ങളുടെ ഭരണത്തിന്റെ നേട്ടമെന്ന് പറയുന്നത് ഫയർ എസ്കേപ്പ് എന്ന മാജിക്ക് പോലെയാണ്. ഫയർ എസ്കേപ്പ് എന്നുപറഞ്ഞാൽ ചങ്ങലയാൽ ബന്ധിതരാകുന്ന മജീഷ്യൻമാരെ വയ്ക്കോൽ കൂമ്പാരത്തിനുള്ളിൽ ഇറക്കി തീ കൊളുത്തും. തീ ആളിക്കത്തുന്നതിനിടയിൽ അതിൽനിന്ന് രക്ഷപ്പെട്ട് പോരുന്ന

പ്രക്രിയയാണ് ഫയർ എസ്കേപ്. അതുപോലെ നമ്മുടെ അഴിമതിക്കാരായ മന്ത്രിമാർ അഴിമതിയുടെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് അഴിമതിയുടെ തീക്കുമ്പാരത്തിനുള്ളിലേയ്ക്ക് കയറ്റിയിട്ട് അവിടെനിന്ന് രക്ഷപ്പെടുത്തിയെടുക്കും. അങ്ങനെ രക്ഷപ്പെടുത്തിയെടുക്കുന്ന പ്രക്രിയയ്ക്കാണ് ഫയർ എസ്കേപ് എന്ന് പറയുന്നത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റ കഴിവുകളെല്ലാം ഉപയോഗിച്ച് തെളിവുകൾ ഇല്ലാതാക്കുന്ന ഒരു വലിയ പ്രക്രിയ ഉണ്ട്. അതാണ് 'corruption escape'. Corruption-ൽ നിന്ന്, അവർ പെട്ടിരിക്കുന്ന അഴിമതിക്കേസുകളിൽനിന്ന് അവരെ രക്ഷപ്പെടുത്തുന്ന ഒരു തരം എസ്കേപിസം ആണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് അധികകാലം നീണ്ടുപോകില്ല. കാരണം, ബഹുമാനപ്പെട്ട മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗും കൂട്ടരും അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അംഗങ്ങൾ അക്കാലത്ത് നടത്തിയ അഴിമതികൾക്കൊന്നും തെളിവില്ലായെന്ന് പറഞ്ഞുകൊണ്ടിരുന്നു. പക്ഷെ അവസാനം തെളിവില്ലാതെയാക്കാൻ നടത്തിയ ശ്രമം ജനകീയ കോടതിയുടെ മുമ്പിൽ പരാജയപ്പെട്ട് ചരിത്രത്തിലെ ഏറ്റവും ദയനീയമായ തോൽവി ഏറ്റുവാങ്ങി. ഞങ്ങൾ ഇന്ത്യാ മഹാരാജ്യത്ത് അധികാരത്തിൽ വന്നിട്ടില്ല. ഞങ്ങൾ അധികാരത്തിൽ നിന്ന് ദൂരെ നിൽക്കുന്ന ഒരു പാർട്ടിയാണ്. പക്ഷെ

സ്വാതന്ത്ര്യാനന്തര ചരിത്രത്തിലെ ഏറിയ പങ്കം ഈ രാജ്യം ഭരിച്ച ഒരു പാർട്ടി അതിന്റെ ചരിത്രത്തിലെ ഏറ്റവും ദയനീയ പരാജയത്തിലകപ്പെട്ട്, ജനങ്ങളാൽ ശിക്ഷിക്കപ്പെട്ട് മാറിയിരിക്കുന്ന ഗതികേടിലെത്തിയില്ലേ? ഞങ്ങൾ നന്നാവണമെന്നാണ് നിങ്ങളുടെ ഉപദേശം. ഞങ്ങൾ പ്രസംഗിക്കുമ്പോൾ സരിതയുടെ കാര്യം പറയരുത്, ഞങ്ങൾ എങ്ങനെയൊക്കെ സംസാരിക്കണം എന്നെല്ലാം നിങ്ങൾ പറയും. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇന്നത്തെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഒരു സ്ത്രീയെ പിന്തുടർന്ന് അവരുടെ ഫോൺകോൾ പരിശോധിച്ചുവെന്ന് പറഞ്ഞ് സി.ബി.ഐ. എൻക്വയറിക്ക് ഉത്തരവിട്ടവരല്ലേ നിങ്ങൾ; അങ്ങനെയൊക്കെ ചെയ്തിട്ടും നിങ്ങൾ രക്ഷപ്പെട്ടോ? എനിക്ക് പറയാനുള്ളത് തെളിവില്ലാതെയാക്കുന്ന പ്രക്രിയയ്ക്ക് കേരളത്തിൽ അക്കാഡമി തുടങ്ങണമെന്നാണ്. ഇപ്പോൾ 'വ്യാപം' കുംഭകോണവുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ നടക്കുകയാണ്. അവിടെ തെളിവില്ലാതെയാക്കാൻ ഇതുവരെ 46 പേരെ കൊന്നുവെന്നാണ് ഇന്നത്തെ പത്രത്തിലെ വാർത്ത. എന്തിനാണ് അവിടെ പോകുന്നത്, തെളിവില്ലാതാക്കാൻ ഇവിടെ വന്നാൽ പോരേ? എല്ലാ തെളിവുകളും ഇല്ലാതാക്കുന്ന തരത്തിൽ ഒരു അക്കാഡമി ഇവിടെ തുടങ്ങിയാൽ അവിടെനിന്ന് ഈ പ്രക്രിയ എന്താണെന്ന് പഠിപ്പിച്ചുകൊടുക്കാം. അത്തരത്തിലാണ്

ഇവിടെ നടക്കുന്നത്. 21 പേജുള്ള സരിതയുടെ കത്ത് 4 പേജായിത്തീർന്നു. എല്ലാ അഴിമതിക്കാരേയും രക്ഷപ്പെടുത്താൻ കഴിയുന്ന ആഫീസർമാരെ നിയമിച്ച് ആ ആഫീസർമാർ കൊടുക്കുന്ന റിപ്പോർട്ടുകൾ നടപ്പാക്കും. ഇങ്ങനെയുള്ള ഒരു പദ്ധതി ഇൻഡ്യയിൽ എല്ലായിടത്തേയ്ക്കും വ്യാപിപിക്കാൻ വേണ്ടി ഒരു അക്കാഡമി സ്ഥാപിക്കണം. ഇപ്പോൾ തമിഴ്നാട്ടിൽ 'തിരുട്ട് ഗ്രാമം' എന്ന് പറയുന്ന ഒരു ഗ്രാമമുണ്ട്. അതുപോലെ ഒരു 'തിരുട്ട് ഭരണ'മായി ഈ ഗവൺമെന്റിന്റെ ഭരണം മാറിയിരിക്കുകയാണ്, അത് പറയാതിരിക്കാൻ നിർവ്വാഹമില്ല. അരുവിക്കരയിൽ വിജയിച്ചതുകൊണ്ട് മിഷൻ 676 പോലുള്ള പദ്ധതി ആവിഷക്കരിച്ച് ഇനി ബാക്കിയുള്ള കുറച്ചുദിവസംകൊണ്ട് കിട്ടാവുന്നതെല്ലാം അടിച്ചുമാറ്റാം എന്ന മട്ടിലുള്ള പണികളാണ് ഇവിടെ നടക്കുന്നത്. സമയക്കുറവ് കാരണം ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. സർക്കാരിന്റെ ഇമേജ് ഇപ്പോൾ ഏറ്റവും കൂടുതൽ വർദ്ധിച്ചിരിക്കുന്നത് പാഠപുസ്തകത്തിന്റെ കാര്യത്തിലാണ്. പാഠപുസ്തകം സമയത്ത് അച്ചടിച്ച് കൊടുക്കാൻ കഴിയാത്തതിന്റെ പേരിലുള്ള പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്, പോലീസിനെ ഉപയോഗിച്ച് അത് അടിച്ചമർത്താൻ ശ്രമിക്കുകയാണ്. എന്തായാലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്ത അതേ അളവിലുള്ള കുറ്റമാണ് ബഹുമാനപ്പെട്ട അച്ചടി വകുപ്പുമന്ത്രിക്കുമുള്ളത്. ഞാൻ

അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ വകുപ്പ് 2014 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഈ വർഷത്തേയ്ക്കുള്ള പുസ്തകങ്ങൾ അച്ചടിച്ച് കൊടുക്കേണ്ടത്. സെപ്റ്റംബറിൽ ഓർഡർ കൊടുത്തതാണ്. 2010-ൽ, കഴിഞ്ഞ എൽ.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് കെ.ബി.പി.എസ്.-ന് ഒരു പുതിയ അച്ചടി മെഷീൻ കൂടി നൽകിക്കൊണ്ട് പാഠപുസ്തകം അച്ചടിക്കാൻ വേണ്ട എല്ലാ സൗകര്യവും ചെയ്തു കൊടുത്തതാണ്. പക്ഷേ ഒരു എം.ഡി.യെ നിയമിക്കുന്നില്ല, ഉദ്യോഗസ്ഥന്മാരെ വയ്ക്കുന്നില്ല. ഒരു ഡെപ്യൂട്ടേഷൻ ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു, അദ്ദേഹത്തെ മാറ്റി. ഇപ്പോൾ ജില്ലാകളക്ടർക്കാണ് അതിന്റെ ചാർജ്ജ് കൊടുത്തിരിക്കുന്നത്. അങ്ങനെ ആ സ്ഥാപനത്തെ തകർത്തു. ആ സ്ഥാപനത്തെ തകർത്താൽ രണ്ടര രൂപയ്ക്ക് അച്ചടിക്കുന്ന പുസ്തകം ഒൻപതര രൂപയ്ക്ക് പുറത്ത് കൊടുത്ത് അച്ചടിപ്പിക്കാം. ഈ രീതിയിൽ പുസ്തകങ്ങൾ പുറത്തുകൊടുത്ത് അച്ചടിപ്പിച്ച് പണമുണ്ടാക്കാനുള്ള ഒരു പണിയാണ് ഇവിടെ നടന്നത്. ഇതും കുംഭകോണങ്ങളുടെ പട്ടികയിൽ വരുന്നതാണ്. അതിന്റെ ഫലമാണ് 50 ലക്ഷം കുടുംബങ്ങൾ ഇന്നനുഭവിക്കുന്നത്. എന്തിനും ഏതിനും പണംകിട്ടണമെന്ന വ്യാമോഹത്തിൽനിന്നാണ് ഈ പ്രശ്നങ്ങളെല്ലാം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പെർഫോമൻസ് ഓഡിറ്റിനെപ്പറ്റിയും കൃഷി വകുപ്പുമന്ത്രിയുടെയും

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും നേട്ടങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ഇവിടെ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മിനിസ്റ്ററുടെ കാലത്ത് കുറേയധികം വർക്കുകൾ നടന്നുവെന്ന് പറഞ്ഞല്ലോ; നേരത്തെ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെ, ഞങ്ങളുടെ ഭരണകാലത്തിന്റെ അവസാനം കുറച്ച് റോഡുകളൊക്കെ മോശമായി. അത് പരിഹരിക്കാൻ അപ്പോൾത്തന്നെ 1600 കോടിരൂപയുടെ വർക്കിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക് എ.എസ്. കൊടുത്തു. ഞങ്ങളുടെ ഭരണകാരലത്ത് പി.ഡ.ബ്ല്യൂ.ഡി മിനിസ്റ്റർമാർ പലരും മാറിമാറി വന്നു. കാരണം ശ്രീ. പി. ജെ. ജോസഫ് മന്ത്രിയായിരുന്നപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം വന്നു, അദ്ദേഹത്തെ മാറ്റി. പിന്നീട് ശ്രീ. മോൻസ് ജോസഫ് മിനിസ്റ്ററായിവന്നു. അവസാനം വകുപ്പ് മന്ത്രിയായിരുന്നത് ശ്രീ. എം. വിജയകുമാറാണ്. അങ്ങനെ മന്ത്രിമാർ മാറിമാറി വന്നതുകൊണ്ട് ചില പോരായ്മകൾ ആ വകുപ്പിൽ ഉണ്ടായിട്ടുണ്ട്. എന്നാലും പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ വേണ്ടി ഞങ്ങൾ വലിയ തോതിൽ വർക്കിന് എ.എസ്. കൊടുത്തു. അത് നേരത്തെ ശ്രീ. വർക്കല കഹാർ ചൂണ്ടിക്കാണിച്ചതുപോലെ, അതിന്റെ എ.എസ്. ഉം റ്റി.എസ്. ഉം കിട്ടി വന്നപ്പോൾ വൈകിപ്പോയി, ഗവൺമെന്റിന്റെ കാലാവധിയും കഴിഞ്ഞു. അപ്പോൾ ആ

വർക്കെല്ലാം ചെയ്യാൻ അവസരം കിട്ടിയത് പിന്നീടുവന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനാണ്. അതും ഗവൺമെന്റിന്റെ പുതിയ വരവിൽ കിട്ടിയ തുകയെല്ലാംകൂടി ചേർത്ത് അദ്ദേഹം പെർഫോമൻസിൽ ഒന്നാമതായി, ഇൻഡ്യാ ടുഡേ അടക്കമുള്ള മാധ്യമങ്ങളിൽ വന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി പരിശോധിച്ച് നോക്കിയാൽ പെർഫോമൻസിൽ അദ്ദേഹത്തിന്റെ സ്ഥാനം ഇരുപതാമതാണ്. കാരണം വർക്ക് ചെയ്താൽ പണം കൊടുക്കാത്തതുകൊണ്ട് കരാറുകാരാരും പണിയെടുക്കുന്നില്ല. അവർ ഇപ്പോൾ സമരത്തിലാണ്. കരാറുകാർ വർക്ക് എടുക്കാതായപ്പോൾ റോഡുകളെല്ലാം വീണ്ടും കുളമായി. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകളെല്ലാം നാശമായി. ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് മെമ്മോറാണ്ടം കൊടുക്കുകയും ഇവിടെ സബ്മിഷൻ ഉന്നയിക്കുകയും അദ്ദേഹം നന്നാക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ചെയ്യുന്ന പണിയെന്താണ്? വില്ലേജ് റോഡുകൾ നന്നാക്കുന്നതിനുവേണ്ടി യു.ഡി.എഫ്. ന്റെ എം.എൽ.എ.മാർക്ക് അഞ്ചുകോടി രൂപ, എൽ.ഡി.എഫ് എം.എൽ.എ.മാർക്ക് രണ്ടുകോടി രൂപ. രണ്ട് കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞ് താമസിപ്പിക്കും.

ശ്രീ. ജി. സുധാകരൻ: കഴിഞ്ഞ നാലു വർത്തിനുള്ളിൽ പരമ്പരാഗത പി.ഡബ്ല്യൂ.ഡി. വർക്കുകൾ മെയിന്റയിൻ ചെയ്തതല്ലാതെ ഒരു നയാ പൈസയോ

റോഡോ എന്റെ മണ്ഡലത്തിൽ തന്നിട്ടില്ലെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. എം. ആരിഫ്: സർ, അവിടെ തന്നിട്ടില്ലായെന്ന് എനിക്കറിയാം, ഞാൻ അതുവഴിയാണ് സഞ്ചരിക്കുന്നത്. അമ്പലപ്പുഴ മണ്ഡലത്തിലും സ്ഥിതി ഇതുതന്നെയാണ്. ഇപ്പോൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വില്ലേജ് റോഡുകൾ നന്നാക്കാൻ പോകുന്നു.

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ: അങ്ങ് പി.ഡബ്ല്യൂ.ഡി.യെക്കുറിച്ചും അതിന്റെ അവഗണനയെക്കുറിച്ചുമാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങ് വൺ ടൈം റിപ്പയറിന്റെ കാര്യം പറഞ്ഞുവല്ലോ; കോഴിക്കോട് ജില്ലയിലെ ഒരനുഭവം പറയാം. കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിൽ പത്തിൽ എൽ.ഡി.എഫ്. ഉം മൂന്നെണ്ണം യു.ഡി.എഫി.ലെ ലീഗുമാണ് ജയിച്ചത്. അവർക്ക് പതിനഞ്ച് കോടി രൂപ നൽകി, ഞങ്ങൾക്ക് ഒന്നും തന്നില്ല. ഇതുപോലുള്ള അവഗണന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, എനിക്കറിയാം, ഇതാണ് എല്ലാവരും പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇതുപോലുള്ള കാര്യങ്ങളൊക്കെ നടക്കുകയാണ്. ഇപ്പോൾ വില്ലേജ് റോഡുകൾ നന്നാക്കുന്നതിന് 5:2 എന്ന ക്രമത്തിൽ നൽകാൻ തീരുമാനിച്ചുവെങ്കിലും

ഞങ്ങൾക്ക് തരാമെന്ന് പറഞ്ഞ രണ്ട് കോടി രൂപ കിട്ടാൻ പോകുന്നില്ല. അഞ്ചുകോടി രൂപ വീതം ഭരണകക്ഷിയിലുള്ളവർക്ക് തകൃതിയായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ശ്രീ. മാത്യു റ്റി. തോമസ് നേരത്തെ പറഞ്ഞതുപോലെ, എങ്ങാനും ഒരു വർക്ക് ഞങ്ങൾക്ക് തന്നാൽ ആ വർക്കിന്റെ ക്രെഡിറ്റുംകൂടി ആരാനും കൊണ്ടുപോവുകയാണ്. എന്റെ മണ്ഡലവും ശ്രീ. കെ. അജിത്തിന്റെ മണ്ഡലവും അതുപോലെ തന്നെ എം. പി. യായ ശ്രീ. കെ. സി. വേണുഗോപാലിന്റെ മണ്ഡലവും എല്ലാം കൂടി കണക്ട് ചെയ്തുകൊണ്ട് ഒരു പാലവും ഒരു റോഡും തന്നു. അത് ഒരുപാട് തവണ പുറകേ നടന്നുകിട്ടിയതാണ്. കിട്ടിക്കഴിഞ്ഞപ്പോൾ അതിന്റെ ക്രെഡിറ്റ് ശ്രീ. കെ. സി. വേണുഗോപാൽ കൊണ്ടുപോകുകയാണ്. എനിക്ക് തന്നുവെന്ന് പറയുന്നതും ശ്രീ. കെ. അജിത്തിന് തന്നുവെന്ന് പറയുന്നതും .......(ബഹളം)......... സർ, സംസാരിക്കാൻ അനുവദിക്കുന്നില്ല.

<u>മി.സ്പീക്കർ</u>: പ്ലീസ്...

<u>ശ്രീ. എ. എം. ആരിഫ്</u>: എനിക്ക് തന്നുവെന്ന് അദ്ദേഹം പറയുന്നു, പക്ഷെ ശ്രീ. കെ. സി. വേണുഗോപാൽ പറയുന്നത് അദ്ദേഹത്തിനാണ് നൽകിയതെന്നാണ്. ശ്രീ. കെ. സി. വേണുഗോപാലിനാണ് കൊടുത്തതെന്ന് മന്ത്രിമാർ അവിടെ പോയി

സമ്മതിച്ചുകൊടുക്കുകയാണ്. ഞങ്ങൾക്ക് തന്നെതുപോലും വല്ലവരും കൊണ്ടു പോകുന്നു. ഇതാണ് ഞങ്ങളുടെ അവസ്ഥ. ശ്രീ. കൊടിക്കുന്നിൽ സുരേഷ് മീറ്റിംഗ് വിളിച്ചത് അവിടത്തെ എം.എൽ.എ.മാർ അറിയുന്നില്ല. ആ മീറ്റിംഗ് റദ്ദ് ചെയ്യണം, എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗ് നടത്തണം. എം.എൽ.എ. മാരുടെ ക്രെഡിറ്റ് കണ്ടവർ കൊണ്ടു പോകുകയാണ്.

<u>മി.സ്പീക്കർ</u>: പ്ലീസ്... കൺക്ലൂഡ്...

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കാർഷിക സർവ്വകലാശാലയെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. ഭസ്മാസുരന് വരം കൊടുത്തതുപോലെ ഒരു സർവ്വകലാശാലാ വൈസ്ചാൻസിലറെ നമ്മൾ കൊടുത്തിട്ടുണ്ട് - ഡോ. അശോക്. ആ സർവ്വകലാശാലയിൽ അദ്ദേഹം കാണിച്ചുകൂട്ടുന്ന അഴിമതികൾക്കെതിരെ മിണ്ടാനോ അനങ്ങാനോ പറ്റുന്നില്ല. വാസ്തവത്തിൽ എന്താണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്? ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു....

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ബഹുമാനപ്പെട്ട മെമ്പർ എ. എം. ആരിഫ് കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലറാണ് ഡോ. അശോക് എന്നുപറഞ്ഞു. അദ്ദേഹം വെറ്ററിനറി സർവ്വകലാശാലയുടെ വൈസ് ചാൻസലറാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ സ്പീഡിൽ പറഞ്ഞുപോയപ്പോൾ തെറ്റിപ്പോയതാണ്. തിരുത്തിത്തന്നതിന് ശ്രീ. സി.പി. മുഹമ്മദിന് നന്ദി രേഖപ്പെടുത്തുന്നു. എൻ.ആർ.ഐ. സീറ്റ് സംബന്ധിച്ച് വലിയ പ്രക്ഷോഭമുണ്ടായി. അവിടെ സമരം നടന്നു. ഈ സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നു. എൻ.ആർ. ഐ. സീറ്റ് അനുവദിക്കില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ അവരുമായി ഒത്തുകളിച്ച് ഹൈക്കോടതിയിൽനിന്നും വിധി സമ്പാദിപ്പിച്ച് അവരെ തുടരാൻ അനുവദിച്ചു. ബാക്കി സീറ്റെല്ലാം എൻ. ആർ. ഐ. സീറ്റ്. നാളെ അവിടെ സെനറ്റ് യോഗം വിളിച്ചിരിക്കുകയാണ്. എം.എൽ.എ.-മാരുടെ പ്രതിനിധികളില്ല. നിങ്ങൾക്കാണ് വരേണ്ടത് ഞങ്ങൾക്കല്ല. സ്റ്റാറ്റ്യൂട്ട് തിരുത്തി എം.എൽ.എ.-മാരുടെ പ്രതിനിധികൾ വരാതിരിക്കാനുള്ള പണി ചെയ്തിരിക്കുകയാണ്. തനി തോന്ന്യാസമാണ് അവിടെ നടക്കുന്നത്. ഒരന്വേഷണം നടത്താൻ നിങ്ങൾ തയ്യാറാകുന്നുണ്ടോ; ഡോ. അശോകിന് എന്തും ചെയ്യാനുള്ള അനുവാദം കൊടുത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ ഒരുഭാഗത്ത് നടക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. സമയമുണ്ടെങ്കിൽ അതിനെക്കുറിച്ച് പറയാം. ഞങ്ങൾ അരുവിക്കരയിലെ വിജയത്തെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ തെറ്റാണ്, മോശമായിപ്പോയി

എന്നൊക്കെ ശ്രീ. പാലോട് രവി പറഞ്ഞു. മൂന്നനാല് ദിവസത്തെ വർക്കിന് ഞാൻ അവിടെ പോയിരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ എനിക്കനുഭവപ്പെട്ട സഹതാപരംഗവും മറ്റുകാര്യങ്ങളും ആ സമയംതന്നെ ഞാൻ നേതൃത്വത്തെ അറിയിച്ചു. ഇതുകൂടാതെ ഞാൻ അവിടെ ചെന്നപ്പോൾ ശ്രീ. പി. സി. ജോർജ്ജിന്റെ മുന്നണിയിലെ ആൾക്കാർ, മറ്റുചില മുന്നണിക്കാർ എല്ലാം ഘോരഘോരം ........

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. രണ്ട് മിനിട്ട് കൂടുതലായി.

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. കെ. ശിവദാസൻ നായർക്ക് നൽകിയ സമയം തന്നാൽ മതി. ഞാൻ അവിടെ ചെന്നപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അഴിമതിക്കെതിരായി ഘോരഘോരം ആഞ്ഞടിക്കണം എന്നൊക്കെ പറഞ്ഞു കൊണ്ട് പ്രചരണം നടത്തിയ ആളുകൾ 25-ാം തീയതിയായപ്പോൾ ചെറിയ ചെറിയ കക്ഷികൾ ഒറ്റയ്ക്കുകയറാൻ തുടങ്ങിയിരിക്കുന്നു. അങ്ങനെ പെട്ടെന്നൊരു മറിമായം വരണമെന്നുണ്ടെങ്കിൽ എന്താണതിന്റെ സാഹചര്യം; എങ്ങനെ സംഭവിച്ചു; അത് ഇട്ടിന്റെ ഏർപ്പാടാണെന്ന് പറഞ്ഞാൽ അതിന് ഞങ്ങളെ കുറ്റപ്പെടുത്തരുത്. അധികാര ദുർവിനിയോഗമാണെന്ന് പറഞ്ഞാൽ കുറ്റപ്പെടുത്തരുത്. അപ്പോൾ മറിമായം സംഭവിക്കുന്നു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഒരുപാട്

മാജിക്കുകൾ കാണിച്ചിട്ടുള്ള വ്യക്തിയാണ്. അതുകൊണ്ട് ഈ മാജിക് എങ്ങനെ വന്നു എന്നതിനെ സംബന്ധിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ ഇതുപെട്ടെന്ന് മറിയണമെങ്കിൽ പണമുണ്ടാകണം. പണത്തെപ്പോലെ സ്വാധീനിക്കാൻ കഴിയുന്ന മറ്റ് പ്രേരകഘടകങ്ങളുണ്ടാകണം എന്ന് ഞങ്ങൾ പറഞ്ഞുപോയതിന് ഞങ്ങളെ മുഴുവൻ കുറ്റപ്പെടുത്തരുത്. ഞങ്ങളുടെ ഭാഷയിൽ അത്യാവശ്യം, ഞങ്ങളുടെ സംസാരമധ്യത്തിൽ ഭാഷാപരമായി.......... XXXXXXXXX.[+]..... ഏതാണ്ട് പച്ചത്തെറി വിളിച്ചതുപോലെയാണ്. അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന ഒരു സർക്കാരിനെ, ഇമേജ് വെളിയിൽ കാണിക്കാൻ കൊള്ളാത്ത ഒരു സർക്കാരിനെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്താൻ ശ്രീ. എ. കെ. ആന്റണിയെ മുന്നിൽ കൊണ്ടു നിർത്തി. അത് തിരുവിതാംകൂർ മഹാരാജാവ് ആറാട്ടിന് എഴുന്നള്ളുന്ന സമയത്ത് മഹാരാജാവിന് കണ്ണുകിട്ടാതിരിക്കാൻ വേണ്ടി പൊക്കം കുറഞ്ഞ ഒരാളെ മുന്നിൽ നിർത്തി എഴുന്നള്ളിച്ചുകൊണ്ടുനടക്കും.......(ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ്.......... പ്ലീസ്.......

<u>ശ്രീ. എ. എം. ആരിഫ്</u>: XXXXXXX[1] ചരിത്രമാണ് പറയുന്നത്. XXXXX ക്കുറിച്ച് പറയാൻ പാടില്ലേ; ........ XXXXXXX എഴുന്നള്ളിച്ചുകൊണ്ടു നടക്കുന്ന............ (ബഹളം)..........

---

\+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

1 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: യെസ്.....പ്ലീസ്..........

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പ്രതിപക്ഷനേതാവ് ശ്രീ. എ. കെ. ആന്റണിയെ വിശേഷിപ്പിച്ചത് ശ്രീ. എ. എം. ആരിഫ് ഇവിടെ ആവർത്തിക്കുകയാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: അദ്ദേഹം ആ വാക്ക് പ്രത്യേകമായി ഉപയോഗിച്ചില്ല.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ പറഞ്ഞില്ല. പ്രസംഗം കൺക്ലൂഡ് ചെയ്യാനുള്ള അവസരം തരണം. ........ (ബഹളം).......... എന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്. ........ അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന സർക്കാരിന് ............

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്................. പ്ലീസ്............

<u>ശ്രീ. എ. എം. ആരിഫ്</u>: അഞ്ചുമിനിട്ട് ശ്രീ. കെ. ശിവദാസൻ നായർക്ക് കൊടുത്തു. അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന സർക്കാരിന് കണ്ണുകിട്ടാതിരിക്കാൻ വേണ്ടി പൊക്കം കുറഞ്ഞ ഒരാളെ മുന്നിൽനിർത്തി എന്നുപറഞ്ഞതിൽ എന്താണപരാധം; അത്തരത്തിൽ അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന....... (ബഹളം)......... ഞാൻ പേര് പറഞ്ഞില്ല.

മി. സ്പീക്കർ: ശ്രീ.എ.എം. ആരിഫ്, പ്ലീസ് കൺക്ലൂഡ്.............പ്ലീസ്..............

ശ്രീ. എ. എം. ആരിഫ്: സർ, ഇത്തരത്തിലുള്ള ഒരുകാര്യത്തെക്കുറിച്ച് പറയാതിരിക്കുന്നതെങ്ങനെയാണ്; ഏതാണ്ട് പച്ചത്തെറി പറഞ്ഞതുപോലെയാണ് വ്യാഖ്യാനം. വാസ്തവത്തിൽ ഈ ഗവൺമെന്റിന്റെ അഴിമതി മറച്ചുപിടിക്കുന്നതിനു വേണ്ടി അദ്ദേഹത്തെ മുന്നിൽനിർത്തുകയായിരുന്നു. ഇത്തരത്തിൽ അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന ഈ സർക്കാരിന്റെ എല്ലാ നയപരിപാടി കളെയും ഞങ്ങൾ ശക്തിയുക്തം എതിർക്കുകയാണ്. നിങ്ങളുടെ ഈ നയങ്ങളിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ഇറങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

Shri. Aryadan Muhammed: Sir, I rise a point of order, Rule 307.

മി. സ്പീക്കർ: യെസ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, XXXXXXXX [2] എന്ന പ്രയോഗം വാസ്തവത്തിൽ പാർലമെന്ററി അല്ല. ഇന്ത്യയുടെ ഡിഫൻസ് വകുപ്പുമന്ത്രിയായിരുന്ന, ഈ സഭയിൽത്തന്നെ മുഖ്യമന്ത്രിയായിരുന്ന, സഭാ നേതാവായിരുന്ന ഒരാളെ XXXXXXXX ചിത്രീകരിക്കുന്നത് ഒരിക്കലും ശരിയല്ല. അത് റൂൾ 307 അനുസരിച്ച്

2 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

എക്സ്പഞ്ച് ചെയ്യണം.

മി. സ്പീക്കർ: ആ പദം രേഖയിൽനിന്നും നീക്കം ചെയ്തിരിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ശ്രീ. സി. കെ. സദാശിവൻ മുതൽ ശ്രീ. എ. എം. ആരിഫ് വരെയുള്ള ബഹുമാന്യരായ എം.എൽ.എ.-മാർ പ്രസംഗിച്ചപ്പോൾ കൃഷി വകുപ്പിനെയും പൊതുമരാമത്ത് വകുപ്പിനേയുംകുറിച്ച് വലിയ വിമർശനങ്ങളൊന്നും തന്നെ പറഞ്ഞുകണ്ടില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾപോലും അവതരിപ്പിക്കാൻ അവർ തയ്യാറായില്ല. കാർഷിക മേഖലയിലെ പ്രതിസന്ധി എന്നുപറയുന്നത് ലോകം ഉണ്ടായ കാലംമുതലുള്ളതാണ്. പക്ഷേ ഇന്നത്തെ കാലഘട്ടത്തിൽ ചെറുതും വലുതുമായ കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ ജനവിഭാഗത്തേയും ഞാൻ അഭിനന്ദിക്കുകയാണ്. അതിന് നേതൃത്വം നൽകുന്ന വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, കൃഷി ഉദ്യോഗസ്ഥർ, വിശിഷ്യാ നമ്മുടെ എം.എൽ.എ.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ തുടങ്ങി എല്ലാവരേയും ഞാൻ അഭിനന്ദിക്കുകയാണ്. കാരണം കാർഷിക മേഖലയിലേയ്ക്ക് തിരിച്ചുവന്ന് നമ്മുടെ കാർഷിക സംസ്കാരത്തെ സംരക്ഷിക്കണമെന്ന ഉദ്ദേശ്യമാണ് ഈ ജനവിഭാഗങ്ങൾക്കുള്ളത്. ഈ നാലുവർഷക്കാലത്തിനുള്ളിൽ 44 കർഷക

ആത്മഹത്യകൾ ഉണ്ടായതായി ശ്രീ. സി. കെ സദാശിവൻ പറഞ്ഞു. നാലുവർഷക്കാലംകൊണ്ട് 159 കർഷക ആത്മഹത്യകളാണ് എൽ.ഡി.എഫ്-ന്റെ കാലത്തുണ്ടായത്. കർഷക ആത്മഹത്യകൾ കുറഞ്ഞു. മുൻ കൃഷി വകുപ്പുമന്ത്രി കൂടിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരൻ കുട്ടനാട്ടിലെ കാർഷിക മേഖലയെക്കുറിച്ചും അവിടത്തെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. കുട്ടനാട് പാക്കേജുണ്ടായത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ്. അതിൽ ഭൂരിഭാഗം വരുന്നതും ഇറിഗേഷനുമായി ബന്ധപ്പെട്ടുവരുന്ന പ്രവർത്തനങ്ങളാണ്. മടവീഴ്ചയുണ്ടാകുമ്പോഴും മറ്റും പല കാര്യങ്ങളും സമയത്ത് പൂർത്തീകരിക്കാൻ കഴിയാത്ത സന്ദർഭമാണ്. അതുകൊണ്ട് കുറെ വൈകിപ്പോയി. അതേസമയം കൃഷിവകുപ്പിന്റെ 90 ശതമാനം പദ്ധതികളും അവിടെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോയത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. ശ്രീ. പി. എ. മാധവൻ കോൾ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അവിടത്തെ യന്ത്രങ്ങളെക്കുറിച്ചും ആ യന്ത്രങ്ങൾ നശിച്ചുപോകുന്ന കാര്യങ്ങളേയുംകുറിച്ച് പറഞ്ഞു. അവിടെ 65 combined harvester, 20 ട്രാക്ടർ, 200 ടില്ലർ എന്നിവയുണ്ട്. കഴിഞ്ഞ കൊയ്ത്തുകാലത്ത് 3800 മണിക്കൂർ യന്ത്രങ്ങൾ പ്രവർത്തിച്ചു. യന്ത്രങ്ങൾ സൂക്ഷിക്കാൻ കെയ്ക്കോയ്ക്ക്

അരിമ്പൂരിൽത്തന്നെ 3.5 ഏക്കർ സ്ഥലമുണ്ട്. പക്ഷേ പഞ്ചായത്തുമായി തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ ഈ സ്ഥലത്ത് പൂർണ്ണമായും യന്ത്രങ്ങൾ സൂക്ഷിക്കാൻ കഴിയുന്നില്ല. ഇത് പാടശേഖര സമിതികളെ ഏൽപ്പിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. പാടശേഖര സമിതി രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ പ്രവൃത്തികളുമായി മുന്നോട്ടുപോകണം. ശ്രീ. മോൻസ് ജോസഫ്, ഹെൽപ്പ് ഡെസ്കിനെക്കുറിച്ച് പറഞ്ഞു. അത് വളരെ ആവശ്യമുള്ള കാര്യമാണ്. കാരണം നെൽകൃഷി മേഖലയിലെ റബ്ബർ കർഷകർക്കു കിട്ടേണ്ട കാര്യങ്ങളെക്കുറിച്ചൊന്നും കർഷകർ അറിയുന്നില്ല. അതുകൊണ്ട് അത് വളരെ ആവശ്യമുള്ള കാര്യമാണ്. ശ്രീ. പാലോട് രവി അഗ്രി മാളിനെക്കുറിച്ച് പറഞ്ഞു. പുതിയതായി ആറ് അഗ്രി മാളുകളാണ് ആരംഭിക്കാൻ പോകുന്നത്. അതിൽ നെടുമങ്ങാടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി കെ. എസ്. സലീഖ, കർഷകർ കാർഷിക മേഖലയിൽനിന്നും അകലുന്നതായി പറഞ്ഞു. യഥാർത്ഥത്തിൽ കാർഷിക മേഖലയെക്കുറിച്ചും കൃഷിയെക്കുറിച്ചും അറിയാത്തവർ പറയുന്ന കാര്യമാണത്. കർഷകർ ഇന്ന് കാർഷികമേഖലയിൽനിന്നും അകലുന്നതിനുപകരം കൃഷിയുമായി അടുത്തുകൊണ്ടിരിക്കുകയാണ്. വെജിറ്റബിൾ മാർക്കറ്റിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇന്ന് പഞ്ചായത്തുതലത്തിൽ ധാരാളം വെജിറ്റബിൾ മാർക്കറ്റുകൾ

ഉണ്ടാക്കിക്കൊടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. 140 നിയോജക മണ്ഡലങ്ങളിലും ഒരു വലിയ പച്ചക്കറി മാർക്കറ്റ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് ഏറ്റവും ആവശ്യവുമാണ്. അതേസമയം പഞ്ചായത്തുകളിൽ ക്ലസ്റ്റർ മുഖാന്തിരം ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി വിൽപ്പനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി, ചെറുകിട പച്ചക്കറിച്ചന്തകൾകൂടി അതിന്റെ ഭാഗമായി വരുന്നുണ്ട്. ഇവിടെ പല അംഗങ്ങളും നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സംസാരിക്കുകയുണ്ടായി. നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു തടസ്സമോ തർക്കമോ ഇവിടെയില്ല. സാങ്കേതിക കാര്യങ്ങളിൽ കാലതാമസമുണ്ടായി എന്നതല്ലാതെ മറ്റൊരു തടസ്സവും ഉണ്ടായിട്ടില്ല. ഇപ്പോൾ 32 കോടി രൂപ ഈ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. 362 നാളികേര സൊസൈറ്റികൾ ഈ രംഗത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 173 എണ്ണത്തിന് നികുതി വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ ഒരു യോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയിട്ടുണ്ട്. ബാക്കിയുള്ളതിന് ലൈസൻസ് നൽകുന്ന മുറയ്ക്ക് നീര ഉൽപ്പാദന രംഗത്ത് പ്രവർത്തിക്കാൻ കഴിയുന്ന രൂപത്തിൽ എത്തിച്ചേരുകയാണ്. Coconut Development Board, Coconut Development Corporation, Agro Industries Corporation തുടങ്ങിയ

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന് പ്രത്യേക സമിതിയുമുണ്ട്. അത് വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. വി. വിജയദാസും ശ്രീ. കെ. അജിത്തും കഥ അറിയാതെ ആട്ടം കാണുകയാണ്. എന്താണ് കൃഷി എന്നതിനെക്കുറിച്ച് അറിയാത്ത രൂപത്തിലാണ് രണ്ട് അംഗങ്ങളും സഭയിൽ ചോദ്യവും ഉത്തരവും പറഞ്ഞ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ കാലങ്ങളിലൊന്നുമില്ലാത്ത വളർച്ചയാണ് കാർഷികരംഗത്തുണ്ടായത്. Agriculture Growth Rate 2010-12 കാലഘട്ടത്തിൽ മൈനസ് ഏഴ് (-7) ആയിരുന്നു. ഇന്നത് മാറി 2013-14 കാലഘട്ടത്തിൽ +5.26 ആയിരിക്കുന്നു. എത്രമാത്രം വളർച്ചയുണ്ടെന്ന് അതിനെക്കുറിച്ച് പറയാൻ സാധിക്കും. അത് വലിയൊരു മാറ്റംതന്നെയാണ്. കേരളത്തിലെ കർഷകരും വിദ്യാർത്ഥികളും ജനപ്രതിനിധികളും കൃഷി ഉദ്യോഗസ്ഥന്മാരും വളരെ നന്നായി പ്രവർത്തിച്ചതിന്റെ ഭാഗമായാണ് ഈ നേട്ടം ഉണ്ടായിരിക്കുന്നത്.

അന്യ സംസ്ഥാനത്തുനിന്നുവരുന്ന പച്ചക്കറിയിൽ മാരകമായ വിഷം അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും അതിൽ വിഷാംശം അടങ്ങിയിട്ടു ണ്ടെന്ന്

മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അതിനെ തടഞ്ഞുകൊണ്ട് കേരളത്തിൽത്തന്നെ നമുക്കുവേണ്ട പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള ശക്തമായൊരു ഇടപെടൽ ഈ രംഗത്ത് ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകുന്നത്. അതിനുവേണ്ടിയാണ് ജൈവ പച്ചക്കറി ഗ്രാമങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നത്. ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനുമായി എല്ലാ പഞ്ചായത്തുകളിലും ജൈവ പച്ചക്കറി ഗ്രാമസഭകൾ ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും ആലോചിച്ച് രൂപം കൊടുത്തിട്ടുണ്ട്. ഇനി ജൈവ പച്ചക്കറി ഗ്രാമസഭകളെന്ന് വിളിക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത്, ജനപ്രതിനിധികൾ, സ്വയംസഹായസംഘങ്ങൾ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ., കൃഷി- പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥന്മാർ, ഗ്രാമപഞ്ചായത്ത് ഭാരവാഹികൾ എന്നിവർ ഈ ഗ്രാമസഭയിൽ അംഗങ്ങളായിരിക്കും. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി ഓഫീസർ കൺവീനറുമായ ഗ്രാമസഭകൾ പഞ്ചായത്തിലെ ജൈവ കൃഷിക്ക് നേതൃത്വം നൽകുകവഴി എല്ലാവീട്ടിലും പച്ചക്കറി എന്ന ആശയം പ്രാവർത്തികമാകും.

മൂവായിരത്തോളം വിദ്യാലയങ്ങളിൽ ഇന്ന് ബയോഗ്യാസ് പ്ലാന്റ് നൽകിയിട്ടുണ്ട്. അവിടത്തെ മാലിന്യം സംസ്കരിച്ചുകിട്ടുന്ന ബയോ കമ്പോസ്റ്റ് അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിക്ക് ഉപയോഗിക്കാൻ സാധിക്കും എന്നതാണ് അതിന്റെ ലക്ഷ്യം. കൂടാതെ ഉച്ചക്കഞ്ഞി പാകം ചെയ്യാനുള്ള ബയോഗ്യാസ് ലഭിക്കുകയും ഉച്ചക്കഞ്ഞിക്കാവശ്യമായ പച്ചക്കറികൾ അവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഓരോ വിദ്യാലയത്തിലും ഏറ്റവും കുറഞ്ഞത് പത്ത് സെന്റ് ഭൂമി ഉണ്ടെങ്കിൽ അവിടെ മുഴുവൻ ജൈവ പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന മാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ സംസ്ഥാന കൃഷി വകുപ്പിനെ കേന്ദ്ര സർക്കാരിന്റെ മേഖല ജൈവകൃഷി കേന്ദ്രത്തിന്റെ ഏജൻസിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാന കൃഷിവകുപ്പിനെ ഏജൻസിയാക്കി ജൈവ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി വിപണനം നടത്തിയാൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകും.

മറ്റൊന്ന്, സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷിപാഠം കൂടി ഉൾപ്പെടുത്തണമെന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഇക്കാര്യങ്ങൾ ആലോചിച്ച് ഒരു

തീരുമാനമെടുക്കുന്നതായിരിക്കും. ഒരാഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പാഠ്യ പദ്ധതിയിൽ കൃഷിപാഠം ഉൾപ്പെടുത്തണമെന്നുള്ള താണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2012-ലെ ഉത്തരവ് പ്രകാരം പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ കൃഷിനാശത്തിന് നല്ല തുക ധനസഹായം നൽകിയിരുന്നു. എന്നാൽ പെട്ടെന്ന് തന്നെ കേന്ദ്ര ഗവൺമെന്റിന്റെ ദുരന്തനിവാരണ വകുപ്പ് അത് വെട്ടിക്കുറച്ചു. ഇക്കാര്യം വീണ്ടും മന്ത്രിസഭായോഗം ആലോചിച്ച് മാറ്റംവരുത്താനുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. അതേ ധനസഹായം തന്നെ തുടർന്നും നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക കൃഷി വകുപ്പിന്റെ കണ്ടിജൻസി പ്രോഗ്രാം 'To meet Natural Calamities' എന്ന പദ്ധതി വഴി അനുവദിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ കുടിശ്ശിക ഏകദേശം 50 കോടി രൂപ കൊടുത്തുതീർക്കാനുള്ള അനുമതി ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കുളമ്പുരോഗത്തിന്റെ നഷ്ടപരിഹാരത്തുക കുറച്ചുകൂടി കൊടുക്കാൻ ബാക്കിയുണ്ട്. അത് പെട്ടെന്നുതന്നെ കൊടുത്തുതീർക്കുന്നതാണ്. അതോടൊപ്പം കോഴി വളർത്തൽ കാർഷികവൃത്തിയായി അംഗീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ കോഴികൃഷി കൃഷിയിൽ

ഉൾപ്പെടുത്തിയിരുന്നില്ല. കൃഷിയിൽ ഉൾപ്പെടുത്താനും കാർഷിക മേഖലയ്ക്ക് ലഭിക്കുന്ന മുഴുവൻ സൗജന്യ വൈദ്യുതി, പലിശയിളവ്, കെട്ടിടനികുതി ഒഴിവാക്കൽ, മൂല്യവർദ്ധിത നികുതി ഒഴിവാക്കൽ തുടങ്ങിയ ആനുകൂല്യങ്ങൾ കോഴി വളർത്തുന്നവർക്കുകൂടി ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനെ ലക്ഷ്യമിട്ട് കേരള ലൈവ് സ്റ്റോക്ക് പൗൾട്രി ഫീഡ് ആന്റ് മിനറൽ മിക്സ്ചർ ഉൽപ്പാദന വിൽപ്പന നിയന്ത്രണ നിയമം കൊണ്ടുവരും. ഗുണനിലവാരമുള്ള കാലത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനാണ് ഈ നിയമം ലക്ഷ്യമിടുന്നത്. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറിയെ കാലിത്തീറ്റ യുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം പരിശോധിക്കാൻ ഉതകുന്ന തരത്തിൽ സജ്ജമാക്കും. കേരളത്തിൽ വളർന്നുവരുന്ന കോഴിയും പശുവും ആടും ഒക്കെ നല്ല ആരോഗ്യമുള്ള മൃഗങ്ങളായി വളരണമെന്ന ആഗ്രഹത്തോടുകൂടിയാണ് പരിശോധനാ ലാബുകൾ സജ്ജമാക്കിയിട്ടുള്ളത്. കന്നുകാലികൾക്കാവശ്യമായ ഗുണമേന്മയുള്ള വിരമരുന്ന് ഇപ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നില്ല. അവ സംസ്ഥാനത്തിനുപുറത്തുള്ള മരുന്നുകമ്പനികളിൽനിന്ന്

വാങ്ങുകയാണ് ചെയ്യുന്നത്. അതിനാൽ ആവശ്യാനുസരണം സംസ്ഥാനത്ത് മരുന്നുവിതരണം ചെയ്യുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനായി സംസ്ഥാനത്ത് ആവശ്യമുള്ള മൃഗചികിത്സാ മരുന്നുകൾ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ഒരു ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ, പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഇതുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും മറ്റ് ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും മുന്നോട്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഒരു കൂട്ടായ്മ ഗ്രാമീണ തലത്തിലുണ്ട്. അതുകൊണ്ട് ഗ്രാമീണ മേഖലയിൽ പച്ചക്കറികൃഷിയും പഴവർഗ്ഗകൃഷിയും നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്.

കാർഷിക രംഗത്ത് നമുക്ക് അറിയാവുന്നതുപോലെ രണ്ടുവർഷം മുമ്പ് 22 ശതമാനം പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് നമുക്ക് ആവശ്യമുള്ളതിന്റെ 74 ശതമാനം പച്ചക്കറിയും ഇവിടെ ഉൽപ്പാദിപ്പിക്കുകയാണ്. അതിന്റെ 90 ശതമാനം പച്ചക്കറിയും ഇന്ന് ജൈവ വളം ഉപയോഗിച്ചുകൊണ്ടുള്ള ജൈവ പച്ചക്കറിയാണ്. അതിനാൽ അതൊരു വലിയ നേട്ടമായിട്ടാണ് കാണുന്നത്.

നമ്മുടെ പഴയകാലത്തെ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ടുകൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ മുന്നോട്ടുവരുമ്പോൾ നേമം ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ പ്രാർത്ഥനാഗാനം ആലപിച്ചതാണ് എനിക്ക് ഓർമ്മവരുന്നത്. 'മണ്ണോടുപൊരുതി, മണ്ണിനെ പൊന്നാക്കാൻ

ജഗദീശ്വരൻ തന്ന കൈകൾ,

മർത്ത്യനോട് പൊരുതാൻ തോന്നീടല്ലേ മനുഷ്യരെ.' കാരണം ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ കൈകൾ പലതും ഉപയോഗിക്കുന്നത് അന്യരെ കൊല്ലാനും മറ്റ് ബോംബ് നിർമ്മാണത്തിനുമൊക്കെയാണ്. അത് തോന്നാതിരിക്കാൻവേണ്ടി, മണ്ണിനോട് പൊരുതാൻ ജഗദീശ്വരൻ തന്ന കൈകൾ, മനുഷ്യനോട് പൊരുതാൻ തോന്നാതെ മണ്ണിനോട് പൊരുതിക്കൊണ്ട് മണ്ണിനെപൊന്നാക്കാനുള്ള ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്താൻ മുന്നോട്ടുവരണമെന്നും അതിന് തയ്യാറാകുന്നവർക്ക് കൂടുതൽ സഹായങ്ങൾ നൽകുക എന്നതാണ് കൃഷിവകുപ്പിന്റെ ലക്ഷ്യം. അത് നൽകിക്കൊണ്ട് മുന്നോട്ടുപോകുകയാണ്.

ഗവൺമെന്റ് പ്രസ്സിലെ സ്പെഷ്യൽ റൂൾസിനെക്കുറിച്ച് പറയുകയുണ്ടായി. പ്രസ് ജീവനക്കാർക്കിടയിൽ പ്രൊമോഷൻ ഡിപ്ലോമ ഹോൾഡേഴ്സും സർട്ടിഫിക്കറ്റ് ഹോൾഡേഴ്സും തമ്മിലുള്ള റേഷ്യോ 1:1 വേണമോ വേണ്ടയോ എന്നതാണ് പ്രശ്നം.

പ്രസ് ജീവനക്കാരുടെ എല്ലാ സംഘടനകളുടെയും യോഗത്തിലുണ്ടായ ഏകാഭിപ്രായം 1:1 റേഷ്യോ വേണ്ട എന്നാണ്. അതിനെ പി.എസ്.സി.യും അംഗീകരിച്ചിട്ടുണ്ട്. അത്തരത്തിൽ ഫയൽ പ്രോസസ്സ് ചെയ്ത് സബ്ജക്ട് കമ്മിറ്റി മുമ്പാകെ വന്നപ്പോൾ ഈ വിഷയം ഒന്നുകൂടി പരിശോധിക്കണമെന്ന അഭിപ്രായത്തോടെ ഫയൽ മടങ്ങി വരികയാണ് ഉണ്ടായത്. വീണ്ടും ഈ വിഷയം പ്രോസസ്സ് ചെയ്ത് ഫയൽ ഉത്തരവിനായി ഓഫീസിൽ കഴിഞ്ഞ ആഴ്ച വന്നിട്ടുണ്ട്. റേഷ്യോ വേണമോ വേണ്ടയോ എന്നുള്ള തീരുമാനമെടുക്കാൻ വീണ്ടും സബ്ജക്ട് കമ്മിറ്റി മുമ്പാകെ വിഷയം അവതരപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് പെട്ടെന്ന് ഇതിന്റെ നടപടികളുമായി മുന്നോട്ടുപോകും. അത് വരുന്നതോടുകൂടി അവിടെ ജോലി നോക്കുന്ന ആളുകൾക്ക് കൂടുതൽ ഇടപെടാൻ സാധിക്കും.

ഇവിടെ നാളികേര സമൃദ്ധിയെക്കുറിച്ച് പറഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം നാളികേര കൃഷി കുറഞ്ഞുവരികയായിരുന്നു. പക്ഷേ, കഴിഞ്ഞ വർഷം ഒരു ലക്ഷത്തോളം പുതിയ നാളികേര തൈകൾ കേരളത്തിലെ ഓരോ പഞ്ചായത്തുകൾക്കും നൽകി. ഈ വർഷം ഞങ്ങൾ രണ്ടു ലക്ഷം നാളികേര തൈകൾ കൊടുക്കുന്നുണ്ട്. അതാണ് കേര സമൃദ്ധി പദ്ധതി. കേര സമൃദ്ധി പദ്ധതിയിലൂടെ നമുക്ക് നാളികേരം കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

നാളികേരം ഉൽപ്പാദിപ്പിച്ചുവരുമ്പോൾ അതിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളിൽ നീരയും പ്രധാനപ്പെട്ട ഒരു കാര്യമാണ്. നീര ഉൽപ്പാദനരംഗത്ത് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനും, കേരളത്തിലെ ആദിവാസി മേഖലയായ ആറളം ഫാമിൽ ഒരു ദിവസം ഏകദേശം പതിനായിരം ലിറ്റർ നീര ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റും, ഇലത്തൂരിൽ പതിനായിരം ലിറ്റർ നീര ഉൽപ്പാദിപ്പിക്കാനുള്ള പ്ലാന്റും അതോടൊപ്പം ഒരു ദിവസം മുപ്പതിനായിരം ലിറ്റർ നീര ഉൽപ്പാദിപ്പിക്കാനുമുള്ള പ്ലാന്റും സജ്ജീകരിച്ചുവരികയാണ്. നീരയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ നീര മിഠായി തുടങ്ങിയ ഉൽപ്പന്നങ്ങളുണ്ടാക്കുമ്പോൾ കേരളത്തിലെ നാളികേര കർഷകർക്ക് അത് കൂടുതൽ ഉപയോഗപ്രദമായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാതെ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Mr. Speaker : Thank you, അങ്ങ് കറക്ട് സമയത്ത് നിർത്തി. അതിന് പ്രത്യേക അഭിനന്ദനങ്ങൾ പറയുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : നാളികേരത്തിന്റെ താങ്ങുവില കുറച്ചതായിട്ടുള്ള ഒരു പരമാർശം ഇന്ന് ചർച്ചയിൽ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് വളരെ

താല്പര്യപൂർവ്വമാണ് നാളികേരത്തിന്റെ താങ്ങുവില ഉയർത്തിയത്. താങ്ങുവില കുറച്ചെങ്കിൽ ഇത് ശരിയാണോ, അണെങ്കിൽ അങ്ങനെ കുറയ്ക്കാൻ പാടില്ല.

ശ്രീ. കെ. പി. മോഹനൻ : സർ, നാളികേരത്തിന് താങ്ങുവില വളരെ കുറവായിരുന്നു. നാലു രൂപയായിരുന്നു ഒരു നാളികേരത്തിനുണ്ടായിരുന്നത്. അതായത് രണ്ടര നാളികേരം ഒരു കിലോ. ഒരു കിലോ പച്ച തേങ്ങക്ക് 12/- രൂപയായിരുന്ന സമയത്താണ് ഞങ്ങൾ നാളികേര സംഭരണം കൃഷിഭവൻ മുഖാന്തിരം ആരംഭിച്ചത്. അത് 32/- രൂപവരെയെത്തി. ഇപ്പോൾ അത് കുറഞ്ഞ് 28/- രൂപയായി. എന്നാൽ കൃഷിഭവൻ മുഖേന 25/- രൂപയ്ക്കാണ് എടുക്കുന്നത്. കമ്പോള മാർക്കറ്റിൽ വില കുറഞ്ഞിട്ടുണ്ട്. ഏകദേശം ഒന്നോ രണ്ടോ മാസം വില കുറഞ്ഞെന്നിരിക്കും എന്നാൽ വീണ്ടും കൂടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഒരു കാരണവശാലും നാളികേരത്തിന് 25 /- രൂപയിൽ കുറയുന്ന പ്രശ്നമില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിനെ സംബന്ധിച്ച് വലിയ ചർച്ചകളൊന്നും ഉണ്ടായില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണിത്. എന്നാൽ വളരെയേറെ നെഗ്ലറ്റ് ചെയ്ത വിഭാഗമാണിത്. ആകെ 127 ഫയർ സ്റ്റേഷനുകളാണ് പ്രവർത്തിച്ചു വരുന്നത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം

പത്തനാപുരം, പീരുമേട്, കൊടുങ്ങല്ലൂർ, ഹരിപ്പാട്, വിതുര എന്നിവിടങ്ങളിൽ പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. കഴിഞ്ഞ ക്യാബിനറ്റിൽവച്ച് വൈക്കം കോന്നി, എരുമേലി, വേങ്ങര, പാനൂർ, വൈപ്പിൻ, ചവറ, തകഴി, അടിമാലി, നെയ്യാർ ഡാം എന്നിവയും മൂന്ന് സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളും അനുവദിച്ചു. തിരുവനന്തപുരത്ത് ചാലയിലും, എറണാകുളത്ത് ഹൈക്കോടതിയിലും, കോഴിക്കോട് മിഠായി തെരുവിലുമാണ് സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ അനുവദിച്ചത്. അതുപോലെ നമ്മുടെ ഫയർ ഫോഴ്സിന്റെ ഏറ്റവും വലിയ പ്രശ്നം ഫയർ സ്റ്റേഷനുകളിൽ ആവശ്യമായ ഉപകരണങ്ങൾ ഇല്ലെന്നുള്ളതാണ്. അതിനാവശ്യമായിട്ടുള്ള നടപടികൾ ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ട്. ഏതാണ്ട് 80 പുതിയ ഫയർ എഞ്ചിനുകൾ വിവിധ ഫയൽ സ്റ്റേഷനുകളിലേക്ക് റെഡിയായിട്ടുണ്ട്. അമ്പതോളം എണ്ണ ഡെലിവറി കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, നമ്മുടെ നാട്ടിൽ ധാരാളം ആളുകൾ വലിയ കെട്ടിടങ്ങൾ വയ്ക്കുന്നുണ്ട്. നാലു നിലയിൽ കൂടുതൽ നിലകളുള്ള ബിൽഡിംഗുകൾക്ക് ഫയർ ഫോഴ്സിൽ നിന്നും അനുവാദം കൊടുക്കുന്നില്ലെന്നൊരു തീരുമാനം വന്നിരിക്കുന്നത് നിർമ്മാണ മേഖലയിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഒരു തീരുമാനം ഗവൺമെന്റ് അറിഞ്ഞു കൊടുത്തതാണോ അതുപോലെ

സ്റ്റൈ ലിഫ്റ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ചർച്ചയിൽ പങ്കെടുത്ത ആരും ഇതുസംബന്ധിച്ച് സംസാരിച്ചില്ല എന്നുള്ളതുകൊണ്ടാണ് ചോദിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്.

ശ്രീ. വർക്കല കഹാർ : സർ, അറുപതോളം ബഹുനില ഫ്ലാറ്റുകൾക്ക് അനുമതി നിഷേധിച്ചിട്ടുണ്ട്. ഇത് മുഖ്യമന്ത്രി പറഞ്ഞതിന് വിരുദ്ധമായിട്ടുള്ള ഒരു നിലപാടാണ് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ സ്വീകരിച്ചിരിക്കുന്നത്. ബോംബെയിലും, ഇന്ത്യയിലെ മറ്റ് പല സ്ഥലങ്ങളിലും 40-തും, 50- തും നിലകൾ വരുന്ന സമയത്ത് നാലു നിലയിൽ കൂടുതൽ കെട്ടാൻ പാടില്ല എന്ന് പറഞ്ഞുകൊണ്ട് എൻ.ഒ.സി. നിഷേധിക്കാൻ ഇദ്ദേഹം ആരാണ്; ഇദ്ദേഹത്തിനുള്ള അധികാരം എന്താണ്? അത് ക്യാൻസൽ ചെയ്യണം. അതിനുമുകളിലാണ് ഗവൺമെന്റും മന്ത്രിയും. അതുകൊണ്ട് അത് ഒരു കാരണവശാലും അനുവദിക്കരുത്, ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട ബെന്നി ബെഹനാനും ശ്രീ. വർക്കല കഹാറും പറഞ്ഞത് ശരിയാണ്. ഇതുകാരണം പ്രായോഗികമായ

ബുദ്ധിമുട്ടുകൾ നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുണ്ട്. മുൻസിപ്പൽ റൂൾസും അതോടൊപ്പംതന്നെ നാഷണൽ ബിൽഡിംഗ് റൂൾസും അനുസരിച്ച് ഇവിടെ പറഞ്ഞതുപോലെ ഉപകരണങ്ങളുണ്ടാകണം. മാത്രമല്ല, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ചൂണ്ടിക്കാണിച്ചതുപോലെ ഹൈറെയ്സ്ഡ് ബിൽഡിംഗ്സിനാവശ്യമായ സേഫ്റ്റി നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അതിനാവശ്യമായ സ്കൈ ലിഫ്റ്റുകൾ വേണം. സത്യം പറഞ്ഞാൽ ഏതൊരു ആധുനിക രാജ്യത്താണെങ്കിലും ഏറ്റവും പ്രാധാന്യം കൊടുക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും നെഗ്ലറ്റ് ചെയ്ത ഒരു ഡിപ്പാർട്ടുമെന്റാണിത്. ഇങ്ങനെയൊരു ഉത്തരവ് കമാൻഡന്റ് ജനറൽ പുറപ്പെടുവിച്ചു എന്നുള്ളത് ശരിയാണ്. അത് റിവ്യൂ ചെയ്യുന്നുണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം പത്തോ പതിനഞ്ചോ ഇരുപതോ നിലകളുള്ള ഒരു കെട്ടിടത്തിൽ തീ പിടിച്ചാൽ ഇപ്പോൾ അണയ്ക്കാനുള്ള സംവിധാനം ഫയർ ഫോഴ്സിന്റെ കൈവശമില്ലെന്നുള്ളതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ദേശീയപാതയിൽ എപ്പോഴും ടാങ്കർ ലോറികളും ഗ്യാസ് ലോറികളും മറിയുന്നതുകൊണ്ട് വലിയ അപകടകരമായ അവസ്ഥ ഉണ്ടാകാറുണ്ട്. വാതക ചോർച്ച ഉണ്ടാകുന്നതുകൊണ്ട് വലിയ ഭീതി

ഉണ്ടാകാറുണ്ട്. പക്ഷേ, അതിനൊക്കെ പരിഹാരം കണ്ടെത്താനുള്ള എമർജൻസി റെസ്ക്യൂ വെഹിക്കിൾ പലപ്പോഴും മംഗലാപുരത്തു നിന്നും കോയമ്പത്തൂരിൽ നിന്നും വരേണ്ട ഒരു സാഹചര്യം നിലനിൽക്കുകയാണ്. കേരളത്തിൽ അതിനുള്ള സൗകര്യമില്ല. കുറെ നാളുകളായി നിയമസഭയിൽ ഇത് പറയുന്നതാണ്. ഐ.ഒ.സി. ആണ് ഇത് ചെയ്യേണ്ടതെന്ന് പല തവണ ആവർത്തിക്കുന്നതല്ലാതെ എന്തെങ്കിലും നടപടി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; ഇപ്പോഴും ടാങ്കർ ലോറികൾ ദേശീയ പാതയിൽ ഒരു ഭീതിയായി നിലനിൽക്കുകയാണ്. എമർജൻസി റെസ്ക്യൂ വെഹിക്കിൾ വാങ്ങാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇത് രണ്ടും രണ്ട് വിഷയമാണ്. നാഷണൽ ബിൽഡിംഗ് കോഡനുസരിച്ചാണ് കമാൻഡന്റ് ജനറൽ ഈ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്ത് പ്രായോഗികമായി വളരെയേറെ ബുദ്ധിമുട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയാണ് അഗ്നി ശമന ഉപകരണങ്ങൾ വാങ്ങുക എന്നുള്ളത്. അഗ്നി ശമന ഉപകരണങ്ങൾ സർക്കാർ വാങ്ങാത്തതുകൊണ്ട് ആരും മൂന്നരയിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ പണിയരുതെന്ന് പറയുന്നതിനകത്ത് ഒരു അപാകതയുണ്ട്. ഫയർ ഡിപ്പാർട്ടുമെന്റ് 175.64 കോടി രൂപയുടെ ഒരു എമർജൻസി ഗ്രാന്റിന്

ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റവും ആധുനികമായ സ്കൈ ലിഫ്റ്റ് വാങ്ങാനുള്ള ടെണ്ടർ നമ്മൾ പുറപ്പെടുവിച്ചിരുന്നു. ആ ടെണ്ടർ എടുക്കാൻ ആളില്ലായിരുന്നു. രണ്ടാമത് വീണ്ടും ഗ്ലോബൽ ടെണ്ടർ വിളിച്ചിട്ടുണ്ട്. എല്ലാ ഫയർ സ്റ്റേഷനുകളിലും ആംബുലൻസുകളും പുതിയ ജീപ്പുകളും കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 1233 ഫയർമാൻമാരുടെ ഒഴിവുകളുണ്ടായിരുന്നു. പി.എസ്.സി.-യിൽ നിന്നും അവരുടെ അഡ്വൈസ് മെമ്മോ ലഭിച്ചു. അവർക്ക് കേരള പോലീസ് അക്കാദമിയിൽ അവർക്ക് ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല വേക്കൻസി അനുസരിച്ച് പുതുതായി കൂടുതൽ ആളുകളെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി. ആയിട്ട് വരുന്ന ആളുകൾക്കുപകരം നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ ഒരു പ്രതിസന്ധി എന്നുപറയുന്നത് ശരിയാണ്. ദുരന്ത നിവാരണ ഏജൻസിയിൽ നിന്നും പണം നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തവണ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അടൂർ പ്രകാശ് നമുക്ക് കുറച്ച് പണം തന്നിട്ടുണ്ട്. സത്യം പറഞ്ഞാൽ ഈ തീപിടിത്തം ഒരു ദുരന്തമാണ്. അതുകൊണ്ട് അതിന് ആവശ്യമായ പണം ലഭിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള ബഡ്ജറ്റ് അലോക്കേഷൻ 18.5 കോടി രൂപയാണ്.

കഴിഞ്ഞ തവണ നിരന്തരമായുള്ള എന്റെ സമ്മർദ്ദത്തിന്റെ ഫലമായാണ് ധനകാര്യ വകുപ്പിൽ നിന്നും 18 കോടി രൂപ കൂടി അനുവദിച്ചതും അതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്യാൻ സാധിച്ചതും. 175 കോടി രൂപയുടെ വൺ ടൈം ഗ്രാന്റ് കിട്ടിയാൽ മാത്രമേ ഈ നാഷണൽ ബിൽഡിംഗ് റൂളനുസരിച്ചുള്ള നടപടികളുമായി നമുക്ക് മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. ശ്രീ. വർക്കല കഹാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കമാൻഡന്റ് ജനറലിന്റെ നിർദ്ദേശമുണ്ട്. അത് ഞങ്ങൾ പരിശോധിക്കും. എൻ.ഒ.സി.ക്ക് അപേക്ഷ കൊടുത്തിട്ടുള്ള എല്ലാവരുടെയും എൻ.ഒ.സി.കൾ കമാൻഡന്റ് ജനറൽ തിരിച്ചയയ്ക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു ചർച്ചയിലൂടെ പരിഹാരം കാണാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഫയർ സ്റ്റേഷൻ നിലവിലുള്ള എല്ലാ എം.എൽ.എ. മാർക്കും ഒരു കത്തയച്ചിരുന്നു. അത്യാവശ്യം വേണ്ട ഉപകരണങ്ങൾക്ക് എം.എൽ. എ. ഫണ്ടിൽ നിന്നോ ആസ്തി വികസന ഫണ്ടിൽ നിന്നോ ഉപകരണങ്ങൾ വാങ്ങാൻ സഹായിക്കണമെന്നുള്ള ഒരു അഭ്യർത്ഥന മുന്നോട്ടുവച്ചിട്ടുണ്ട്.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അടുത്തകാലത്തായി 13 ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ആംബുലൻസുകൾ വാങ്ങിയതു സംബന്ധിച്ച് അങ്ങ് പറഞ്ഞു. ആധുനിക ഉപകരണങ്ങളും വാഹനങ്ങളുമൊക്കെ ലഭിച്ചിട്ടുള്ളത് വളരെ ഉപകാരപ്രദമാണ്. എന്നാൽ കടുത്തുരുത്തിയിൽ കാലങ്ങൾ പഴക്കംചെന്ന ഒരു ആംബുലൻസാണുള്ളത്. അത്യാവശ്യ സന്ദർഭങ്ങളിൽ ഈ ആംബുലൻസ് വഴിയിലായിപ്പോകും. ഇങ്ങനെയുള്ള പ്രശ്നങ്ങൾ പല സ്ഥലത്തും ഉണ്ടാകുന്നുണ്ട്. ഉപയോഗപ്രദമല്ലാത്ത പഴയ ആംബുലൻസുകൾ മാറ്റി പുതിയത് നൽകാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ പഴയ ആംബുലൻസുകൾ റീപ്ലെയ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ കാര്യം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, മലയോരമേഖലയിൽ പ്രത്യേകിച്ച്, ഈരാറ്റുപേട്ട ഫയർ സ്റ്റേഷനിൽ ഒരു എഞ്ചിനും ഓടാത്ത അവസ്ഥയിലാണ്. അതുപോലെ എരുമേലിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുമെന്ന് മൂന്ന് വർഷമായി പറയുന്നുവെങ്കിലും ഇതുവരെയും ആരംഭിച്ചിട്ടില്ല. അതുപോലെ നാലിൽ കൂടുതൽ

നിലകളുള്ള കെട്ടിടങ്ങളിൽ തീപിടുത്തമുണ്ടായാൽ അവിടെയുള്ള ആൾക്കാരെ രക്ഷപ്പെടുത്തുന്നതിനായി ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇത് നമ്മൾ പല പ്രാവശ്യം ചർച്ച ചെയ്ത വിഷയമാണ്. കോടികൾ മുടക്കി കാര്യങ്ങൾ ചെയ്യുന്ന ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തീപിടുത്തമുണ്ടാകുന്ന സ്ഥലങ്ങളിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഒരു ഹെലികോപ്റ്റർ വാങ്ങാൻ എന്തിനാണ് മടിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ആക്സിഡന്റുണ്ടാകുമ്പോൾ എയർ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെന്റും ഹോം ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് പ്രൈവറ്റ് ഹെലികോപ്റ്റർ സർവ്വീസ് കേരളത്തിൽ ലഭ്യമാക്കാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് രണ്ട് ചർച്ചകൾ നടത്തിക്കഴിഞ്ഞു. അത് ഫൈനലൈസ് ചെയ്യാൻ കഴിഞ്ഞാൽ തീപിടുത്തം മാത്രമല്ല, അപകടങ്ങളുണ്ടാകുന്ന എല്ലാ സ്ഥലങ്ങളിലെയും വിക്ടിംസിന് വളരെ സഹായകരമാകും എന്നാണ് എന്റെ പ്രതീക്ഷ. ഈരാറ്റുപേട്ടയിൽ പുതിയ വാട്ടർ ടാങ്കർ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്നത് വളരെക്കാലത്തെ ഒരാവശ്യമാണ്. ഇതുവരെ സ്ഥലം ലഭ്യമായിരുന്നില്ല. എന്നാൽ

ഇപ്പോൾ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മഞ്ചേരിയുടെ ഹൃദയഭാഗത്ത് വിദ്യാഭ്യാസ വകുപ്പ് 50 സെന്റ് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. അതിന്റെ പ്ലാനും മറ്റ് കാര്യങ്ങളും തയ്യാറായിട്ടുണ്ട്. ബഡ്ജറ്റിൽ കാര്യമായ തുകയല്ലെങ്കിലും അത്യാവശ്യ തുക വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ടാങ്കർ ലോറികൾ മറിഞ്ഞാൽ ആ വാതകം നിർവീര്യമാക്കാൻ കഴിയാത്തത് വലിയ ഭീഷണിയാണ്. അതിനുള്ള വെഹിക്കിൾ നമുക്കില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മഞ്ചേരിയിലെ ഫയർ സ്റ്റേഷൻ നിർമ്മാണം പ്രയോറിറ്റി ലിസ്റ്റിലുള്ളതാണ്. ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ട് അഗ്നിബാധയോ മറ്റോ ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് അഗ്നിശമന ഡിപ്പാർട്ടുമെന്റിൽ ആവശ്യമായ വാട്ടർ ടെണ്ടറുകളും ഫയർ എഞ്ചിനുകളും എമർജൻസി ടെണ്ടറുകളുമുണ്ട്. എൽ.പി.ജി. ബുള്ളറ്റിൻ അപകടത്തിൽപ്പെടുമ്പോൾ എൽ.പി.ജി മറ്റ് ടാങ്കുകളിലേയ്ക്ക് പകരുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയോ ഭാരത് പെട്രോളിയം കോർപ്പറേഷന്റേയോ വിദഗ്ദ്ധരായ ആളുകൾ വന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. നമുക്ക് അതിനുള്ള സാങ്കേതിക

വൈദഗ്ദ്ധ്യമില്ല. പൊതുനിരത്തുകളിൽ ഓയിൽ ടാങ്കറിലുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിനായി ഇത് ജലമാർഗ്ഗം കൊണ്ടുപോകാൻ കഴിയുമോ, കൂടുതൽ ട്രാഫിക്കില്ലാത്ത രാത്രികാലങ്ങളിൽ കൊണ്ടുപോകാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതുപോലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ മറ്റ് പ്രധാനപ്പെട്ട പദ്ധതികൾ - ഒരു ദുരന്തമുണ്ടാകുമ്പോൾ മാത്രമാണ് ഇവരുടെ സേവനമുണ്ടാകുന്നത്. അല്ലാത്ത സമയങ്ങളിൽ idle ആയിട്ടിരിക്കുന്ന ഉദ്യോഗസ്ഥരെ ഉപയോഗിച്ച് നീന്തൽ പരിശീലനം വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ഫയർ അക്കാഡമിയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാട്ടുതീ നിയന്ത്രണത്തിനുവേണ്ടിയുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റ് സംവിധാനം ഇപ്പോൾ മൂന്ന് സ്ഥലത്ത് ആരംഭിക്കുകയാണ്. ആവശ്യമുണ്ടെങ്കിൽ മറ്റ് സ്ഥലങ്ങളിൽക്കൂടി ഈ സംവിധാനം ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. കമ്മ്യൂണിറ്റി സേഫ്റ്റി സ്ക്വാഡ് - തീപിടുത്തമുണ്ടായാൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് ജനങ്ങൾക്ക് അവബോധമില്ല. നീന്തൽ വശമില്ലാത്തതിനാൽ

നദികളിലും വെള്ളച്ചാട്ടങ്ങളിലും ആളുകൾ മുങ്ങിമരിക്കാറുണ്ട്. പുതിയ തലമുറയ്ക്ക് അവബോധം നൽകുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലെ ഉദ്യോഗസ്ഥൻമാർക്ക് നീന്തൽ പരിശീലനമുൾപ്പെടെയുള്ള കാര്യങ്ങളിൽ ട്രെയിനിംഗ് നൽകുന്ന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ സമൂഹത്തിന് ഏറ്റവും ആവശ്യമുള്ളതാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്. ഏതൊരു വികസിത രാജ്യത്തിലും ഏറ്റവും കൂടുതൽ മുൻഗണന നൽകുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് ഇത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കൂടുതൽ പ്രാധാന്യം നൽകി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനെ വികസിപ്പിക്കേണ്ടത് വളരെ  അത്യാവശ്യമാണ് എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിച്ച എല്ലാ അംഗങ്ങൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ 2013-14 വർഷത്തെ പദ്ധതിനിർവ്വഹണത്തിന്റെ കാര്യക്ഷമതയ്ക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഏർപ്പെടുത്തിയ അവാർഡുകളിൽ വ്യത്യസ്ത വിഭാഗങ്ങളിലായി പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് വിഭാഗത്തിന് ഒന്നാം സ്ഥാനവും കെട്ടിട

വിഭാഗത്തിന് മൂന്നാം സ്ഥാനവും നേടാനായത് വകുപ്പിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമാണ്. കഴിഞ്ഞ നാല് വർഷങ്ങളിലായി തുടക്കംകുറിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതോടൊപ്പം വരുന്ന ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന ഹ്രസ്വകാല പദ്ധതികളും ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. 7600 കിലോമീറ്റർ റോഡുകൾ മെച്ചപ്പെട്ട രീതിയിലാക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഇതിനായി 3000 കോടി രൂപയാണ് ചെലവഴിച്ചത്. സംസ്ഥാന ചരിത്രത്തിൽ ഏറ്റവും കൂടുതൽ പാലങ്ങൾ പൂർത്തീകരിച്ചതും ഈ സർക്കാരാണ്. 157 പാലങ്ങളാണ് നിർമ്മാണം പൂർത്തിയാക്കി ഇതുവരെ ഗതാഗതത്തിന് തുറന്നുകൊടുത്തത്. 400 ദിവസത്തിനുള്ളിൽ 100 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി 25 പാലങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന 75 പാലങ്ങൾ 9 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതാണ്. ആകെ 232 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ഈ സർക്കാർ സർവ്വകാല റെക്കോർഡ് സ്ഥാപിക്കുകയാണ്. 1500 കെട്ടിടങ്ങളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. ശ്രദ്ധേയമായ പുരോഗതിയാണ് ഈ രംഗത്ത് വകുപ്പ് കൈവരിച്ചിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യയുടെ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് റോഡ് നിർമ്മാണം

കോൺക്രീറ്റ് റോഡ്, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ്, റോഡുകൾക്ക് മിനിമം ഗ്യാരണ്ടി, ഗുണനിലവാരം സാക്ഷ്യപ്പെടുത്താൻ ക്വാളിറ്റി സർട്ടിഫിക്കേഷൻ, ഗ്രീൻ ബിൽഡിംഗ് പോളിസി, മാന്വൽ പരിഷ്കരണം, ഇ-ടെണ്ടറിംഗ്, പ്രീ-ഫാബ്രിക്കേറ്റിംഗ് ടെക്നോളജി, ഹെറിറ്റേജ് ബിൽഡിംഗ് സംരക്ഷണം, മാതൃകാ സുരക്ഷാ റോഡ്, യാത്രക്കാർക്കായി അമിനിറ്റീസ് സെന്റർ, തീർത്ഥാടനകേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ സമഗ്ര വികസനം എന്നിവ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരണത്തിന്റെ പാതയിലാണ്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലെയും അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് 2015-16 വർഷത്തെ സാമ്പത്തിക ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന്റെ ഭാഗമായി 21 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക ഏകദേശം 3771 കോടി രൂപയാണ്. സംസ്ഥാനത്ത് വിൽക്കുന്ന പെട്രോളിനും ഡീസലിനും ഒരു രൂപ നിരക്കിൽ ഈടാക്കുന്ന അധിക വിൽപ്പന നികുതിയുടെ 50 ശതമാനമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന അധിക വിൽപ്പന നികുതിയുടെ 50 ശതമാനം കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രതിവർഷം ഏകദേശം 2000 കോടി

രൂപയാണ് ഇങ്ങനെ ലഭ്യമാകുന്നത്. ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട പി. എ. മാധവൻ സൂചിപ്പിച്ച ഗുരുവായൂരിലേയ്ക്കുള്ള നാലുവരിപ്പാത ഈ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത് സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്, അതുപോലെ മലയോര ഹൈവേയും. ബഡ്ജറ്റ് വിഹിതത്തിലൂടെ നടപ്പാക്കാൻ ശ്രമിച്ചാൽ 25 വർഷം കൊണ്ട് മാത്രം പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികളാണ് ഇപ്രകാരം അധികവിഭവ സമാഹരണത്തിലൂടെ രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബി.ഒ.ടി., ആന്യൂറ്റി മാതൃകയിലോ ഇ.പി.സി. മാതൃകയിലോ ആണ് ഡി.എഫ്.ഐ., ഐ.പി. പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇവയിൽ ഗ്രാമീണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് അസിസ്റ്റന്റ്സ് (NIDA) സ്കീം മുഖേന ദീർഘകാല വായ്പ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. അതിന്റെ ചർച്ചകൾ ഈയാഴ്ച നടക്കുന്നതാണ്. സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി പി.പി.പി. ആന്യൂറ്റി വ്യവസ്ഥയിൽ 106 കിലോമീറ്റർ റോഡ് നിർമ്മാണത്തിന് 279 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി എന്ന നിലയിൽ 5 റോഡുകളാണ് ആദ്യം നിർമ്മിക്കുന്നത്. 6 മാസത്തിനുള്ളിൽ

നിർമ്മാണം തുടങ്ങും. മൂന്ന് ഘട്ടങ്ങളിലായി 984 കിലോമീറ്റർ റോഡുകൂടി ഇത്തരത്തിൽ നവീകരിക്കുന്നതാണ്. ദേശീയപാത പൂർണ്ണമായും കുഴിയില്ലാതാക്കുന്നതിനായി spot hole free എന്നൊരു പദ്ധതിക്ക് ദേശീയ പാതാ വിഭാഗം രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ദേശീയപാതയിലെ 283 കിലോമീറ്റർ 187 കോടി രൂപ ചെലവാക്കി പുതുക്കിപ്പണിയും. ഡിസംബർ മാസത്തിനുമുമ്പായി ഈ പണികൾ പൂർത്തിയാക്കും. സ്പീഡ് കേരള പരിപാടിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച, നാല് പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. പാലാരിവട്ടം ഫ്ലൈഓവറിന്റെ 40 ശതമാനം നിർമ്മാണ പുരോഗതി കൈവരിച്ചുകഴിഞ്ഞു. 2016 മാർച്ച് മാസത്തോടുകൂടിപദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള കോഴിക്കോട് ബൈപാസിന്റെ നിർമ്മാണം പുരോഗതി കൈവരിച്ച എന്നുമാത്രമല്ല, 2015 ഡിസംബറോടുകൂടി ബൈപാസ് ഗതാഗതത്തിന് തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. രാമപുരം-നാലമ്പലം-ദർശനം റോഡുകളുടെയും കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡിന്റെയും വികസന പ്രവർത്തനങ്ങളുടെ 40 ശതമാനം കഴിഞ്ഞു. 2015 ഡിസംബർ മാസത്തോടകൂടി അവ ഉദ്ഘാടനം ചെയ്യുന്നതാണ്. കൊച്ചിയിലെ ഇടപ്പള്ളി

ജംഗ്ഷനിൽ കേരളാ റോഡ് ഫണ്ട് ബോർഡിന്റെയും കൊച്ചി മെട്രോയുടെയും പങ്കാളിത്തത്തോടെ നിർമ്മിച്ചുവരുന്ന 108 കോടി രൂപ ചെലവുള്ള ഫ്ലൈ ഓവർ 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ തീർത്ഥാടകരുടെ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകുന്നുണ്ട്. ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സർക്കാർ ഇതുവരെ 413 കോടി രൂപ ചെലവഴിച്ചു. ശബരിമല റോഡുകളിൽ ഹെവി മെയിന്റനൻസ്, ദീർഘകാല പരിപാലന വ്യവസ്ഥയോടുകൂടിയുള്ള റോഡ് നിർമ്മാണം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. മണ്ഡലകാലത്തിന് മുമ്പായി ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ വർഷങ്ങളിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങളുടെ പാതയിലെ മറ്റൊരു നാഴികക്കല്ലാണ്. ദേവസ്വംബോർഡിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും അഭിനന്ദനം ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന് നേടാൻ സാധിച്ചു. കൂടാതെ 76 കോടി രൂപ ചെലവിൽ 115 കിലോമീറ്റർ ശബരിമല റോഡുകൾ കൂടി ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം ഈ വർഷം നവീകരിക്കുന്നതാണ്. റാന്നിയിൽ 11 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ശബരിമല തീർത്ഥാടകർക്കുള്ള പിൽഗ്രിം സെന്റർ ഉടൻ പൂർത്തിയാകുന്നതാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ

ബി.ഒ.റ്റി., ആന്യൂറ്റി മാതൃകയിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി മാതൃകാപദ്ധതിയായി പരിഗണിക്കാൻ കേന്ദ്ര നഗരകാര്യ മന്ത്രാലയം മറ്റ് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചത് നമുക്ക് ലഭിച്ച വലിയ അംഗീകാരമാണ്. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ മാതൃകയിൽ കോഴിക്കോട് നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. 693 കോടി രൂപ ചെലവുവരുന്ന 6 റോഡുകളാണ് 15 വർഷത്തെ പരിപാലന വ്യവസ്ഥയോടെ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ കരാർ ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ  ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്.  മറ്റ് പല സംസ്ഥാനങ്ങളും ഈ മാതൃകയിൽ വികസനം ആലോചിക്കുമ്പോൾ കേരളത്തിൽ  നഗരറോഡ് വികസന പദ്ധതി 5 നഗരങ്ങളിൽക്കൂടി വിഭാവന ചെയ്യുകയാണ്.  കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിലേയ്ക്കുകൂടി നഗരറോഡ് വികസന പദ്ധതികൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ബൈപ്പാസ്സുകളുടെ നിർമ്മാണത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഈ സർക്കാരിന്റെ  കാലത്ത് നടത്താൻ കഴിഞ്ഞു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലേറെയായി സ്ഥലം ഏറ്റെടുത്തിട്ടും നിർമ്മാണം തുടങ്ങാൻ കഴിയാതിരുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസ്സുകൾ ഈ സർക്കാരിന്റെ

ഇച്ഛാശക്തിയുടെ ഫലമായി യാഥാർത്ഥ്യമാവുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യപങ്കാളിത്തത്തോടെയാണ് ഇവയുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. രാജ്യത്ത് ആദ്യമായി പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കോഴിക്കോട് ബൈപ്പാസ് പൂർത്തിയായിവരികയാണ്. ദീർഘകാലമായി മുടങ്ങിക്കിടന്ന തിരുവനന്തപുരം ബൈപ്പാസ്സിന്റെ വികസനം യാഥാർത്ഥ്യമാവുകയാണ്. കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ബൈപ്പാസ്സിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാർ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു. മലബാറിന്റെ ചിരകാലാഭിലാഷമായ തലശ്ശേരി-മാഹി ബൈപ്പാസ് സംസ്ഥാന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൊടുങ്ങല്ലൂർ, കൽപ്പറ്റ, പാല ബൈപ്പാസ്സുകളുടെ പണി പൂർത്തിയായി. തൃപ്പൂണിത്തുറ, കണ്ണൂർ, കോതമംഗലം, തങ്കളം, കോഴിപ്പിള്ളി, തിരൂർ, പൊൻമണ്ടം, മൂടാൽ, കഞ്ഞിപ്പുര, ഓരാട്ടംപാലം, മാനത്തുമംഗലം, കക്കുത്ത്, അയർക്കുന്നം, കുറ്റില്ലം, അങ്കമാലി, താമരശ്ശേരി, സുൽത്താൻബത്തേരി, മൂവാറ്റുപുഴ, മണ്ണാർക്കാട് എന്നീ ബൈപ്പാസ്സുകളുടെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രൂക്ഷമായ ഗതാഗതക്കുരുക്ക്

അനുഭവപ്പെടുന്ന ആറ്റിങ്ങൽ ടൗണിലെ ദേശീയ പാതാവികസനത്തിനായി 22.75 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു, അതിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ഇപ്പോഴുള്ള സംസ്ഥാന പദ്ധതികൾക്കുപുറമേ രണ്ട് ദേശീയ പാതകൾ കൂടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അടൂരിനടുത്ത് ഭരണിക്കാവിൽ തുടങ്ങി പത്തനംതിട്ട- വടശ്ശേരിക്കര-ളാഹ വഴി വണ്ടിപ്പെരിയാറിൽ എത്തുന്ന ദേശീയപാത 183 എ, അടിമാലിയിൽ തുടങ്ങി ചെറുതോണി-പൈനാവ്-കട്ടപ്പന വഴി കുമളിയിൽ എത്തിച്ചേരുന്ന ദേശീയപാത 185 എന്നിവയാണ് സംസ്ഥാനത്തിന് ലഭിച്ച പുതിയ ദേശീയ പാതകൾ. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിലേയ്ക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദമായ രൂപരേഖയും നിർമ്മാണ നടപടിക്രമങ്ങൾക്കുമുള്ള ശിപാർശ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്. കഴിയുന്നത്രവേഗം അത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് എത്തിക്കുന്നതാണ്. പള്ളിപ്പുറത്ത് ലൈറ്റ് മെട്രോ ഡിപ്പോയ്ക്കുവേണ്ടി 25 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. തിരുവനന്തപുരം, കോഴിക്കോട് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭനടപടികളും ആരംഭിച്ചുകഴിഞ്ഞു. 22 കിലോമീറ്റർ ദൈർഘ്യവും 19

സ്റ്റേഷനുകളുമുള്ള തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ ഒന്നാംഘട്ടത്തിന്റെ അടങ്കൽ തുക 3453 കോടി രൂപയും 13.33 കിലോമീറ്റർ ദൈർഘ്യവും 14 സ്റ്റേഷനുകളുമുള്ള കോഴിക്കോട് ലൈറ്റ് മെട്രോയുടെ ഒന്നാംഘട്ടത്തിന്റെ അടങ്കൽ തുക 2057 കോടി രൂപയുമാണ്. 4 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്ത് കോർ റോഡ് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാന റോഡുകൾ തെരഞ്ഞെടുത്ത് അവയെ ഉന്നത നിലവാരത്തിൽ എത്തിക്കുകയെന്ന ദൗത്യം ഘട്ടംഘട്ടമായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളാണ് ആദ്യം ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന്റെ നിർണ്ണായകമായ പങ്ക് വഹിക്കുന്ന, ഏകദേശം 2810 കിലോമീറ്റർ റോഡുകൾ ഇപ്പോൾ സ്പീഡ് കേരള, കെ.എസ്.ടി.പി., എസ്.ആർ.ഐ.പി., സി.ആർ.എഫ്. എന്നീ പദ്ധതികളുടെ ആദ്യഘട്ടത്തിൽ വികസിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകുന്ന ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുകയാണ് സ്ട്രാറ്റജിക് റോഡ് നെറ്റ്‌വർക്ക് പദ്ധതിയുടെ ലക്ഷ്യം. സ്ട്രാറ്റജിക് റോഡ് നെറ്റ്‌വർക്ക്

തെരഞ്ഞെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്നതാണ്. ഈ ടീമിന് നേതൃത്വം നൽകാൻ പദ്ധതിയുടെ ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസർ എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും പ്രവർത്തനങ്ങൾ വ്യക്തമായി അറിയാവുന്ന പരിചയസമ്പന്നനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്. നഷ്ടപ്പെട്ടുവെന്ന് എല്ലാവരും കരുതിയ കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടം ലോകബാങ്ക് സഹായത്തോടെ വിജയകരമായി തുടങ്ങാൻ കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനമുണ്ട്. 6 പ്രധാന റോഡുകൾ 9 പാക്കേജുകളിലായി വികസിപ്പിക്കുന്ന 2403 കോടി രൂപയുടെ ഒരു പദ്ധതിയാണിത്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയാക്കി, കെ.എസ്.ടി.പി.യുടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ള 363

കിലോമീറ്റർ റോഡുകളാണ് നമുക്ക് ലഭ്യമാകുന്നത്. കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, ഏറ്റുമാനൂർ-മൂവാറ്റുപുഴ, പൊൻകുന്നം, തൊടുപുഴ എന്നീ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അടുത്തവർഷം ഇവ പൂർത്തിയാകും. ചെങ്ങന്നൂർ ഏറ്റുമാനൂർ തിരുവല്ല ബൈപ്പാസ് വികസന പ്രവർത്തനങ്ങളും ആരംഭിച്ചു. 2017-ൽ ഇവ പൂർത്തിയാകും. തലശ്ശേരി-വളവുപാറ റോഡിന്റെ ബാക്കിയുള്ള പണികൾ രണ്ട് പ്രവൃത്തികളായി ഈ മാസം ടെണ്ടർ ചെയ്യുന്നതാണ്. പുനലൂർ പൊൻകുന്നം റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കെ.എസ്.ടി.പി. പദ്ധതിയിൽ വികസിപ്പിച്ച കഴക്കൂട്ടം - അടൂർ റോഡ് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി മാതൃകാ സുരക്ഷാ പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തിവരുന്നു. 58 പുതിയ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ആർ.ബി.ഡി.സി.കെ. തുടക്കംകുറിച്ചു. ഇതിൽ 35 എണ്ണത്തിന്റെ പണി പൂർത്തിയായി. 5 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 മേൽപ്പാലങ്ങൾ പൂർത്തിയാക്കി. സീപോർട്ട്- എയർപോർട്ട് റോഡിന്റെ എച്ച്.എം.ടി. മുതൽ എൻ.എ.ഡി. വരെയുള്ള 2.7 കിലോമീറ്റർ 100

കോടി രൂപ മുടക്കി സ്ഥലം ഏറ്റെടുത്തു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് 35 കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി, പണി ഉടൻ തുടങ്ങുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, സീപോർട്ട് - എയർപോർട്ട് റോഡിനായി എൻ.എ.ഡി. വരെയുള്ള റോഡ് നിർമ്മാണത്തിന് പണം അനുവദിച്ചിട്ടുണ്ട്. എൻ.എ.ഡി. മുതൽ എയർപോർട്ട് വരെയുള്ള റോഡിന്റെ പണി പൂർത്തീകരിക്കണം. എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട വികസന പാതയാണിത്. അവിടെ രണ്ടുപാലങ്ങളുടെ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ ബാക്കി സ്ഥലം ഏറ്റെടുക്കാനും പണി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സീപോർട്ട് എയർപോർട്ട് റോഡിന്റെ അടുത്ത ഘട്ടം എൻ.എ.ഡി മുതൽ മഹിളാലയം ജംഗ്ഷൻ വരെയാണ്. മഹിളാലയം ജംഗ്ഷനിലും പെരിയാറിന് കുറുകെയും രണ്ട് പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. എൻ.എ.ഡി. മുതൽ നെടുമ്പാശ്ശേരി വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും എസ്റ്റിമേറ്റ് എടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി ബന്ധപ്പെട്ട ആളുകളുമായി സംസാരിച്ച് ഫണ്ട്

അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സി.ആർ.എഫ്. സഹായത്തോടെ കേരളത്തിലിപ്പോൾ 21 റോഡുകളുടെയും ഒരു പാലത്തിന്റെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 330 കിലോമീറ്റർ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയാണ് ഇപ്രകാരം 240 കോടി രൂപ ചെലവഴിച്ച് നടക്കുന്നത്. എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ ഒഴികെയുള്ള ദേശീയ പാതകൾ കോറിഡോർ പദ്ധതിയിലുൾപ്പെടുത്തി 2 വരിയായി വികസിപ്പിക്കുന്നതിന് 1000 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കും. കേന്ദ്ര റോഡ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് 16 റോഡുകളും 3 പാലങ്ങളും നിർമ്മിക്കുന്നതിന് 318 കോടി രൂപയുടെ പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 500 കിലോമീറ്റർ റോഡുകൾ ഏകദേശം 500 കോടി രൂപ ചെലവിൽ ഉന്നതഗുണനിലവാരമുള്ള ബി.എം. ആന്റ് ബി.സി. റോഡുകളായി നവീകരിക്കും. കോർപ്പറേഷനുകളുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവരുന്ന റോഡുകളുടെ വികസനത്തിനായി കഴിഞ്ഞ 4 വർഷത്തിനിടയിൽ 518 കോടി രൂപ അനുവദിച്ചിരുന്നു. ഗ്രാമീണ റോഡുകളുടെ വികസനത്തിനായി 400 കോടി രൂപകൂടി ഈ സർക്കാർ അനുവദിക്കുന്നതാണ്. സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി 984 കിലോമീറ്റർ വരുന്ന

സംസ്ഥാനത്തെ 5 റോഡുകൾ 3 ഘട്ടങ്ങളായി വികസിപ്പിക്കുന്ന 3706 കോടി രൂപയുടെ പദ്ധതി ഉടൻ തന്നെ ആരംഭിക്കും. 'ജൈക്ക'യുടെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പിൽവരുത്താനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിലെ 151 കിലോമീറ്റർ റോഡുകൾ ഓവർലേ ചെയ്യാൻ ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി 173.37 കോടി രൂപ ചെലവഴിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സാങ്കേതികമായ നടപടിക്രമങ്ങൾകൂടി പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാതകൾ എന്നീ വിഭാഗങ്ങളിലായി കരാറുകാർക്ക് 1700 കോടി രൂപയോളം ഇപ്പോൾ സർക്കാർ നൽകാനുണ്ട്. ഇത് ഘട്ടംഘട്ടമായി സമയബന്ധിതമായി കൊടുത്തുതീർക്കാമെന്ന് ധനകാര്യവകുപ്പ് സമ്മതിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, 3 എം.എൽ.എ.മാരുടെയും ബഹുമാനപ്പെട്ട മന്ത്രിമാരായ എ. പി. അനിൽകുമാറിന്റെയും മഞ്ഞളാംകുഴി അലിയുടെയും മണ്ഡലങ്ങളുടെ മധ്യത്തിൽ വരുന്നത് എന്റെ നിയോജക മണ്ഡലമായ മഞ്ചേരിയാണ്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്ന 11 കോടി രൂപ ചെലവുവരുന്ന വളരെ പ്രധാനപ്പെട്ട മേലാറ്റൂർ-കരുവാരക്കുണ്ട് റോഡിന്റെ നിർമ്മാണംകൂടി ഇതിൽ

ഉൾപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മേലാറ്റൂർ-കരുവാരക്കുണ്ട് റോഡിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കി പൂർത്തിയാക്കുന്നതാണ്. കൊല്ലം നഗരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആശ്രാമം ലിങ്ക് റോഡ്, തോപ്പിൽകടവ് വരെ എക്സ്റ്റന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിവരുന്നു. അതോടൊപ്പംതന്നെ കാലടി സമാന്തരപാലത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. അതിന്റെ അലൈൻമെന്റ് നിശ്ചയിച്ചു. ഇനി റിവൈസ്ഡ് എസ്റ്റിമേറ്റും റ്റി.എസ്.-ഉം നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കണം. ശ്രീ. സി. എഫ്. തോമസ് ഇവിടെ സൂചിപ്പിച്ച പ്രധാന സംഗതി റബ്ബറും പ്ലാസ്റ്റിക്കും റോഡ് നിർമ്മാണത്തിൽ കൂടുതലായി ഉപയോഗിക്കണമെന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുകയും ഇതിനകംതന്നെ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവ കൂടുതലായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 10 ശതമാനം പ്രൈസ് പ്രിഫറൻസ് ഈ ഗവൺമെന്റ് എടുത്തുകളഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. അജിത് അറിയാതെയാണ് ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത്. അതുപോലെതന്നെ ശ്രീ.

പാലോട് രവി സൂചിപ്പിച്ച നെടുമങ്ങാട്-വലിയമല, അതുപോലെതന്നെ എം.സി. റോഡിന് സമാന്തരമായി കിടക്കുന്ന പള്ളിമുക്ക്-കല്ലായം-നരിക്കല്ല്-കന്യാകുളങ്ങര റോഡ്, വാളിക്കോട് പാലം എന്നിവ സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതും നടപ്പിലാക്കുന്ന പ്രയോറിറ്റി ലിസ്റ്റിലുള്ളതുമാണ്. അതും നടപ്പിലാക്കുമെന്ന് ഈ അവസരത്തിൽ പറയുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഒരു പൊതുവിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ടെണ്ടർ സാങ്ഷൻ കമ്മിറ്റിയിൽ കടുത്തുരുത്തി മണ്ഡലത്തിൽനിന്നുള്ള ഒരു വർക്കുൾപ്പെടെ നടപ്പിലാക്കുന്നതിനുവേണ്ടി സാങ്ഷൻ കൊടുത്ത പ്രധാനപ്പെട്ട 5 വർക്കുകളുണ്ട്. അതിൽ എന്റെ മണ്ഡലത്തിലെ വർക്ക് 3 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും ആരും ഏറ്റെടുത്തില്ല. അതിനുശേഷം ക്വട്ടേഷനിൽ ആപ്ലിക്കേഷൻ വാങ്ങി അറേഞ്ച് ചെയ്ത വർക്ക് രണ്ട് വർഷം വിവിധ പരിശോധനകളെല്ലാം കഴിഞ്ഞതിനുശേഷമാണ് ഇപ്പോൾ സാങ്ഷനുവേണ്ടി ഫൈനലായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയിൽ വന്നത്. ഈ 5 വർക്കുകളും ഇപ്പോൾ റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചതായിട്ടാണ് മനസ്സിലാകുന്നത്. 3 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരുമെടുക്കാതെ ക്വട്ടേഷൻ വാങ്ങിയ വർക്കാണിത്. ഇപ്പോൾതന്നെ രണ്ട് വർഷം

നഷ്ടമായിരിക്കുകയാണ്. ഒരു വർക്ക് നിലനിൽക്കുന്നതുകൊണ്ട് ആ റോഡിന് ഒരു പാച്ച്വർക്ക് പോലും ചെയ്യാൻ സാധിക്കുന്നില്ല. സത്യത്തിൽ ഗവൺമെന്റ് ഇത് ക്യാബിനറ്റിൽവച്ച് പാസ്സാക്കിയില്ലെങ്കിൽ ഈ വർഷംകൂടി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, അതൊരു ഗുരുതരമായ പ്രശ്നമാണ്. ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയിൽ ഇതിനെതിരായി ശക്തമായ നിലപാടെടുക്കുന്നതുകൊണ്ട് നമ്മുടെ വർക്കുകളിൽ ഡിലേ വരുന്നുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രസ്തുത ഫയൽ പ്രത്യേകമായി ക്യാബിനറ്റിന്റെ പരിഗണനയ്ക്കുവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, മൂസിരീസ് നഗരമായ കൊടുങ്ങല്ലൂരിൽ എൻ.എച്ച്.17 -ന്റെ ഒരു ബൈപ്പാസ് പൂർത്തിയായി. ബാക്കിയുള്ള സർവ്വീസ് റോഡിന്റെ വർക്കുകൾകൂടി നടന്നുവരികയാണ്. 3.5 കിലോമീറ്റർ വരുന്ന ആ ബൈപ്പാസിനെ മൂസിരീസ് ഗ്രീൻ വേ (ഹരിത പാത)യായി പ്രഖ്യാപിക്കുകയുണ്ടായി. ആ മൂസരീസ് ഗ്രീൻ വേ, വി.എച്ച്.എസ്.സി.യുടെകൂടി സഹായത്തോടുകൂടി

ആവശ്യമായ ഹരിതവൽക്കരണം നടത്തുന്നതിനുവേണ്ടി എൻ.എച്ച്. താൽപ്പര്യമെടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ എം.എൽ.എ.യുടെ പിടിവാശികൊണ്ടാണ് അഡീഷണൽ ഫണ്ട് നാഷണൽ ഹൈവേയിൽനിന്ന് അനുവദിപ്പിച്ച് സൈഡ് റോഡും സർവ്വീസ് റോഡും അവിടെ അനുവദിക്കാൻ സാധിച്ചത്. തീർച്ചയായും അതൊരു ഗ്രീൻവേയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കും. കേന്ദ്ര ഗവൺമെന്റ് തുക അനുവദിച്ചില്ലെങ്കിലും പ്ലാൻ ഫണ്ടിൽനിന്നോ നോൺ പ്ലാൻ ഫണ്ടിൽനിന്നോ അതിനുള്ള പണം കണ്ടെത്തി അതൊരു ഗ്രീൻവേ ആക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിലുള്ള കാലതാമസം, ഇപ്പോൾ ഒരു കരാറുകാരനിൽനിന്ന് ടെണ്ടർ ക്ഷണിച്ച് 3 മാസത്തിനകം അതുസംബന്ധിച്ച് അയാൾക്ക് കൺഫർമേഷൻ കിട്ടിയില്ലെങ്കിൽ കരാറുകാരന് ആ ടെണ്ടർ പിൻവലിക്കാം. തിരുവനന്തപുരം ചീഫ് എഞ്ചിനീയർക്കോ അല്ലെങ്കിൽ ഗവൺമെന്റിലേയ്ക്കോ ഒരു ഫയൽ അയച്ചാൽ ടെണ്ടർ കമ്മിറ്റി സമയത്തിന് ചേരാത്തതുകൊണ്ട് ബിൽഡിംഗ് പോലുള്ള

വർക്കുകളിൽനിന്നൊക്കെ കരാറുകാരൻ ഒഴിവാകുകയും വീണ്ടും ടെണ്ടർ ചെയ്യുകയും വീണ്ടും കരാറുകാരൻ പിൻവാങ്ങുകയും ചെയ്യുന്ന ഈ കാലതാമസം, ടെണ്ടർ കമ്മിറ്റി ചേരാത്തതുകൊണ്ട് സാങ്ഷൻ ലഭിക്കാത്തതിന്റെ പേരിൽ വർക്കുകൾ പെന്റിംഗിലാകുന്നു. ടെണ്ടർ കമ്മിറ്റി യഥാസമയം ചേരുന്നതിനുള്ള ഒരു മാനദണ്ഡം ഉണ്ടാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ടെണ്ടർ കമ്മിറ്റി എല്ലാ മാസവും ചേരാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചീഫ് സെക്രട്ടറിക്കും പി.ഡബ്ല്യൂ.ഡി. സെക്രട്ടറിക്കും ഫിനാൻസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിക്കും അനുസംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എന്റെ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 117 കോടി രൂപ അനുവദിച്ചുകൊണ്ടാണ് വെങ്കളം മുതൽ കൊച്ചിവരെയുള്ള തീരദേശ റോഡിന്റെ പണി ആരംഭിച്ചത്. ബഹുമാനപ്പെട്ട അംഗം അബ്ദുറഹിമാൻ രണ്ടത്താണിയുടെ മണ്ഡലത്തിൽ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ

സാധിച്ചില്ല. ബഹുമാനപ്പെട്ട എം.എൽ.എ.മാർ ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു താൽപ്പര്യമെടുക്കേണ്ടതാണ്. ഗവൺമെന്റ് വളരെ താൽപ്പര്യമെടുക്കുന്ന ഒരു വിഷയമാണ് തീരദേശ ഹൈവേയുടെ നിർമ്മാണം. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഞാൻ ഇനി ദീർഘിപ്പിക്കുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം നേരത്തെ പറയാൻ വിട്ടുപോയതാണ്. കാർഷികനയത്തെക്കുറിച്ച് ഇവിടെ എല്ലാവരും ചർച്ചയിൽ പറഞ്ഞതാണ്. കാർഷിക മേഖലയുടെ ശക്തിസ്രോതസ്സായ കർഷകരുടെ ക്ഷേമവും ജീവിത സുരക്ഷയും ഉറപ്പുവരുത്തിയാൽ മാത്രമെ കാർഷികമേഖലയുടെ സമഗ്ര വികസനം പൂർത്തിയാകുകയുള്ളൂ എന്നുമനസ്സിലാക്കിയ ഈ സർക്കാർ കാർഷിക വികസന നയം നടപ്പിലാക്കുകയാണ്. നെൽവയൽ നീർത്തടം ശക്തിപ്പെടുത്തുക, കർഷകർക്ക് അവകാശലാഭം ലഭ്യമാക്കൽ, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഇൻകം ഗ്യാരന്റി നടപ്പിലാക്കുക, കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുക, കടക്കെണിയിലായ കർഷകരെ സഹായിക്കാൻ വായ്പാ സമാശ്വാസ ഫണ്ട് നടപ്പിലാക്കുക, കൃഷിഭൂമിയുടെ ക്രയവിക്രയം കൃഷിക്കാർക്ക്

കൃഷിയാവശ്യങ്ങൾക്ക് മാത്രമായി ക്ലിപ്തപ്പെടുത്തുക തുടങ്ങിയ വിവിധ ആവശ്യങ്ങളിലൂടെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിതരണം, കാർഷിക വിദ്യാഭ്യാസം, ഗവേഷണം തുടങ്ങിയ വൈവിധ്യമേറിയ പ്രശ്നങ്ങളെ അനുവർത്തിക്കേണ്ട നയരൂപീകരണത്തിനായി കാർഷിക നയം ഈ സർക്കാർ തയ്യാറാക്കി നടപ്പിലാക്കുകയാണ്. കർഷകൻകൂടിയായ മുൻ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടി, മുൻ കൃഷി ഡയറക്ടർ ആർ. ഹേലി തുടങ്ങിയവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കാർഷിക നയം ജനപ്രതിനിധികളുടെയും കർഷകരുടെയും സജീവമായ ചർച്ചകൾക്ക് ഇന്ന് കേരളത്തിലെ കാർഷിക മേഖല ഏറ്റുവാങ്ങിയിരിക്കുകയാണ്. ഇതിൽ പ്രധാനമായിട്ടുള്ളത് പരമ്പരാഗത കൃഷി രീതിയിൽനിന്നും കേരളം ഏറെ പുരോഗമിച്ചിട്ടുണ്ടെന്നുള്ളതാണ്. കൃഷിസ്ഥലത്തിന്റെ വിസ്തൃതിയി ലുണ്ടായിരിക്കുന്ന കുറവ്, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് തുടങ്ങിയ വെല്ലുവിളികളെ നേരിടുവാൻ സംസ്ഥാനം പുതിയ നയസമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമെ ഭക്ഷ്യ സുരക്ഷ കൈവരിക്കാനാകൂ എന്ന് മനസ്സിലാക്കി കർഷക ക്ഷേമ ബോർഡ് രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചു. 28.03.2015-ലെ സർക്കാർ

ഉത്തരവുപ്രകാരം ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം നമ്മുടെ പ്രാദേശിക ഭൂപ്രദേശ സൂചികകളായി (geographical indication) രജിസ്റ്റർ ചെയ്ത കാർഷിക ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡായി വിപണനം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ എറണാകുളം ഭാഗത്തുള്ള പൊക്കാളി അരി, കണ്ണൂർ ഭാഗത്തുള്ള കയ്പാട് അരി, ഞവര അരി, പാലക്കാടൻ മട്ട, മദ്ധ്യതിരുവിതാംകൂർ ശർക്കര, വാഴക്കുളം പൈനാപ്പിൾ, ചങ്ങാലിക്കോടൻ നേന്ത്രൻ എന്നിവയ്ക്ക് അവയുടെ മൂല്യത്തിനനുസരിച്ച് വിപണി കണ്ടെത്തുവാൻ താരതമ്യേന ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആയതിനാൽ ഈ മേഖലയിലെ കർഷകർക്ക് പ്രോത്സാഹനം നൽകാനും ഇത്തരം കൃഷിയെ സംരക്ഷിക്കാനും ഈ ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനമായ ഓയിൽപാം ഇന്ത്യ മുഖാന്തിരം സംഭരിച്ച് പ്രത്യേക ബ്രാൻഡായി വിപണനം നടത്തുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഇങ്ങനെ കൃഷി ചെയ്യുന്ന കർഷകർക്ക് കൂടുതൽ മൂല്യവും വിലയും ലഭ്യമാക്കുകയാണ് ലക്ഷ്യം.

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ

ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................................

പ്രതികൂലിക്കുന്നവർ................................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................................

പ്രതികൂലിക്കുന്നവർ................................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 08-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)

*********